# الصيام و أحكامها

## الجزء الأول

الإعداد

محمد شفيق ممتال

# നോമ്പും വിധിവിലക്കുകളും

## ഭാഗം ഒന്ന്

ക്രോഡീകരണം

മുഹമ്മദ് ശഫീഖ് ( മദീന )

<u>താളുകളിൽ</u>

1. **ആമുഖം........................................................ 6**
- ഇബാദത്തുകൾ സ്വീകാര്യയോഗ്യമാകാനുള്ള നിബന്ധനകൾ .....6
- ഇബാദത്തിന്റെ അടിസ്ഥാന ഘടകങ്ങൾ.................. ..........8

2. **നോമ്പും വിധിവിലക്കുകളും...................................12**
- നോമ്പിന്റെ നിർവചനം........................................ ..13
- നോമ്പിന്റെ മറ്റു നാമങ്ങൾ..................... ............... ......13
- നോമ്പിന്റെ സവിശേഷതകൾ...................... ................14

3. **നോമ്പിന്റെ ശ്രേഷ്ഠതകൾ...................... ............. 15**

നോമ്പിന്റെ ഇനങ്ങൾ................................. ..........19

4. **റമദാൻ ആഗതമാകുന്നതിനു മുമ്പേ................. .......... 22**
- ശഅ്ബാനിൽ ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ-............23
- ശഅ്ബാൻ പകുതിയുടെ (പതിനഞ്ചാം) രാവ്...................26

5. **റമദാൻ മാസത്തിന്റെ ശ്രേഷ്ഠതകൾ.............................29**
6. **മാസപ്പിറവിയുമായി ബന്ധപ്പെട്ട മസ്അലകൾ...................31**
- എപ്പോഴാണ് റമദാൻ നോമ്പ് നിർബന്ധമാകുന്നത്............... 31
- മാസപ്പിറവി ഒരു നാട്ടിൽ കണ്ടാൽ മതിയോ അതല്ല എല്ലാ നാട്ടിലും കാണേണ്ടതുണ്ടോ ? ................................. 32

7. **നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ..................34**
- ആർക്കൊക്കെയാണ് നോമ്പ് നിർബന്ധം ?..............................34
- പകൽ മുഴുവനും ഉറങ്ങിയവന്റെ നോമ്പ് ....................37

8. **നോമ്പ് സ്വീകാര്യയോഗ്യമാകാനുള്ള നിബന്ധന ..............40**
9. **നിയ്യത്തുമായി ബന്ധപ്പെട്ട മസ്അലകൾ........................43**
- നോമ്പിന്റെ സമയം............................................43
- നിയ്യത്തിൽ പ്രത്യേകമായി എന്തെങ്കിലും നിർണയിക്കേണ്ടതുണ്ടോ ?......43
- നിയ്യത്ത് ചൊല്ലി പറയാമോ ? .......................................44
- നിർബന്ധ നോമ്പിന്റെ നിയ്യത്ത് എപ്പോഴാണ് കരുതേണ്ടത്.........45
- റമളാൻ മാസത്തിലെ നോമ്പിൽ എല്ലാ ഓരോ രാത്രിയിലും

നിയ്യത്ത് ചെയ്യേണ്ടതുണ്ടോ ? അതല്ല റമദാൻ മാസത്തിൽ ആദ്യത്തിൽ മാത്രം ചെയ്താൽ മതിയോ ? ........................46
- ആർത്തവക്കാരി രക്തം നിൽക്കുന്നത് മുൻപേ നാളെ 'ഞാൻ നോമ്പുകാരിയാണെന്ന് ' ഫജറിന് മുൻപേ കരുതിയാലുള്ളവിധി ? .....47

10. **റമദാനിൽ നോമ്പ് ഒഴിവാക്കാൻ ഇളവ് നൽകപ്പെട്ടവർ..........49**
- എപ്പോഴാണ് രോഗശമനം പ്രതീക്ഷയുള്ളവർക്ക് നോമ്പ് ഒഴിവാക്കാൻ അനുവാദം.......................................50
- പാവപ്പെട്ടവന് ഭക്ഷണം കൊടുക്കൽ ................................51
- നോമ്പുകാരായ യാത്രക്കാരുമായി ബന്ധപ്പെട്ട മസ്അലകൾ........53
- നോമ്പ് ഒഴിവാക്കൽ അനുവദനീയമായ യാത്രക്കാരുടെ യാത്രാ ദൂരത്തിന്റെ പരിധി എത്രയാണ്. ? ..................................53
- രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവരും വൃദ്ധന്മാരും.........57
- ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കുമുള്ള വിധി...................58
- ആർത്തവകാരികളും പ്രസവരക്തം ഒഴുകുന്നതുമായ സ്ത്രീകൾ.....60
-

11. **നോമ്പ് മുറിയുന്ന കാര്യങ്ങൾ..........................................62**
- മറന്നുകൊണ്ട് തിന്നുകയും കൊടുക്കുകയും ചെയ്താലുള്ള വിധി? ...........................................................64
- മൂക്കിൽ മരുന്നിറ്റിച്ചാൽ നോമ്പ് മുറിയുമോ ........................64
- ഇഞ്ചക്ഷൻ , ട്രിപ്പ് പോലെയുള്ള ഉപയോഗിച്ച് നാഡിനിരമ്പുകളിൽ കൂടി ശരീരത്തിൽ മരുന്ന് പ്രവേശിപ്പിച്ചാൽ നോമ്പ് മുറിയുമോ?.......64
- കണ്ണിൽ സുറുമ ഇട്ടാൽ നോമ്പ്മുറിയുമോ?........................65
- നോമ്പുകാർക്ക് പാകം ചെയ്യുമ്പോൾ ഭക്ഷണത്തിന്റെ രുചി നോക്കാമോ ? ..................................................65
- ഉമിനീര് ഇറക്കിയാൽ നോമ്പ് മുറിയുമോ?. ..........................65
- പല്ലിൽ നിന്നും മോണയിൽ നിന്നുംവരുന്ന രക്തം ഇറക്കിയാൽ നോമ്പ് മുറിയുമോ?. ................................................66
- പല്ലിനിടയിൽ കുടുങ്ങിയ ഭക്ഷണപദാർത്ഥത്തിന്റെ അവശിഷ്ടങ്ങൾ ഇറക്കിയാൽ നോമ്പ് മുറിയുമോ? ....................................66
- കാതിൽ മരുന്നു തുള്ളികൾ ഉറ്റിച്ചാൽ നോമ്പ് മുറിയുമോ ? ......68
- കുപ്ലിച്ച വെള്ളത്തിൻറെ അംശം ഉമിനീരിനോടൊപ്പം ഇറക്കി പോയാൽ നോമ്പ് മുറിയുമോ?.............................................68

- റമദാൻ മാസത്തിലെ പകലിൽ നോമ്പിലായിരിക്കെ സംയോഗം ചെയ്താൽ........................................ .69
- കഫ്ഫാറത്ത്................................................... .. ..69
- സ്വപ്ന സ്ഖലനം സംഭവിച്ചാൽ നോമ്പ് മുറിയുമോ. ? ......... 72
- മനപ്പൂർവ്വം ഛർദിച്ചാൽ നോമ്പ് മുറിയുമോ. ? .....................73

**12. നോമ്പുകാരൻ വർജിക്കേണ്ട കാര്യങ്ങൾ........................75**

**13. നോമ്പുമായി ബന്ധപ്പെട്ട സുന്നത്തുകൾ .......................78**

- അത്താഴം കഴിച്ചുകൊണ്ടിരിക്കെ ബാങ്കുവിളിച്ചാൽ കയ്യിലെടുത്ത ഭക്ഷണസാധനങ്ങൾ മുഴുവനാക്കാവുന്നതാണ്...80

**14. നോമ്പുകാരന് അനുവദനീയമായ കാര്യങ്ങൾ ..................85**

**15. ഖദാഅ് വീട്ടൽ .................................................88**

- ഒരാൾ റമദാനിൽ നോമ്പ് അടുത്ത റമദാൻ വരെയും ഖദാഅ് വീട്ടിയിട്ടില്ലെങ്കിലുള്ള വിധി? ........................................89
- റമദാൻ നോമ്പ് ഖദാഅ് വീട്ടുന്നതിന് മുൻപേ സുന്നത്ത് നോമ്പ് നോൽക്കാമോ? .............................................90
- സുന്നത്തായ നോമ്പും ഫർളായ ഖദാഅ് വീട്ടാനുള്ള നോമ്പും ഒരുമിച്ചു നോക്കാമോ? ..........................................91
- നോമ്പ് ഖദാഅ് വീട്ടാൻ ഉണ്ടായിരിക്കെ ഒരാൾ മരണപ്പെട്ടാൽ.......91


............

## ഭാഗം ഒന്ന്

# أحكام الصيام

# നോമ്പിന്റെ വിധിവിലക്കുകൾ

بسم الله الرحمن الرحيم

الحمد لله رب العالمين ، و العاقبة للمتقين، ولا عدوان إلا على الظالمين،ولا حول ولا قوة إلا بالله العظيم، وأشهد أن لا إله إلا الله وحده لا شريك له، و أشهد أن محمدا عبده و رسوله. صلى الله عليه و على آله و أصحابه أجمعين ، أما بعد

فهذا ما جمعنا من مسائل متعلقة بأحكام الصيام من دروس و مؤلفات مشايخنا و مشايخ مشايخهم ( حفظهم الله و رحم من توفي منهم ).

نفع الله بهذا لنا و المسلمين .

# ആമുഖം

മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമായി അല്ലാഹു പറഞ്ഞു

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ۝٥٦﴾ [الذاريات: ٥٦]

"ജിന്നുകളെയും മനുഷ്യരെയും എന്നെ ഇബാദത്ത് ചെയ്യാൻ വേണ്ടി അല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല " (الذاريات: 56)

പരിശുദ്ധ റമദാനിലെ നോമ്പിന്റെ വിധിവിലക്കുകൾ മനസ്സിലാക്കുന്നതിനു മുൻപ് എല്ലാ ഇബാദത്തുകളിലും നാം ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ അറിയേണ്ടതുണ്ട്.

**ഇബാദത്തുകൾ സ്വീകാര്യയോഗ്യമാകാനുള്ള രണ്ട് നിബന്ധനകൾ**

1. ഇഖ്ലാസ് (الإخلاص) : എല്ലാ ഇബാദത്തുകളും അല്ലാഹുവിനു വേണ്ടി മാത്രമാക്കുക

ഇബാദത്തുകളിൽ വലിയ ശിർക്കോ (അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുക, അല്ലാഹു അല്ലാത്തവരുടെ പേരിൽ നേർച്ചയാക്കുക പോലെയുള്ളത് )ചെറിയ ശിർക്കോ ( ജനങ്ങളെ കാണിക്കുവാൻ വേണ്ടി അമലുകൾ ചെയ്യുക പോലെയുള്ളത് ) ഇല്ലാതിരിക്കുക എന്നതാണ് ഇഖ്ലാസ് കൊണ്ടുള്ള വിവക്ഷ.

2. മുത്താബഅത്തുൽ റസൂൽ—متابعة الرسول : റസൂലിന്റെ സുന്നത്തിനോട് ( അല്ലാഹുവും റസൂലും നിയമമാക്കിയതിനോട്) യോജിച്ചുവരിക.
നബിയുടെ വഫാത്തിന് ശേഷം റസൂലിന്റെ സുന്നത്തു കൊണ്ട് ഉദ്ദേശിക്കുന്നത് സ്ഥിരപ്പെട്ടു വന്ന ഹദീസുകളാണ് . അത് സ്വഹാബാക്കളടങ്ങുന്ന സലഫുകൾ മനസ്സിലാക്കിയത് പോലെ പിൻപറ്റണം.

قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ.......و إياكم و محدثات الأمور ، فإن كل محدثة بدعة و كل بدعة ضلالة (الطبراني ) [1]

[1] المعجم الكبير للطبراني " ( ١٨ / ٢٤٨ / ٦٢٣ )

നബി ﷺ പറഞ്ഞു ......(ദീനിൽ)പുതുനിർമ്മിതമായ കാര്യങ്ങളെ നിങ്ങ ൾ സൂക്ഷിക്കുക എല്ലാ പുതു നിർമ്മിതമായ കാര്യങ്ങളും ബിദ്അത്താണ് .എല്ലാ ബിദ്അത്തുകളും (പുത്തനാചാരങ്ങളും)വഴികേടാണ്.

ഇവ രണ്ടും അമലുകൾ സ്വീകരിക്കപ്പെടാനുള്ള അടിസ്ഥാനങ്ങളാണ് .

അല്ലാഹു പറഞ്ഞു :

﴿فَمَن كَانَ يَرْجُواْ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا ۝١١٠﴾ سورة الكهف : ١١٠

അതിനാൽ വല്ലവനും തന്റെ റബ്ബുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും,തന്റെ റബ്ബിനുള്ള ഇബാദത്തിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ ( سورة الكهف : ١١٠ )

**عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ» متفق عليه**[٢]

നബി ﷺ പറഞ്ഞു(ഇബാദത്തിൽ)നമ്മുടെ കൽപ്പന ഇല്ലാത്ത എന്തെങ്കിലും ഒരു കാര്യം ഒരാൾ ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്.(ബുഖാരി,മുസ്ലിം )

*നമ്മുടെ നോമ്പ് അല്ലാഹുവും റസൂലും പഠിപ്പിച്ചത് പോലെയാവാൻ വേണ്ടിയാണ്* നോമ്പിന്റെ *വിധിവിലക്കുകളുമായി ബന്ധപ്പെട്ട ഈ പഠനം.*

*അല്ലാഹുവും റസൂലും പഠിപ്പിച്ചത് പോലെ പരിപൂർണ്ണമായ ഇഖ്ലാസോടുകൂടി എല്ലാ ഇബാദത്തുകളും ചെയ്യാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ... ആമീൻ.*

പലപ്പോഴും നമ്മുടെ ഇബാദത്തുകൾ പ്രത്യേകിച്ച് നിസ്കാരവും നോമ്പുമൊക്കെ യാന്ത്രികമായി ചെയ്യുന്ന കേവലം ചില പ്രവർത്തനം

---

[٢] أخرجه البخاري (٢٦٩٧)، ومسلم (١٧١٨، ١٧)

മാത്രമായി ചുരുങ്ങാറുണ്ട്. അല്ലാഹു സ്വീകരിക്കുന്ന ഇബാദത്തായി മാറ ണമെങ്കിൽ ചില അടിസ്ഥാന കാര്യങ്ങൾ കൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്.

പണ്ഡിതന്മാർ ഇബാദത്തിന്റെ അടിസ്ഥാന ഘടകങ്ങളായി മൂന്നു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

## ഇബാദത്തിന്റെ അടിസ്ഥാന ഘടകങ്ങൾ

1. പരിപൂർണ്ണ സ്നേഹം.
2. അല്ലാഹുവിലുള്ള പ്രതീക്ഷ
3. അല്ലാഹുവിലുള്ള ഭയം

മസ്ജിദുന്നബവിയിലെ പ്രഗൽഭ പണ്ഡിതനായ അബ്ദു റസാഖ് അൽ ബദർ حفظه الله വിവരിക്കുന്നു

അല്ലാഹുവിനോടുള്ള പരിപൂർണമായ സ്നേഹത്താലും, അവന്റെ പ്രതി ഫലങ്ങളിലുള്ള ഉറച്ച പ്രതീക്ഷയിലും അവന്റെ ശിക്ഷയെ കുറിച്ചുള്ള ഭയപ്പാടിലുമായി കൊണ്ടാണ് അവനെ ഇബാദത്ത് ചെയ്യേണ്ടത്.

ഈ മൂന്നു കാര്യങ്ങളും അല്ലാഹു അവന്റെ പരിശുദ്ധ ഖുർആനിൽ ഒരു അധ്യായത്തിൽ ഒരുമിച്ചു പറഞ്ഞിരിക്കുന്നു

**وقد جمع الله تبارك وتعالى بين هذه الأركان الثلاثة في سورة الفاتحة التي هي أفضل سور القرآن، فقوله سبحانه: {الحَمْدُ للهِ رَبِّ العَالَمِينَ} فيه المحبّة؛ لأنَّ الله منعم، والمنعم يُحب على قدر إنعامه؛ ولأنَّ الحمد هو المدح مع الحبّ للممدوح. وقوله: {الرَّحْمَنِ الرَّحِيمِ} فيه الرجاء، فالمؤمن يرجو رحمة الله ويطمع في نيلها، وقوله: {مَالِكِ يَوْمِ الدِّينِ} فيه الخوف، ويوم الدّين هو يوم الجزاء والحساب، ثمّ قال تعالى: {إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ} أي أعبدك يا ربّ بما مضى بهذه الثلاث: بمحبّتك ورجائك وخوفك،......**[٣]

ഈ മൂന്ന് അടിസ്ഥാനഘടകങ്ങളും അല്ലാഹു ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായ സൂറത്തുൽ ഫാത്തിഹയിൽ ഒരുമിച്ചു പറഞ്ഞിരിക്കുന്നു.

﴿ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ﴾ " സർവ്വസ്തുതിയും സർവ്വലോകങ്ങളുടെയും റ ബ്ബായ അല്ലാഹുവിനാകുന്നു ."

ഈ ആയത്തിൽ '' സ്നേഹം'' അടങ്ങിയിട്ടുണ്ട് കാരണം അല്ലാഹു വാണ് എല്ലാ അനുഗ്രഹങ്ങളും നൽകുന്നവൻ, നൽകിയ അനുഗ്രഹങ്ങ ളുടെ തോതനുസരിച്ച് അനുഗ്രഹം നൽകിയവൻ സ്നേഹിക്കപ്പെടുമെന്ന് മാത്രമല്ല 'ഹംദ് 'എന്നാൽ സ്നേഹത്തോടുകൂടിയുള്ള പുകഴ്ത്തലാണ്.

---

٣ «فقه الأدعية والأذكار» (١/ ١٠٩)

﴿ٱلرَّحۡمَٰنِ ٱلرَّحِيمِ﴾ "പരമകാരുണികനും കരുണാനിധിയും".
ഈ ആയത്തിൽ ''പ്രതീക്ഷ'' അടങ്ങിയിട്ടുണ്ട് കാരണം ഒരു മുഅ്മീൻ അല്ലാഹുവിന്റെ റഹ്മത്തിനെ പ്രതീക്ഷിക്കുകയും അത് ലഭിക്കുവാൻ അങ്ങേയറ്റം ആശിക്കുകയും ചെയ്യുന്നു.

﴿مَٰلِكِ يَوۡمِ ٱلدِّينِ﴾ "പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥനുമായ (അല്ലാഹുവിന്."
ഈ ആയത്തിൽ ''ഭയം'' അടങ്ങിയിട്ടുണ്ട് യൗമുദ്ധീൻ എന്നാൽ പ്രതിഫല ദിനം എന്നാണ് , (താൻ വിചാരണ ചെയ്യപ്പെടുന്ന ആ ദിവസത്തെ മുക്മിനീങ്ങൾ കഠിനമായി ഭയക്കുന്നു) ശേഷമാണ്

﴿إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ﴾ "നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു.നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു"എന്നആയത്ത്.

അതായത് റബ്ബേ നിന്നോടുള്ള സ്നേഹത്താലും പ്രതീക്ഷയാലും ഭയത്താലും നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു .

നബിമാരുടെ വിശേഷണങ്ങളെ പറ്റി അല്ലാഹു പറഞ്ഞു

**{إِنَّهُمْ كَانُوا يُسَارِعُونَ فِي الخَيْرَاتِ وَيَدْعُونَنَا رَغَباً وَرَهَباً وَكَانُوا لَنَا خَاشِعِينَ}**

(നബിമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ചു കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.
(അമ്പിയാഅ് 90)

**وَقَالَ من قَالَ من السّلف: من عبد الله بالحب وَحده فَهُوَ زنديق وَمن عَبده بالرجاء وَحده فَهُوَ مرجئ وَمن عَبده بالخوف وَحده فَهُوَ حروري وَمن عَبده بالحب وَالْخَوْف والرجاء فَهُوَ مُؤمن موحد.**

സലഫുകളിൽ ചിലർ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'കേവല സ്നേഹം കൊ ് മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ – زنديق– സിൻദീക്കായി (നിർമ്മതവാദി).

പ്രതീക്ഷയർപ്പിച്ചു മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ – مرجئ– മുർജിഅ് ആയി.

ഭയത്തോട്കൂടി മാത്രം ഒരാൾ അല്ലാഹുവിനെ ആരാധിച്ചാൽ അവൻ حروري ഹറൂറിയായി,[4] ആരെങ്കിലും സ്നേഹത്തോടെയും ഭയത്തോടെയും പ്രതീക്ഷയോടെയും കൂടി അല്ലാഹുവിനെ ആരാധിച്ചാൽ അവൻ മുവഹിദായ മുഅ്മിൻ ആയിരിക്കും.

ഈമാനിന്റെ മാധുര്യം നുകർന്ന് അല്ലാഹുവിനെ പരിപൂർണ്ണമായി സ്നേഹിച്ചും, മുഅ്മിനീങ്ങൾക്കായി അല്ലാഹു ഒരുക്കിയിട്ടുള്ള അവന്റെ വിശാലമായ സ്വർഗ്ഗം പ്രതീക്ഷിച്ചും, സത്യനിഷേധികൾക്കായി അവൻ ഒരുക്കിയിട്ടുള്ള ശിക്ഷയുടെ കേന്ദ്രമായ നരകത്തിൽ അകപ്പെടുന്നതിനെ ഭയപ്പെട്ടുകൊണ്ടും ശിഷ്ടകാലം ഇബാദത്തിലായി കഴിച്ചുകൂട്ടാൻ നാം ഓരോരുത്തരും പരിശ്രമിക്കുക അല്ലാഹു തൗഫീഖ് നൽകട്ടെ.ആമീൻ.

പവിത്രമായ റമദാൻ മാസം പടിവാതിൽക്കൽ എത്തി നിൽക്കുമ്പോൾ പ്രിയപ്പെട്ട മുസ്ലിം സഹോദരങ്ങളോട് ഉണർത്താനുള്ളത് : വിലപ്പെട്ട റമദാനിന്റെ ദിനരാത്രങ്ങൾ ഭക്ഷണത്തിനും ഉറക്കത്തിനും വേണ്ടിയുള്ള മത്സരത്തിന്റെ മാസമാക്കാതെ, യഥാർത്ഥ അറിവ് കരസ്ഥമാക്കി സൽകർമ്മങ്ങൾ വർദ്ധിപ്പിക്കുവാനും, ആകാശഭൂമികളോളം വിശാലമായ സ്വർഗ്ഗത്തിലെത്താൻ (ശിർക്കും ബിദ്അത്തും ഒഴിവാക്കി ) തൗഹീദും സുന്നത്തും മുറുകെ പിടിച്ച് അല്ലാഹുവി ന്റെ മഗ്ഫിറത്തിലേക്കും വിശാലമായ റഹ്മത്തിലേക്കും തിടുക്കത്തോടെ മുന്നിടണം എന്നതാണ് ...അല്ലാഹു തൗഫീഖ് നൽകട്ടെ ....ആമീൻ.

പരിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ

﴿سَابِقُوٓاْ إِلَىٰ مَغۡفِرَةٖ مِّن رَّبِّكُمۡ وَجَنَّةٍ عَرۡضُهَا كَعَرۡضِ ٱلسَّمَآءِ وَٱلۡأَرۡضِ أُعِدَّتۡ لِلَّذِينَ ءَامَنُواْ بِٱللَّهِ وَرُسُلِهِۦۚ ذَٰلِكَ فَضۡلُ ٱللَّهِ يُؤۡتِيهِ مَن يَشَآءُۚ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ ٢١﴾

നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻ കടന്നു വരുവിൻ. അതിന്റെ വിസ്താരം ആകാശഭൂമികളുടെ വിസ്തൃതിക്ക് സമാനമാണ് . അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

---

4 –مرجئ – حروري(خوارج) –അഹ്‌ലുസുന്നത്തിൽപെടാത്ത വഴിപിഴച്ച രണ്ട് കക്ഷികൾ ആണ് ഇവർ.

അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു.അല്ലാഹു അപാരമായ ഔദാര്യത്തിനുടമയാകുന്നു.(ഹദീദ് : 21)

# أحكام الصيام

# നോമ്പും വിധിവിലക്കുകളും

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണ് നോമ്പ്. അത് നിർബന്ധമാക്കപ്പെട്ടത് ഹിജ്റ രണ്ടാം വർഷമാണ് ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും അതിന്റെ പ്രാമാണികത സുസ്ഥാപിതമാണ്.

1. ഖുർആനിൽ നിന്ന്

**{يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ }[البقرة: ١٨٣].**

“ഈമാനുള്ളവരേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വ പാലിക്കാൻ വേണ്ടിയത്രെ അത്.” (2:183)

2. സുന്നത്തിൽ നിന്ന്

**عَنِ ابْنِ عُمَرَ، رَضِيَ اللَّهُ عَنْهُمَا قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ " بُنِيَ الإِسْلاَمُ عَلَى خَمْسٍ: شَهَادَةِ أَنْ لاَ إِلَهَ إِلَّا اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَإِقَامِ الصَّلاَةِ، وَإِيتَاءِ الزَّكَاةِ، وَالحَجِّ، وَصَوْمِ رَمَضَانَ "** [٥]

ഇബ്നു ഉമർ (رضي الله عنهما) നിവേദനം. നബി(ﷺ)പറഞ്ഞു: “ ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു സ്തംഭങ്ങളിന്മേലാണ്: “ ഇബാദത്തിന്[6] അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല, മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ റസൂലാകുന്നു” എന്ന സത്യസാക്ഷ്യ വചനം, നിസ്കാരം

[٥] أخرجه البخاري (٨)، ومسلم (١١٥١)

[6] അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും(ഖുർആനിന്റെയും സ്വഹീഹായ ഹദീസിന്റെയും വെളിച്ചത്തിൽ) പറയുന്ന പേരാണ് ഇബാദത്ത് എന്നത്. ഉദാഹരണം: നിസ്കാരം, നോമ്പ് ,ഹജ്ജ് , നേർച്ച, പ്രാർത്ഥന ,ബലികർമ്മം, ദിക്റുകൾ ,മാതാപിതാക്കളോട് നന്മ ചെയ്യൽ ,വഴിയിലുള്ള ഉപദ്രവങ്ങൾ നീക്കൽ, ഒരു മുഅ്മിനിനെ നോക്കി പുഞ്ചിരിക്കൽ ,...തുടങ്ങിയവ..

മുറപോലെ നിർവ്വഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവ്വഹിക്കൽ, റമദാൻ മാസത്തിൽ നോമ്പെടുക്കൽ എന്നിവയാണവ".(ബുഖാരി,മുസ്‌ലിം)

റമദാൻ മാസത്തിലെ നോമ്പ് നിർബന്ധമാണെന്നതിന് ഇജ്മാഅ് [7]ഉണ്ടെന്ന് ഇബ്നു ഖുദാമ ഇമാം നവവി رحمهم الله പോലെയുള്ള പണ്ഡിതന്മാർ ഉദ്ധരിക്കുന്നു[8].

നോമ്പ് നിർബന്ധമാണ് (വുജൂബ് ആണ്) എന്നതിനെ ആരെങ്കിലും നിഷേധിച്ചാൽ അത് കുഫ്ർ ആണെന്ന വിഷയത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

## നോമ്പിന്റെ നിർവചനം

ഇമാം ഖുർതുബി( رحمه الله ) പറയുകയാണ് നോമ്പ് എന്നാൽ നിയ്യത്തോടു കൂടി സുബ്ഹി( പ്രഭാതോദയം ) മുതൽ മഗരിബ് (സൂര്യാസ്തമയം) വരെ നോമ്പു മുറിയുന്ന ( ഭക്ഷണപാനീയങ്ങൾ കഴിക്കൽ, ലൈംഗിക ബന്ധത്തിൽ ഏർപ്പെടൽ തുടങ്ങിയ...) കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കലാണ്. [9]

## നോമ്പിന്റെ മറ്റു നാമങ്ങൾ

1. ( സ്വബ്ർ- ക്ഷമ) الصبر: കാരണം നോമ്പുകാരൻ ദേഹേച്ഛയിൽ നിന്ന് തന്റെ നഫ്സിനെ പിടിച്ചുവെച്ച് ക്ഷമിക്കുകയാണ്.

2. (സഞ്ചാരം) السياحة :

സ്വർഗപ്രവേശം ലഭിക്കുന്ന മുഅ്മിനുകളുടെ ഗുണങ്ങളായിക്കൊണ്ട് അല്ലാഹു പറയുന്നു :

---

[7] ഖുർആനും സ്വഹിയായ ഹദീസും പോലെ ഇസ്‌ലാമിന്റെ മൂന്നാമത്തെ അടിസ്ഥാന പ്രമാണമാണ് ഇജ്മാഅ്. ദീനി വിഷയത്തിൽ നബി ﷺ യുടെ കാലശേഷം ഒരു കാലഘട്ടത്തിലെ ഇജ്തിഹാദിന് യോഗ്യരായ പണ്ഡിതന്മാർ (അഭിപ്രായ വ്യത്യാസമില്ലാതെ) ഏകോപിച്ച അഭിപ്രായത്തെയാണ് 'ഇജ്മാഅ് ' എന്ന് പറയുന്നത്. ഇജ്മാഅ എപ്പോഴും ഖുർആനിലെയും സ്വഹിയായ ഹദീസിന്റെയും പിൻബലത്തിലായിരിക്കും.

[8] المغني" (٣/ ٨٥)، "المجموع" (٦/ ٢٤٨)

[9] (تفسير القرطبي)

قوله تعالى: ﴿ٱلتَّٰٓئِبُونَ ٱلۡعَٰبِدُونَ ٱلۡحَٰمِدُونَ ٱلسَّٰٓئِحُونَ ٱلرَّٰكِعُونَ ٱلسَّٰجِدُونَ ٱلۡأٓمِرُونَ بِٱلۡمَعۡرُوفِ وَٱلنَّاهُونَ عَنِ ٱلۡمُنكَرِ وَٱلۡحَٰفِظُونَ لِحُدُودِ ٱللَّهِۗ وَبَشِّرِ ٱلۡمُؤۡمِنِينَ﴾ [براءة: ١١٢]

( "പശ്ചാത്താപിക്കുന്നവർ ഇബാദത്ത് ചെയ്യുന്നവർ ദിക്റുകൾ ചെയ്യുന്നവർ നോമ്പ് എടുക്കുന്നവർ.........")

ഇമാം ഖുർതുബി( رحمه الله) السَّائِحُونَ എന്നാൽ നോമ്പുകാർ ആണെന്നുള്ള മുൻഗാമികളുടെ ഉദ്ധരണികൾ ശരിവെച്ചുകൊണ്ട് പറയുകയാണ് : '' കാരണം 'സിയാഹത്ത് ' എന്നാൽ ഭൂമിയിൽ സഞ്ചരിക്കുക എന്നാണർത്ഥം".

ഒരു സഞ്ചാരി അവന്റെ യാത്ര തുടർന്നു കൊണ്ടിരിക്കുന്നത് പോലെ നോമ്പുകാരൻ ഭക്ഷണവും മറ്റും ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിനോടുള്ള അനുസരണത്തിൽ തുടർന്നുകൊണ്ടിരിക്കുന്നു.." [10]

## നോമ്പിന്റെ സവിശേഷതകൾ

നോമ്പ് നിർബന്ധമാക്കാനുള്ള യുക്തിയായി പണ്ഡിതന്മാർ ധാരാളം കാര്യങ്ങൾ പറയാറുണ്ട് ,അതിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം.

1. അല്ലാഹുവിനുള്ള ഇബാദത്തിൽ മഹത്വമായതാണ് നോമ്പ് . അവനും അവന്റെ റബ്ബിനുമിടയിലുള്ള രഹസ്യമായ ഒരു ഇബാദത്താണത്, കാരണം ആരും അറിയാതെ ഭക്ഷണപാനീയങ്ങൾ കഴിക്കാൻ അവസരമുണ്ടായിട്ടും തന്റെ റബ്ബ് നിരീക്ഷിക്കുന്നുണ്ടെന്ന കാരണത്താൽ അന്നപാനീയങ്ങളും മറ്റും അവൻ ഉപേക്ഷിക്കുന്നു.

2. ക്ഷമയുടെ മൂന്ന് ഇനങ്ങളും നോമ്പിൽ സംഗമിക്കുന്നു.

1) അല്ലാഹുവിനെ അനുസരിക്കുന്നതിലും വഴിപ്പെടുന്നതിലുമുള്ള (നന്മ പ്രവർത്തിക്കുന്നതിനുള്ള )ക്ഷമ.
2) തിന്മകളിൽ നിന്ന് മാറിനിൽക്കാനുള്ള ക്ഷമ .
3) ആപേക്ഷികമായി പ്രയാസം തോന്നിയേക്കാവുന്ന അല്ലാഹുവിന്റെ തീരുമാനങ്ങളിൽ ക്ഷമിക്കുക. തനിക്ക് പ്രയാസകരമാകുന്ന തന്റെ ശരീരത്തെ ക്ഷീണിപ്പിക്കുന്ന ബലഹീനമാക്കുന്ന( വിശപ്പ് ദാഹം പോലുള്ള ) കാര്യങ്ങളിലെല്ലാം. നോമ്പുകാരൻ ക്ഷമിക്കുന്നു.

[١٠] « تفسير القرطبي = الجامع لأحكام القرآن» (٨/ ٢٧٠)

തന്റെ ലൈംഗികാസക്തി പിടിച്ചുനിർത്തിയും അവൻ ക്ഷമിക്കുന്നു.

3. വിശപ്പും ദാഹവും സഹിക്കുക വഴി അല്ലാഹു അവന് നൽകിയ അനുഗ്രഹങ്ങളെക്കുറിച്ച് അവൻ ബോധവാനാകുന്നു. അതുപോലെ തന്റെ ചുറ്റുമുള്ള വിശപ്പും ദാഹവും സഹിക്കുന്ന പട്ടിണി കിടക്കുന്ന സഹോദരങ്ങളെ കുറിച്ച് അവൻ ഓർക്കുന്നു[11]

[11] «توضيح الأحكام من بلوغ المرام» (٣/ ٤٤٠)

## فضائل الصوم

## നോമ്പിന്റെ ശ്രേഷ്ഠതകൾ

നോമ്പിന്റെ ശ്രേഷ്ഠതകളെ അറിയിക്കുന്നതും നോമ്പുകാരന് ലഭിക്കുന്ന കണക്കറ്റ പ്രതിഫലങ്ങളെ വിവരിക്കുന്നതുമായ ധാരാളം ഹദീസുകൾ നമുക്ക് കാണാം. ഫർദെന്നോ സുന്നത്തെന്നോ വ്യത്യാസമില്ലാതെ എല്ലാ നോമ്പുകൾക്കും ഈ ശ്രേഷ്ഠതകൾ ബാധകമാണ്. അതിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം.

❖ നോമ്പിനെ അല്ലാഹു അവനിലേക്ക് ചേർത്തി പറഞ്ഞിരിക്കുന്നു

**عَنِ ابْنِ شِهَابٍ، أَخْبَرَنِي سَعِيدُ بْنُ الْمُسَيِّبِ، أَنَّهُ سَمِعَ أَبَا هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: سَمِعْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: قَالَ اللهُ عَزَّ وَجَلَّ: كُلُّ عَمَلِ ابْنِ آدَمَ لَهُ، إِلَّا الصِّيَامَ، هُوَ لِي وَأَنَا أَجْزِي بِهِ...( الخ )**[١٢]

അബൂഹുറൈറ ﵁ നിവേദനം:നബി ﷺ പറഞ്ഞു:'പ്രതാപവാനും ഉന്നതനുമായ അല്ലാഹു പറഞ്ഞു:മനുഷ്യന്റെ കർമങ്ങളെല്ലാം അവന്നുള്ളതാണ്; നോമ്പൊഴികെ, നിശ്ചയമായും അത് എനിക്കുള്ളതാണ്. ഞാനാണ് അതിനു പ്രതിഫലം നൽകുക..... (സ്വഹീഹ് മുസ്‌ലിം)

**عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ، الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعمِائَة ضِعْفٍ، قَالَ اللهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ وَطَعَامَهُ مِنْ أَجْلِي "**[١٣]

അബൂഹുറൈറ ﵁ നിവേദനം: നബി ﷺപറഞ്ഞു: “മനുഷ്യന്റെ എല്ലാ സൽകർമ്മങ്ങളുടെയും പ്രതിഫലം ധാരാളം ഇരട്ടിയായി നൽകപ്പെടും. നന്മയുടെ പ്രതിഫലം പത്തു മുതൽ എഴുന്നൂറ് ഇരട്ടി വരെയാണ്. അല്ലാഹുപറഞ്ഞു:നോമ്പൊഴികെ. അത് എനിക്കുള്ളതാണ്.ഞാനാണ് അതിനു

---

١٢ مسلم (٢٦٧٣)
١٣ مسلم (٢٦٧٧)

പ്രതിഫലം നൽകുന്നത്. നോമ്പുകാരൻ എനിക്കു വേണ്ടിയാണ് അവന്റെ ആഗ്രഹവും ആഹാരവും വെടിയുന്നത്. (സ്വഹീഹ് മുസ്‌ലിം)

എല്ലാ ഇബാദത്തുകളും അല്ലാഹുവിന്നു മാത്രമായിരിക്കെ നോമ്പിനെ പ്രത്യേകമായി അല്ലാഹുവിലേക്ക് ചേർത്തി പറഞ്ഞത് നോമ്പിന്റെ മഹത്വത്തെയും അല്ലാഹുവിന്റെ അടുക്കൽ അതിനുള്ള സ്ഥാനത്തെയും നോമ്പുകാരനുള്ള കണക്കറ്റ പ്രതിഫലത്തേയും അറിയിക്കുന്നു.

❖ നോമ്പുകാരന്റെ വായയുടെ ഗന്ധം

«فَوَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ، لَخُلْفَةُ فَمِ الصَّائِمِ، أَطْيَبُ عِنْدَ اللهِ مِنْ رِيحِ الْمِسْكِ»[١٤]

മുഹമ്മദിന്റെ ﷺ ആത്മാവ് ഏതൊരുവന്റെ കയ്യിലാണോ അവൻ തന്നെ (അല്ലാഹുവാണേ) സത്യം! നോമ്പുകാരന്റെ വായയുടെ ഗന്ധം അന്ത്യനാളിൽ അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയേക്കാൾ സുഗന്ധമുള്ളതായിരിക്കും (ബുഖാരി , മുസ്‌ലിം)

❖ നോമ്പ് ഒരു പരിചയാണ്

ഒരു പരിച ശത്രുവിന്റെ ആക്രമണത്തിൽ നിന്ന് എപ്രകാരം ഒരാളെ സംരക്ഷിക്കുമോ അപ്രകാരം നോമ്പ് തെറ്റുകളിൽ നിന്നും ദേഹേച്ഛകളിൽ നിന്നും നോമ്പുകാരനെ സംരക്ഷിക്കും.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «الصِّيَامُ جُنَّةٌ»[١٥]

അബൂഹുറൈറ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നോമ്പ് ഒരു പരിചയാകുന്നു.(ബുഖാരി , മുസ്‌ലിം)

عَنْ أَبِي هُرَيْرَةَ، رَضِيَ اللهُ عَنْهُ رِوَايَةً، قَالَ: " إِذَا أَصْبَحَ أَحَدُكُمْ يَوْمًا صَائِمًا، فَلَا يَرْفُثْ وَلَا يَجْهَلْ، فَإِنِ امْرُؤٌ شَاتَمَهُ أَوْ قَاتَلَهُ، فَلْيَقُلْ: إِنِّي صَائِمٌ، إِنِّي صَائِمٌ "[١٦]

അബൂഹുറൈറ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളിലാരെങ്കിലും ഒരു ദിവസം നോമ്പുകാരനായാൽ തെറ്റായ പ്രവൃത്തികൾ ചെയ്യാതിരി

---

[١٤] أخرجه البخاري (١٩٠٤)، ومسلم (١٦١)

[١٥] أخرجه البخاري (١٩٠٤و مسلم (١٦٢)

[١٦] خرجه البخاري (١٩٠٤و مسلم (١٦٢)

ക്കുകയും,സംസ്കാരമില്ലാത്തവാക്കുകൾ ഉപേക്ഷിക്കുകയുംചെയ്യണം. വല്ലവനും തന്നെ ചീത്തപറയുകയോ തന്നോട് വഴക്കു കൂടുകയോ ചെയ്താൽ നിശ്ചയമായും ഞാൻ നോമ്പുകാരനാണെന്ന് അവൻ പറഞ്ഞുകൊള്ളട്ടെ. (ബുഖാരി , മുസ്‌ലിം)

❖ നോമ്പുകാരന് രണ്ട് സന്തോഷത്തിന്റെ അവസരങ്ങൾ ഉണ്ട്

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ ﷺ: قَالَ " وَلِلصَّائِمِ فَرْحَتَانِ يَفْرَحُهُمَا: إِذَا أَفْطَرَ فَرِحَ بِفِطْرِهِ، وَإِذَا لَقِيَ رَبَّهُ فَرِحَ بِصَوْمِهِ "[١٧]

അബൂഹുറൈറ ؓ നിവേദനം: നബി ﷺ പറഞ്ഞു:നോമ്പുകാരന് നിർവൃതി കൊള്ളുവാൻ രണ്ടു സന്തോഷത്തിന്റെ അവസരങ്ങളുണ്ട്: നോമ്പു തുറക്കുമ്പോൾ അതിൽ അവൻ സന്തോഷിക്കുന്നു,തന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ തന്റെ നോമ്പിന്റെ പേരിലും അവർ സന്തോഷിക്കുന്നു.'(ബുഖാരി , മുസ്‌ലിം)

❖ നോമ്പുകാരൻ സ്വർഗ്ഗത്തിലേക്ക് പ്രത്യേകമായ കവാടത്തിലൂടെ പ്രവേശിപ്പിക്കപ്പെടുന്നു

عَنْ سَهْلِ بْنِ سَعْدٍ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: " إِنَّ فِي الْجَنَّةِ بَابًا يُقَالُ لَهُ الرَّيَّانُ، يَدْخُلُ مِنْهُ الصَّائِمُونَ يَوْمَ الْقِيَامَةِ، لَا يَدْخُلُ مَعَهُمْ أَحَدٌ غَيْرُهُمْ، يُقَالُ: أَيْنَ الصَّائِمُونَ؟ فَيَدْخُلُونَ مِنْهُ، فَإِذَا دَخَلَ آخِرُهُمْ، أُغْلِقَ فَلَمْ يَدْخُلْ مِنْهُ أَحَدٌ "[١٨]

സഹൽ ബ്നു സഅദ് ( ؓ ) നിവേദനം: നബി ﷺ പറഞ്ഞു: "സ്വർഗത്തിൽ റയ്യാൻ എന്നു പേരുള്ള ഒരു കവാടമുണ്ട്. അന്ത്യനാളിൽ അതിലൂടെയാണ് നോമ്പുകാർ പ്രവേശിക്കുക. അതിലൂടെ അവരോടൊപ്പം നോമ്പുകാരനല്ലാതെ മറ്റാരും പ്രവേശിക്കുകയില്ല. നോമ്പുകാർ എവിടെ? എന്നു വിളിച്ചു ചോദിക്കുമ്പോൾ അവർ അതിലൂടെ പ്രവേശിക്കും. അവരിൽ അവസാനത്തെ വ്യക്തിയും പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് അതിലൂടെ മറ്റാരും പ്രവേശിക്കുകയില്ല". (ബുഖാരി , മുസ്‌ലിം)

---

[١٧] أخرجه البخاري (١٩٠٤)، ومسلم (١٦٣)
[١٨] أخرجه البخاري (١٨٩٦)، ومسلم (١٦٦)

❖ നോമ്പുകാരൻ നരകത്തിൽ നിന്ന് വിദൂരമാക്കപ്പെടുന്നു

عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَا مِنْ عَبْدٍ يَصُومُ يَوْمًا فِي سَبِيلِ اللهِ، إِلَّا بَاعَدَ اللهُ، بِذَلِكَ الْيَوْمِ وَجْهَهُ عَنِ النَّارِ سَبْعِينَ خَرِيفًا»[١٩]

അബൂ സഈദിൽ ഖുദ്‌രി ﷺനിവേദനം: നബി ﷺ പറഞ്ഞു:"ഏതൊരാൾ അല്ലാഹുവിന്റെ മാർഗത്തിൽ നോമ്പെടുക്കുന്നുവോ, ആ ദിവസത്തെ നോമ്പ് കാരണമായി അല്ലാഹു അവന്റെ മുഖത്തെ (അവനെ)നരകത്തിൽ നിന്ന് എഴുപതു വർഷത്തെ യാത്രാദൂരത്തേക്ക് അകറ്റാതിരിക്കുകയില്ല. (ബുഖാരി , മുസ്‌ലിം)

## നോമ്പിന്റെ ഇനങ്ങൾ

**നിർബന്ധമായ നോമ്പ്**

1) റമദാൻ മാസത്തിലെ നോമ്പ്
2) നേർച്ച കാരണം നിർബന്ധമായത്
3) കഫ്ഫാറത്തിനുള്ള നോമ്പ് : മനുഷ്യരുടെ ചില പ്രവർത്തനം കാരണത്താൽ നിർബന്ധമായത് (അബദ്ധവശാലുള്ള കൊലപാതകത്തിനുള്ള പ്രായശ്ചിത്തം, അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്തു ലംഘിച്ചാലുള്ള പ്രായശ്ചിത്തം പോലെയുള്ളത് )

**സുന്നത്തായ നോമ്പുകൾ**

പ്രത്യേകം ദിവസങ്ങളിൽ സുന്നത്തായത് : മാസത്തിലെ മൂന്ന് ദിവസങ്ങളിലെ നോമ്പ് , അയ്യാമുൽ ബീദ് (അറബി മാസത്തിലെ പതിമൂന്ന്, പതിനാല് , പതിനഞ്ച് ദിവസങ്ങളിലെ നോമ്പ്) , തിങ്കൾ,വ്യാഴം ദിവസങ്ങളിലെ നോമ്പ്, ശവ്വാലിലെ ആറ് നോമ്പ് , മുഹറം ആദ്യ പത്തിലുള്ള നോമ്പ്, ആശൂറാഅ് നോമ്പ്( മുഹററം 10) , മുഹററം 9ലെ നോമ്പ് , ദുൽഹിജ്ജയിലെ ആദ്യത്തെ 9 ദിവസങ്ങളിലെ നോമ്പ് , അറഫാ നോമ്പ് , ശഅ്ബാനിലെ അധിക ദിവസങ്ങളിലും നോമ്പടുക്കൽ , ഇടവിട്ടുള്ള ദിവസങ്ങളിലുള്ള നോമ്പ് (ദാവൂദ് നബിയുടെ നോമ്പ്) പോലെയുള്ളത്.

ഇത്തരം സുന്നത്തായ നോമ്പുകളുടെ ശ്രേഷ്ഠതകളും മറ്റും പ്രത്യേകം അധ്യായത്തിൽ പിന്നീട് വിവരിക്കുന്നതാണ്. إن شاء الله

[١٩] أخرجه البخاري (٢٨٤٠)، ومسلم (١٦٧)

**നോമ്പെടുക്കൽ ഹറാമായ ദിവസങ്ങൾ**

ചില ദിവസങ്ങളിൽ നോമ്പെടുക്കൽ ഹറാമാണ്

- രണ്ടു പെരുന്നാൾ ദിവസങ്ങളിൽ.
- അയ്യാമുത്തശ്രീഖിൽ ( ദുൽഹിജ്ജ പതിനൊന്ന് , പന്ത്രണ്ട് , പതിമൂന്ന് ദിവസങ്ങളിൽ) .
- പ്രത്യേകം കാരണമില്ലാതെ വെള്ളിയാഴ്ച മാത്രമായോ ശനിയാഴ്ച മാത്രമായോ നോമ്പെടുക്കൽ.

വെള്ളിയാഴ്ച മാത്രമായോ ശനിയാഴ്ച മാത്രമായോ നോമ്പെടുക്കുന്നത് നിരുപാധികം ഹറാമാണോ അതല്ല പ്രത്യേകം കാരണങ്ങളുണ്ടെങ്കിൽ, അതായത് അറഫാ ദിവസം, ആശൂറാഅ് നോമ്പ് ( മുഹറം 10) പോലെയുള്ളത് വെള്ളി, ശനി ദിവസങ്ങളിൽ വന്നാൽ അത് അനുവദനീയമാണോ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്.

ഏറ്റവും ശരിയായത് കാരണങ്ങളോടു കൂടിയുള്ള നോമ്പാണെങ്കിൽ (അറഫാ , ആശൂറാഅ് നോമ്പ് പോലെയുള്ള നോമ്പുകൾ വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ആവുകയാണെങ്കിൽ) അനുവദനീയമാണെന്നതാണ്.

അതുപോലെ പ്രത്യേകം സുന്നത്തായ നോമ്പല്ലെങ്കിൽ വെള്ളി മാത്രമായോ ശനി മാത്രമായോ നോമ്പ് എടുക്കാതെ മുൻപോ പിൻപോ ഉള്ള ദിവസങ്ങളിൽ ഏതെങ്കിലും ഒരു ദിവസത്തോടൊപ്പം കൂട്ടിയെടുത്താൽ അത്തരം നോമ്പ് ഹറാമാവുകയില്ല. الله أعلم

## റമദാൻ നോമ്പ് നിർബന്ധമായ ഘട്ടങ്ങൾ

1. ഒന്നാം ഘട്ടം : ഹിജ്റയുടെ ആദ്യത്തിൽ ആശൂറ നോമ്പ് മുസ്ലിമീങ്ങൾക്ക് നിർബന്ധമായിരുന്നു പിന്നീട് അത് نسخ ചെയ്യപ്പെട്ടു ( അല്ലാഹു ഈ നിയമം ദുർബലപ്പെടുത്തി).
2. രണ്ടാം ഘട്ടം : പിന്നീട് റമദാൻ മാസത്തിലെ നോമ്പ് ഫർദല്ലാത്ത നിലക്ക് ദീനിൽ നിയമമായി (ഒന്നുകിൽ നോമ്പ് എടുക്കുക, അല്ലെങ്കിൽ ഓരോ ദിവസവും പാവപ്പെട്ടവന് ഭക്ഷണം നൽകുക ).
3. മൂന്നാം ഘട്ടം : പിന്നീട് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമൊഴിവാക്കി ചില നിബന്ധനകളോടുകൂടി നിർബന്ധ രൂപത്തിലാക്കി ( ഈ ഘട്ടത്തിൽ നോമ്പെടുക്കേണ്ട സമയം ഇശാ നിസ്കാരം മുതൽ പിറ്റേന്ന് മഗരിബ് നിസ്കാരം വരെയായിരുന്നു.)

4. നാലാം ഘട്ടം : അവസാനമായി നോമ്പെടുക്കേണ്ട സമയം സുബ്ഹി( പ്രഭാതോദയം ) മുതൽ മഗ്‌രിബ് (സൂര്യാസ്തമയം) വരെയാക്കി റമദാൻ നോമ്പ് അല്ലാഹു നിർബന്ധമാക്കി [20]

---

٢٠ من شرح دليل الطالب لشيخنا الشيخ سليمان الرحيلي ( حفظه الله ).

## قبل دخول رمضان

## റമദാൻ ആഗതമാകുന്നതിനു മുമ്പേ

ഇബാദത്തിന് വേണ്ടി ഒരുങ്ങുക എന്നത് ഈമാനുള്ളവരുടെ ഗുണമാണ്. ഹജ്ജ് കർമ്മങ്ങൾക്ക് മുൻപ് ഹാജിമാരോട് തഖ്‌വയുടെ വിഭവങ്ങൾ ഒരുക്കാൻ അല്ലാഹു നിർദ്ദേശിക്കുന്നു.

﴿وَتَزَوَّدُوا۟ فَإِنَّ خَيْرَ ٱلزَّادِ ٱلتَّقْوَىٰ﴾ [البقرة: ١٩٧]

നിങ്ങൾ യാത്രയ്ക്കുവേണ്ട വിഭവങ്ങൾ ഒരുക്കിപ്പോകുക.എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് തഖ്‌വയാകുന്നു.(അൽ ബഖറ: 197 )

ശ്രദ്ധിക്കുക :

തഖ്‌വയെന്തെന്ന് മനസ്സിലാക്കാൻ ധാരാളം നിർവചനങ്ങൾ കാണാം. മുൻഗാമികളിൽ പെട്ട തലഖ് ഇബ്നു ഹബീബ് رحمه الله വിശദീകരിക്കുന്നു .' തഖ്‌വ എന്നാൽ: 'അല്ലാഹുവിൽ നിന്നുള്ള യഥാർത്ഥ അറിവിന്റെ അടിസ്ഥാനത്തിൽ (ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ) അവനിൽ നിന്നുള്ള പ്രതിഫലം പ്രതീക്ഷിച്ച് നന്മകൾ ചെയ്യലും, അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെട്ടുകൊണ്ട് തിന്മകളിൽ നിന്ന് മാറി നിൽക്കലുമാണ്'.'

ഓരോ ഇബാദത്തിനും മുന്നോടിയായി അതിനെ സംബന്ധിച്ച അറിവ് കരസ്ഥമാക്കിയും,തഖ്‌വ പാലിച്ചും ഒരുങ്ങുമ്പോഴാണ് അല്ലാഹു സ്വീകരിക്കാൻ പ്രാപ്തമായ അകക്കാമ്പുമുള്ള ഇബാദത്തായി അത് മാറുന്നത്.

റമദാനിന് മുൻപുള്ള മാസമായ ശഅ്ബാനിൽ ധാരാളമായി സുന്നത്ത് നോമ്പുകൾ അനുഷ്ഠിക്കുക എന്നത് നബി ചര്യയിൽപെട്ടതാണ്. (എന്നാൽ ശഅ്ബാൻ മാസം മുഴുവനായി നോമ്പെടുക്കൽ പ്രവാചകന്റെ സുന്നത്തിൽ പെട്ടതല്ല.)

عَنْ عَائِشَةَ أُمِّ الْمُؤْمِنِينَ رَضِيَ اللهُ عَنْهَا أَنَّهَا قَالَتْ:..... وَمَا رَأَيْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ اسْتَكْمَلَ صِيَامَ شَهْرٍ قَطُّ إِلَّا رَمَضَانَ، وَمَا رَأَيْتُهُ فِي شَهْرٍ أَكْثَرَ مِنْهُ صِيَامًا فِي شَعْبَانَ »[٢١]

ആഇശ ﵂ പറഞ്ഞു 'റമദാനിലല്ലാതെ മറ്റൊരു മാസത്തിലും പൂർണമായി നബി ﷺ നോമ്പെടുത്തിരുന്നില്ല,ശഅ്ബാൻ മാസത്തിനേക്കാൾ കൂടുതലായി മറ്റൊരു മാസത്തിലും നബി ﷺ നോമ്പ് അധികരിപ്പിക്കുന്നതായും ഞാൻ കണ്ടിട്ടില്ല.'( ബുഖാരി , മുസ്‌ലിം)

❖ ശഅ്ബാനിൽ ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ.

1) സംശയ ദിനത്തിൽ( ശഅ്ബാൻ മുപ്പത് )നോമ്പെടുക്കാൻ പാടില്ല.

فَقَالَ عَمَّارٌ: «مَنْ صَامَ الْيَوْمَ الَّذِي يَشُكُّ فِيهِ النَّاسُ فَقَدْ عَصَى أَبَا الْقَاسِمِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ» [٢٢]

അമ്മാർ﵁ : റമദാൻ മാസം പിറന്നോ എന്ന് സംശയിക്കപ്പെടുന്ന ദിവസം നോമ്പെടുക്കുന്നവൻ അബുൽ ഖാസിം ( നബി ﷺ) യെ ധിക്കരിച്ചവനാകുന്നു. (അബു ദാവൂദ്, നസാഈ )

എന്നാൽ അന്ന് മേഘം മൂടിയത് കാരണത്താലോ മറ്റോ മാസപ്പിറവി കാണുന്നതിൽ തടസ്സം സംഭവിച്ചതാണെങ്കിൽ

ശഅ്ബാൻ മുപ്പതിന് നോമ്പെടുക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.

1) അന്ന് സംശയത്തിന്റെ ദിനമാണെന്ന് കണക്കാക്കി നോമ്പ് എടുക്കാൻ പാടില്ല എന്ന് അഭിപ്രായം.

( ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ പോലെയുള്ള പണ്ഡിതന്മാർ ഈ അഭിപ്രായക്കരാണ്. )

---

[٢١] أخرجه البخاري (١٩٦٩)، ومسلم (١١٥٦) (١٧٥)

[٢٢] أخرجه أبو داود (٢٣٣٤)، والترمذي (٦٨٦)، والنسائي (٤/ ١٥٣)، وابن ماجه (١٦٤٥)، وهو حديث حسن

2) അന്ന് 'റമദാൻ ഒന്ന് ' ആയേക്കാം എന്ന മുൻകരുതലിന്റെ ഭാഗമായി നോമ്പെടുക്കണം എന്ന് അഭിപ്രായം.[23]

2) ശഅ്ബാനിൽ റമദാനിന്ന് ഒന്നോ രണ്ടോ ദിവസം മാത്രം അവശേഷിക്കവേ നോമ്പ് എടുക്കൽ .

സൂക്ഷ്മതയുടെ ന്യായം പറഞ്ഞോ, റമദാനിലേക്കുള്ള നോമ്പിനുള്ള പരിശീലനം എന്ന നിലയിലോ റമദാനിന്ന് ഒന്നോ രണ്ടോ ദിവസം മുൻപ് മുതൽ നോമ്പെടുത്തു തുടങ്ങുക എന്നത് പാടില്ലാത്തതാണ്.

**عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: « لَا تَقَدَّمُوا رَمَضَانَ بِصَوْمِ يَوْمٍ وَلَا يَوْمَيْنِ، إِلَّا رَجُلٌ كَانَ يَصُومُ صَوْمًا فَلْيَصُمْهُ . ٢٤**

നബി ﷺ പറഞ്ഞു റമദാനിനു ഒന്നോ രണ്ടോ ദിവസം മുൻകൂട്ടി നോമ്പെടുത്തു തുടങ്ങരുത് ആ ദിവസങ്ങളിൽ( മറ്റു കാരണത്താൽ) നോമ്പെടുക്കുന്നവനൊഴികെ, അയാൾക്ക് പ്രസ്തുത ദിവസങ്ങളിൽ നോമ്പെടുക്കാവുന്നതാണ്.( ബുഖാരി , മുസ്‌ലിം)

3) നോമ്പ് ഖദാഅ് വീട്ടൽ

കഴിഞ്ഞ വർഷത്തെ റമദാനിലെ നോമ്പ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് അനുഷ്ഠിക്കുവാനുള്ള അവസാന അവസരങ്ങളാണ് ശഅ്ബാനിലെ ദിനങ്ങൾ.

**عَنْ أَبِي سَلَمَةَ، قَالَ: سَمِعْتُ عَائِشَةَ رَضِيَ اللَّهُ عَنْهَا، تَقُولُ: «كَانَ يَكُونُ عَلَيَّ الصَّوْمُ مِنْ رَمَضَانَ، فَمَا أَسْتَطِيعُ أَنْ أَقْضِيَ إِلَّا فِي شَعْبَانَ»،٢٥**

ആഇശ رضي الله عنها നിവേദനം“ എനിക്ക് റമദാനിൽ നിന്നുള്ള നോമ്പ് നോറ്റു

[23] توضيح الأحكام من بلوغ المرام» (٣/ ٤٤٧)

[24] أخرجه البخاري برقم (١٩١٤)، ومسلم برقم (١٠٨٢)

[25] صحيح مسلم ١٠٩٧/ صحيح البخاري ١٩٥٠ )

വീട്ടാൻ ഉണ്ടാകുമായിരുന്നു പക്ഷേ ശഅ്ബാനിൽ അല്ലാതെ എനിക്കത് സാധിക്കുമായിരുന്നില്ല. ( ബുഖാരി , മുസ്‌ലിം)

റമദാൻ വന്നെത്തുന്നതിനു മുൻപ് കഴിഞ്ഞ റമളാനിന്റെ നോമ്പുകൾ വീണ്ടെടുക്കാത്തവരുമായി ബന്ധപ്പെട്ട വിധിവിലക്കുകൾ പിന്നീട് വിശദീകരിക്കുന്നതാണ്. إن شاء الله

4) ജനങ്ങൾ ഇബാദത്തിന്റെ വിഷയത്തിൽ അശ്രദ്ധയിലാകുന്ന മാസമാണ് ശഅ്ബാൻ

**عن أُسَامَةُ بْنُ زَيْدٍ ....وَلَمْ أَرَكَ تَصُومُ مِنْ شَهْرٍ مِنَ الشُّهُورِ مَا تَصُومُ مِنْ شَعْبَانَ قَالَ ﷺ ذَاكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ بَيْنَ رَجَبٍ وَرَمَضَانَ وَهُوَ شَهْرٌ يُرْفَعُ فِيهِ الأَعْمَالُ إِلَى رَبِّ الْعَالَمِينَ فَأُحِبُّ أَنْ يُرْفَعَ عَمَلِي وَأَنَا صَائِمٌ.**[٢٦]

ഉസാമത് ഇബ്നു സൈദ് ﷺ നിന്ന് നിവേദനം അദ്ദേഹം പറയുന്നു :" ശഅ്ബാനിൽ കൂടുതലായി നോമ്പെടുക്കുന്നതുപോലെ മറ്റൊരു മാസത്തിലും താങ്കൾ നോമ്പെടുക്കുന്നതായി ഞാൻ കാണുന്നില്ലല്ലോ. എന്ന് ഞാൻ നബിയോട് ﷺ ചോദിച്ചു . അപ്പോൾ നബി ﷺ പറഞ്ഞു: "ജനങ്ങൾ അശ്രദ്ധയിലാകുന്ന മാസമാണിത് , 'റബ്ബുൽ ആലമീൻ 'ആയ അല്ലാഹുവിലേക്ക് അമലുകൾ ഉയർത്തപ്പെടുന്ന മാസവുമാണിത് . ഞാൻ നോമ്പുകാരനായിരിക്കെ എന്റെ അമലുകൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു." (അഹ്മദ് ).

5) ഖുർആൻ പാരായണം വർദ്ധിപ്പിക്കുക.

മനുഷ്യർക്ക് വഴികാട്ടിയും സന്മാർഗദർശനവുമായ ' ഖുർആൻ' അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ.

മുൻഗാമികൾ റമദാനിനു വേണ്ടി ഒരുങ്ങാൻ ശഅ്ബാനിൽ ധാരാളം ഖുർആൻ പാരായണം ചെയ്യാറുണ്ടായിരുന്നു..

[٢٦] مسند أحمد «**٢١٧٥٣**» (٣٦/ ٨٥ ط الرسالة)

താബിഈങ്ങളിൽ പെട്ട സലമത് ഇബ്നു കുഹൈൽ, ഹബീബ് ഇബ്നു അബീ സാബിത്ത് എന്നിവർ ശഅ്ബാൻ മാസമായാൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: 'ഇത് ഖുർആൻ ഓതുന്നവരുടെ മാസമാണ്'.

താബിഈ പ്രമുഖനായ അംറ് ഇബ്നു കൈസ് , അൽമുലാഈ رحمهما الله ശഅ്ബാൻ മാസമായാൽ ഖുർആൻ പാരായണത്തിനായി ഒഴിഞ്ഞിരിക്കാറുണ്ടായിരുന്നു.( ലത്വായിഫുൽ മആരിഫി) ൽ ഇബ്നു റജബ് അൽ ഹൻബലി ഉദ്ധരിക്കുന്നു)[27]

ശഅ്ബാൻ മാസത്തിൽ ഖുർആൻ പാരായണം അധികരിപ്പിക്കുന്നതിന്റെ യുക്തിയായി പണ്ഡിതന്മാർ പറയുന്നത് റമദാൻ മാസത്തിലേക്കുള്ള ഒരു പരിശീലനമാണെന്നതാണ്.

സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും, നരക കവാടങ്ങൾ അടക്കപ്പെടുകയും, പിശാചുക്കൾ ചങ്ങലയാൽ ബന്ധിക്കപ്പെടുകയും ചെയ്യുന്ന മാസമായ റമദാനിൽ ഇബാദത്തുകളിലായി മുഴുകാൻ ഓരോ മുഅ്മിനും കൊതിക്കുമ്പോൾ , റമദാനിലെ പുണ്യങ്ങൾ നേടിയെടുക്കാൻ , പൂർണ്ണ ആരോഗ്യത്തോടെ അത് കരഗതമാക്കാൻ പ്രാർത്ഥിച്ചു കൊണ്ടേയിരിക്കണം.

മുൻഗാമികളായ സച്ചരിതർ റമദാൻ ആഗതമാകുന്നതിന് ആറുമാസം മുൻപ് മുതൽ തന്നെ ആ റമദാനിലേക്ക് എത്തിപ്പെടാൻ, തൗഫീഖ് ലഭിക്കാൻ പ്രാർത്ഥിക്കാറുണ്ടായിരുന്നു എന്ന് മുഅല്ല ഇബ്നുൽ ഫളൽ رَحِمَهُ اللَّهُ പറഞ്ഞതായി .( ലത്വായിഫുൽ മആരിഫി) ൽ ഇബ്നു റജബ് അൽ ഹൻബലി رَحِمَهُ اللَّهُ ഉദ്ധരിക്കുന്നു[28]

7) ശഅ്ബാൻ പകുതിയുടെ (പതിനഞ്ചാം) രാവ്

നബി ﷺ പറഞ്ഞതായി അബൂ മൂസ അൽഅശ്അരി رَضِيَ اللَّهُ عَنْهُ രിവായത്ത് ചെയ്യുന്നു:

**عَنْ أَبِي مُوسَى الْأَشْعَرِيِّ، عَنْ رَسُولِ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: «إِنَّ اللَّهَ لَيَطَّلِعُ فِي لَيْلَةِ النِّصْفِ مِنْ شَعْبَانَ فَيَغْفِرُ لِجَمِيعِ خَلْقِهِ إِلَّا لِمُشْرِكٍ أَوْ مُشَاحِنٍ»** ٢٩

---

٢٧ «لطائف المعارف فيما لمواسم العام من الوظائف» (ص٣١٩ ت عامر)

٢٨ «لطائف المعارف فيما لمواسم العام من الوظائف» (ص٢٨٠ ت السواس)

٢٩ صحيح ابن ماجه ١١٤٨

ശഅ്ബാൻ പകുതിയുടെ (പതിനഞ്ചാം) രാവിൽ അല്ലാഹു അവന്റെ പടപ്പുകളിലേക്ക് നോക്കുകയും ചെയ്യും, അവന്റെ എല്ലാ സൃഷ്ടികൾക്കും പൊറുത്തു കൊടുക്കുകയും തന്നെ ചെയ്യും. , മുശ്‌രികിനും (ശിർക് ചെയ്യുന്നവൻ) മുശാഹിനിനും ഒഴികെ.( ഇബ്നു മാജ.)

ഇബ്നുൽ അസീർ رَحِمَهُ اللَّهُ പറഞ്ഞു: "മുശാഹിൻ എന്നാൽ മറ്റുള്ളവരോട് ശത്രുതയും പകയുമുള്ളവൻ."

ഇമാം ഔസാഈ رَحِمَهُ اللَّهُ പറഞ്ഞു: "മുശാഹിൻ എന്നത് കൊണ്ട് ഇവിടെ ഉദ്ദേശ്യം മുസ്‌ലീങ്ങളോടുള്ള ഐക്യം വെടിഞ്ഞ് ഭിന്നിച്ചു നിൽക്കുന്ന ബിദ്അത്തുകാരൻ എന്നാണ്.[30]

ഇമാം അഹ്മദ് رَحِمَهُ اللَّهُ പറഞ്ഞു: "ഇസ്‌ലാമിന്റെ വക്താക്കളോട് ശത്രുത വെച്ച് പുലർത്തുന്ന ബിദ്അത്തുകാരാണവർ. "[31]

- ✘ പ്രത്യേകം ശ്രദ്ധിക്കുക

ഇങ്ങനെയൊരു ഹദീസ് സ്വഹീയായി വന്നിട്ടുണ്ടെങ്കിലും നബിയോ ﷺ സ്വഹാബാക്കളോ ആ ദിവസം പ്രത്യേകമായ എന്തെങ്കിലും ഇബാദത്തുകൾ നമ്മെ പഠിപ്പിച്ചിട്ടില്ല.

ശഅ്ബാനിന്റെ പതിനഞ്ചാം രാവിൽ ഇന്ന് മുസ്‌ലിമീങ്ങൾക്കിടയിൽ വ്യാപകമായി പ്രചരിച്ചിട്ടുള്ള പ്രത്യേകമായ കർമ്മങ്ങളെല്ലാം ബിദ്അത്തുകളാകുന്നു .

ആ ദിവസത്തിൽ നബിﷺ പഠിപ്പിക്കാത്ത പ്രത്യേക ഇബാദത്തുകൾ (പ്രത്യേക നിസ്കാരം, അന്ന് മാത്രം പ്രത്യേക നോമ്പ്, മൂന്നു പ്രാവശ്യം സൂറത്തു യാസീൻ ഓതൽ.പോലെയുള്ളത്) നിർവഹിച്ച് ബിദ്അത്തുകൾ ചെയ്യുന്നവരോട് ഇങ്ങനെ ശഅ്ബാൻ പതിനഞ്ചിന്ന് നബിയോ ﷺ സ്വഹാബാക്കളോ പ്രത്യേക ഇബാദത്തുകൾ ചെയ്തതിന് തെളിവില്ലല്ലോ എന്ന് സമർത്ഥിക്കുമ്പോൾ അവർ തിരിച്ച്പറയാറുള്ള ന്യായം 'ഇന്ന് പുണ്യദിനമല്ലേ സാധാരണ ചെയ്യുന്നതിൽ കൂടുതൽ പുണ്യകർമ്മങ്ങൾ ചെയ്യുന്നതിൽ എന്താണ് കുഴപ്പം എന്നാണ് ? നല്ലതല്ലേ എന്ന് കരുതി ദീനിൽ ഇല്ലാത്തത് നമുക്ക് പുതുതായി കൊണ്ടുവരാൻ പറ്റുമോ?

---

[30] السلسلة الصحيحة ٤/٨٧

[31] الدعاء للطبراني ١/ ١٩٥

അത്തരം ബിദ്അത്ത് ചെയ്യുന്നവരോട് പറയാനുള്ളത് നബി ﷺ ഒരു ഹദീസാണ്.

**عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ»**[٣٢]

ആഇശ ﵂നിന്ന് നിവേദനം നബി ﷺപറഞ്ഞു:"നമ്മുടെ ഈ ദീനിൽ നാം കൽപ്പിക്കാത്തത് ആരെങ്കിലും പുതുതായി ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്." ( ബുഖാരി , മുസ്‌ലിം)

**قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ.......و إياكم و محدثات الأمور ، فإن كل محدثة بدعة و كل بدعة ضلالة (الطبراني )** [٣٣]

നബി ﷺ പറഞ്ഞു ......(ദീനിൽ)പുതുനിർമ്മിതമായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക എല്ലാ പുതു നിർമ്മിതമായ കാര്യങ്ങളും ബിദ്അത്താണ് , എല്ലാ ബിദ്അത്തുകളും (പുത്തനാചാരങ്ങളും)വഴികേടാണ്.

ശഅ്ബാൻ പതിനഞ്ചിന്റെ പ്രത്യേകത പഠിപ്പിച്ച നബിയുംﷺ സ്വഹാബാക്കളും, അവർക്ക് ആ ദിവസം പ്രത്യേക ഇബാദത്തുകൾ ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കെ ,യാതൊരു തടസവും ഇല്ലാതിരിക്കെ അത്തരം ഇബാദത്തുകൾ ചെയ്തിട്ടില്ലെങ്കിൽ പ്രിയപ്പെട്ട റസൂലിനെ ﷺ ചാണിന്ന് ചാണായി മുഴത്തിനു മുഴമായി പിൻപറ്റേണ്ട പിൻഗാമികളായ നമ്മളും അത് ഒഴിവാക്കേണ്ടതാണ് ,അത് ബിദ്അത്തും വഴികേടുമാണ്.

---

[٣٢] أخرجه البخاري (٢٦٩٧)، ومسلم (١٧١٨، ١٧)

[٣٣] المعجم الكبير للطبراني " ( ١٨ / ٢٤٨ / ٦٢٣ )

# فضائل رمضان

## റമദാൻ മാസത്തിന്റെ ശ്രേഷ്ഠതകൾ

റമദാൻ മാസത്തിന്റെ പ്രത്യേകതകൾ അറിയിക്കുന്ന ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്, അതിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം.

**عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: «إِذَا جَاءَ رَمَضَانُ فُتِّحَتْ أَبْوَابُ الْجَنَّةِ، وَغُلِّقَتْ أَبْوَابُ النَّارِ، وَصُفِّدَتِ الشَّيَاطِينُ»[٣٤]**

അബൂഹുറൈറ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു:'റമദാൻ ആഗതമായാൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും,നരക കവാടങ്ങൾ അടക്കപ്പെടുകയും,പിശാചുക്കൾ ചങ്ങലയാൽ ബന്ധിക്കപ്പെടുകയും ചെയ്യും.(മുസ്‌ലിം)

**قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «إِذَا كَانَ رَمَضَانُ فُتِّحَتْ أَبْوَابُ الرَّحْمَةِ، وَغُلِّقَتْ أَبْوَابُ جَهَنَّمَ، وَسُلْسِلَتِ الشَّيَاطِينُ»**

അബൂഹുറൈറ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "റമദാൻ ആഗതമായാൽ കാരുണ്യ കവാടങ്ങൾ തുറക്കപ്പെടും, നരക കവാടങ്ങൾ അടക്കപ്പെടും, പിശാചുക്കൾ ചങ്ങലക്കിടപ്പെടും(സ്വഹീഹ് മുസ്‌ലിം)

**أَنَّ أَبَا هُرَيْرَةَ، حَدَّثَهُمْ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: «مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا، غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ، وَمَنْ قَامَ لَيْلَةَ الْقَدْرِ إِيمَانًا وَاحْتِسَابًا، غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ»[٣٥]**

നബി ﷺ പറഞ്ഞു: "ഈമാനോടെയും പ്രതിഫലേച്ഛയോടെയും ആരെങ്കിലും റമദാനിൽ നോമ്പ് എടുത്താൽ അവന്റെ മുൻകാല (ചെറു)പാപങ്ങൾ പൊറുക്കപ്പെടുന്നതാണ് . ലൈലത്തുൽ ഖദറിൽ ഈമാനോടെയും

[٣٤] أخرجه البخاري (١٨٩٨)، ومسلم (١٠٧٩)
[٣٥] أخرجه البخاري (٣٨)، ومسلم (٧٦٠)

പ്രതിഫലേച്ഛയോടും കൂടി വല്ലവരും നിസ്കരിക്കുന്നുവെങ്കിൽ അവന്റെ മുൻകാല (ചെറു)പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്".( മുസ്ലിം)

عَنْ أَبِي هُرَيْرَةَ، عَنْ رَسُولِ اللهِ صَلى الله عَليهِ وسَلمَ قَالَ: إِذَا كَانَتْ أَوَّلُ لَيْلَةٍ مِنْ رَمَضَانَ، صُفِّدَتِ الشَّيَاطِينُ، وَمَرَدَةُ الْجِنِّ، وَغُلِّقَتْ أَبْوَابُ النَّارِ، فَلَمْ يُفْتَحْ مِنْهَا بَابٌ، وَفُتِحَتْ أَبْوَابُ الْجَنَّةِ، فَلَمْ يُغْلَقْ مِنْهَا بَابٌ، وَنَادَى مُنَادٍ: يَا بَاغِيَ الْخَيْرِ أَقْبِلْ، وَيَا بَاغِيَ الشَّرِّ أَقْصِرْ وَلِلَّهِ عُتَقَاءُ وَذَلِكَ فِي كُلِّ لَيْلَةٍ.[٣٦]

അബൂഹുറൈറ ﵁ നിവേദനം: നബി ﷺ പറഞ്ഞു: "റമദാൻ മാസത്തിലെ ആദ്യ രാത്രി ആഗതമായാൽ പിശാചുക്കളും ധിക്കാരികളായ ജിന്നുകളും ചങ്ങലക്കിടപ്പെടുകയും ഒരു വാതിൽ പോലും തുറക്കപ്പെടാത്ത നിലയിൽ നരക വാതിലുകൾ അടക്കപ്പെടുകയും ഒന്നുപോലും അടക്കപ്പെടാത്ത നിലയിൽ സ്വർഗ്ഗകവാടങ്ങൾതുറക്കപ്പെടുകയും ചെയ്യുന്നതാണ്.(അതോടൊപ്പം)അല്ലാഹുവിന്റെ പ്രത്യേക മലക്ക് ഇപ്രകാരം വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കും:

" നന്മകാംക്ഷിക്കുന്നവരേ നിങ്ങൾ നന്മകളിലേക്ക് മുന്നിടുക, തിന്മകാംക്ഷിക്കുന്നവരേ. ( സ്വയം നിയന്ത്രിച്ച്) തിന്മകളിൽ നിന്ന് പിൻവാങ്ങുക . റമദാനിലെ ഓരോ രാത്രിയിലും ധാരാളം ആളുകളെ അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതാണ്." ( ഹദീസ്).

[٣٦] ورواه الترمذي(٦٨٢) وابن ماجه(١٦٤٢)، وابن خزيمة (١٨٨/٣)في "صحيحه" «حديث حسن صحيح الترغيب والترهيب» (١/ ٥٨٥):

## مسائل تتعلق برؤية الهلال

## മാസപ്പിറവിയുമായി ബന്ധപ്പെട്ട മസ്അലകൾ

**എപ്പോഴാണ് റമദാൻ നോമ്പ് നിർബന്ധമാകുന്നത് ?**

റമദാൻ മാസപ്പിറവി കാണുകയോ, ശഅ്ബാൻ മുപ്പത് പൂർത്തിയാവുകയോ ചെയ്താൽ നോമ്പ് നിർബന്ധമാകും

**عن بْنَ عُمَرَ رَضِيَ اللَّهُ عَنْهُمَا، قَالَ: سَمِعْتُ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: «إِذَا رَأَيْتُمُوهُ فَصُومُوا، وَإِذَا رَأَيْتُمُوهُ فَأَفْطِرُوا، فَإِنْ غُمَّ عَلَيْكُمْ فَاقْدُرُوا لَهُ» وفي رواية لمسلم: «فاقدروا له ثلاثين»** ( متفق عليه )[٣٧]

അബൂഹുറൈറ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ (റമദാൻ) മാസപ്പിറവി കണ്ടാൽ നോമ്പ് തുടങ്ങുക (ശവ്വാൽ) മാസപ്പിറവി കണ്ടാൽ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക മേഘം നിമിത്തം ചന്ദ്രപ്പിറവി കാണാൻ കഴിയാതെ വന്നാൽ ആ മാസം മുപ്പത് ദിവസമായി നിങ്ങൾ കണക്കാക്കുകയും ചെയ്യുക (ബുഖാരി , മുസ്‌ലിം)

*ഗോളശാസ്ത്ര കണക്ക് പ്രകാരം ( ദിവസം കണക്കാക്കാൻ പാടില്ല) അത് പ്രകാരം നോമ്പു തുടങ്ങുകയും നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുന്നതിനെ പണ്ഡിതന്മാർ എതിർത്തിട്ടുണ്ട്*

**قال ابن دقيق العيد – رحمه الله –: الذي أقول: إن الحساب لا يجوز أن يُعْتمد عليه في الصوم ....**

**شرحه للعمدة" (٢/ ٢٠٦)**[٣٨]

ഇബ്നു ദക്കീക്ക് അൽ ഈദ് رحمه الله പറഞ്ഞു : ' നോമ്പിന് ഗോളശാസ്ത്ര കണക്ക് അവലംബിക്കാൻ പാടില്ല'.

---

[٣٧] أخرجه البخاري (١٩٠٠)، ومسلم (١٠٨٠)

[٣٨] «إحكام الأحكام شرح عمدة الأحكام» (٢/ ٨)

**മാസപ്പിറവി ഒരു നാട്ടിൽ കണ്ടാൽ മതിയോ അതല്ല എല്ലാ നാട്ടിലും കാണേണ്ടതുണ്ടോ ?**

പണ്ഡിതന്മാർക്കിടയിൽ വളരെ അഭിപ്രായ വ്യത്യാസമുള്ള ഒരു കാര്യമാണിത് ധാരാളം അഭിപ്രായമുണ്ടെങ്കിലും അതിൽ ഏറ്റവും പ്രബലമായ ത 'രണ്ട് അഭിപ്രായങ്ങളാണ്:

1) ഒരു നാട്ടിൽ കണ്ടാൽ മറ്റുള്ള നാടുകളും അതിനെ പിന്തുടരണം.

ഹനഫി, മാലിക്കി, ഹമ്പലി മദ്ഹബുകളുടെയും, ഇബ്നു ബാസ്,

അൽബാനി رحمهم الله തുടങ്ങിയ പണ്ഡിതന്മാരുടെയും, അഭിപ്രായം ഇതാണ്.

2) ഓരോ നാടിനും അവരുടേതായിട്ടുള്ള മാസപ്പിറവി ദൃശ്യമുണ്ട്.

ശാഫിഈ മദ്ഹബിലെ ശരിയായ അഭിപ്രായവും, സലഫുകളിൽ പെട്ട ചിലരും, ഇമാം സ്വൻആനി, ഇബ്നു ഉസൈമീൻ رحمهم الله തുടങ്ങിയവരും ഈ അഭിപ്രായത്തിലാണ്.

➢ മാസപ്പിറവി സ്ഥിതീകരിച്ചത് പകലിലാണെങ്കിൽ.

1) പകലിൽ ഉച്ചയ്ക്കു ശേഷമാണെങ്കിൽ : ശേഷമുള്ള ദിവസം മുതൽ നോമ്പ് എടുത്താൽ മതി. തത് വിഷയത്തിൽ ഇജ്മാഅ ഉണ്ട് എന്ന് ഇബ്നു ഹസം ഉദ്ധരിക്കുന്നു.
2) പകലിന്റെ ആദ്യത്തിൽ ഉച്ചക്ക് മുൻപാണെങ്കിൽ : പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ഏറ്റവും ശരിയായ അഭിപ്രായം അന്നുമുതൽ റമദാൻ നോമ്പെടുക്കൽ നിർബന്ധമാണ് എന്നതാണ്.

ഹനഫി ,മാലിക്കി, ശാഫിഈ മദ്ഹബുകളുടെയും, ഇബനു ഉസൈമീന്റെയും رحمهم الله അഭിപ്രായം ഇതാണ് . [39]

**ശഅ്ബാൻ 29 പൂർത്തിയായ രാത്രിയിൽ റമദാൻ മാസപ്പിറവി സ്ഥിരീകരിച്ചോ ഇല്ലയോ എന്ന് അറിയുന്നതിന് മുൻപ് ഒരാൾ ഉറങ്ങി ആ രാത്രിയിൽ 'നാളെ റമദാൻ ഒന്നാണെങ്കിൽ ഞാൻ നോമ്പുകാരൻ ആണെന്ന് അയാൾ നിയ്യത്ത് ചെയ്യുകയും ചെയ്തു' .പിറ്റേന്ന് റമദാൻ ഒന്നാണെന്ന**

[٣٩] «الشرح الممتع على زاد المستقنع» (٦/ ٣٠٧)

**സ്ഥിതീകരണം അയാൾ അറിഞ്ഞത് ഫജറിന് ശേഷം ഉറങ്ങി എ ഴുന്നേറ്റപ്പോഴാണ്. ഇയാളുടെ വിധി എന്താണ്?**

രണ്ട് അഭിപ്രായമാണ് പണ്ഡിതന്മാർക്കിടയിലുള്ളത് :

ഒന്ന് :അദ്ദേഹത്തിന്റെ നിയ്യത്ത്(സംശയത്തോടു കൂടിയാതിനാൽ )ദൃഢ തയില്ലാത്തതിനാൽ  നോമ്പ് ശരിയാവുകയില്ല .

രണ്ട് അയാളുടെ നോമ്പ് ശരിയാകും.  കാരണം നിയ്യത്ത് മാസപ്പിറവി യുടെ സ്ഥിരീകരണത്തെ തുടർന്നുണ്ടാകേണ്ടതാണ്.

* ഇമാം അഹ്മദ് ,ഇബ്നു തൈമിയ, ഇബിനു ഉസൈമീൻ എന്നിവർ അഭി പ്രായപ്പെട്ടത് ഇപ്രകാരമാണ് . ( ഏറ്റവും ശരിയായതും ഈ  അഭിപ്രായ മാണ് ).

## شروط وجوب الصيام

## നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ

**ആർക്കൊക്കെയാണ് നോമ്പ് നിർബന്ധം ?**

പ്രായപൂർത്തിയും, ബുദ്ധിയുമുള്ള , ആരോഗ്യവാനായ മുഴുവൻ മുസ്ലിമീങ്ങൾക്കും നോമ്പ് നിർബന്ധമാണ് ,

സ്ത്രീകൾക്ക് അവരുടെ ആർത്തവ, പ്രസവവേളകളിൽ നോമ്പ് എടുക്കേണ്ടതില്ല. നോമ്പിൽ ഇളവ് നൽകപ്പെട്ടവർക്ക് പ്രത്യേകം വിധികളുണ്ട് ,അത് പിന്നീട് വിവരിക്കുന്നതാണ്.

**നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനകൾ.**

1. മുസ്ലിമാവുക.
2. പ്രായപൂർത്തി ആവുക.
3. ബുദ്ധി ഉണ്ടാവുക.
4. നോമ്പെടുക്കാനുള്ള ആരോഗ്യമുണ്ടായിരിക്കുക.

1. **ഒന്ന് : മുസ്ലിമാവുക.**

ഇത് നോമ്പെടുക്കുവാനും , നോമ്പ് സ്വീകാര്യയോഗ്യമാവാനുമുള്ള നിബന്ധനയാണ്.

അതുകൊണ്ടുതന്നെ അമുസ്ലീങ്ങൾക്ക് (കാഫിറുകൾക്ക് ) നോമ്പ് നിർബന്ധമല്ല എന്ന് മാത്രമല്ല കുഫ്റിലായിക്കൊണ്ട് (ഇസ്ലാം മതം സ്വീകരിക്കാതെ) നോമ്പെടുത്താൽ അത് (സ്വഹീഹ് ) സ്വീകാര്യയോഗ്യമല്ല .

പലപ്പോഴും നമ്മുടെ നാടുകളിൽ അമുസ്ലിംകളായ ഒരാൾ റമദാനിൽ നോമ്പെടുക്കുന്നത് വലിയ വാർത്തയായി ആഘോഷിക്കാറുണ്ട് ,യഥാർത്ഥത്തിൽ അതിന് അല്ലാഹുവിന്റെ അടുക്കൽ യാതൊരു പുണ്യവുമില്ല.

ഒരു മുസ്ലിം സന്തോഷിക്കേണ്ടത് അമുസ്ലിംകളായ ഒരാൾ ശാശ്വതമായ നരകത്തിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗമായ ഇസ്ലാം ആശ്ലേഷിക്കുമ്പോഴാണ്.

**കാഫിറായ ഒരുവൻ നിസ്കാരം, നോമ്പ് പോലെയുള്ള നിർബന്ധ കർമ്മങ്ങൾ ഒഴിവാക്കിയതിന്റെ പേരിലും ശിക്ഷിക്കപ്പെടുമോ ?**

ഒരാൾ കാഫിറായി തന്നെ മരണപ്പെട്ടാൽ തൻറെ കുഫ്റിനാൽ കാലാകാലം നരക ശിക്ഷ അനുഭവിക്കുമ്പോൾ നിസ്കാരം, നോമ്പ് പോലെയുള്ള നിർബന്ധ കർമ്മങ്ങൾ നിർവഹിക്കാത്തതിനാൽ അതിൻറെ ശിക്ഷയും കൂടുതലായി അനുഭവിക്കേണ്ടിവരും.

- ഒരാൾ മുസ്ലിമായാൽ അതിനു മുൻപുള്ള കാലയളവിലെ നോമ്പുകൾ അവൻ നോറ്റുവീട്ടേണ്ടതില്ല.

2. <u>രണ്ട് : പ്രായപൂർത്തിയാവുക</u>

നോമ്പ് നിർബന്ധമാകാനുള്ള നിബന്ധനയാണ് പ്രായപൂർത്തിയാവൽ.

പ്രായപൂർത്തിയാകാത്ത അവസ്ഥയിൽ റമദാനിൽ നോമ്പെടുക്കാതിരിക്കുകയും എന്നാൽ ശവ്വാൽ പിറക്കുന്നതോടുകൂടി പ്രായപൂർത്തിയാവുകയും ചെയ്താൽ അവൻ നോമ്പ് ഖദാഅ് قضاء വീട്ടേണ്ടതില്ല.

പ്രായപൂർത്തിയാവുക എന്നത് നോമ്പ് സ്വീകരിക്കപ്പെടാനുള്ള നിബന്ധനയല്ല . ആ അവസ്ഥയിൽ നോമ്പെടുത്താൽ അവന്റെ നോമ്പ് സ്വീകാര്യയോഗ്യമാണ്. അവന് പ്രതിഫലം ലഭിക്കുകയും ചെയ്യും . അതിനുവേണ്ടി അവനെ പ്രേരിപ്പിച്ച മാതാപിതാക്കൾക്കും അതിനുള്ള പ്രതിഫലം ലഭിക്കും.

**ആൺകുട്ടി പ്രായപൂർത്തിയായി എന്ന് എങ്ങനെയാണ് മനസ്സിലാക്കുക**

1. സ്ഖലനം സംഭവിക്കുക.
2. ഗുഹ്യ അവയങ്ങൾക്കു ചുറ്റും കട്ടിയുള്ള രോമങ്ങൾ വളരുക ( ശ്രദ്ധിക്കുക: കട്ടിയില്ലാത്ത കൊഴിഞ്ഞുപോകുന്ന നേർത്ത രോമങ്ങളാണെങ്കിൽ അത് പ്രായപൂർത്തിയുടെ അടയാളമല്ല എന്ന് പണ്ഡിതന്മാർ ഓർമിപ്പിക്കുന്നു.)
3. 15 വയസ്സ് പൂർത്തിയാവൽ.

ഈ മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലുമൊന്ന് സംഭവിച്ചാൽ തന്നെ പ്രായപൂർത്തിയാകുന്നതാണ്.

❖ പെൺകുട്ടിയാണെങ്കിൽ

ആകെ നാല് ലക്ഷണങ്ങളകാണുള്ളത് , <u>മേൽപ്പറഞ്ഞ മൂന്നും</u>

4. നാലാമതായി : ആർത്തവ രക്തം പുറപ്പെടുക എന്നതും.

ഈ നാല് അടയാളങ്ങളിലൊന്ന് സംഭവിച്ചാൽ തന്നെ പ്രായപൂർത്തിയാകുന്നതാണ്.

### 3. <u>മൂന്ന് :ബുദ്ധി ഉണ്ടാവുക</u>

ഭ്രാന്തന്മാർ , ബുദ്ധിപൂർണ്ണമായി നഷ്ടപ്പെട്ടവർ, വാർദ്ധക്യാവസ്ഥയിൽ ബുദ്ധി നഷ്ടപ്പെട്ടവർ, ഇവർക്കൊന്നും നോമ്പ് നിർബന്ധമില്ല.

മേൽപ്പറഞ്ഞ നോമ്പ് നിർബന്ധമാക്കാനുള്ള മൂന്ന് നിബന്ധനകൾക്കുമുള്ള തെളിവ്

**عَنْ عَلِيٍّ رضي الله عنه أن النَّبِيّ صَلى الله عَلَيهِ وَسَلمَ قَالَ: رُفِعَ الْقَلَمُ عَنْ ثَلاَثَةٍ: عَنِ النَّائِمِ حَتَّى يَسْتَيْقِظَ، وَعَنِ الصَّبِيِّ حَتَّى يَحْتَلِمَ، وَعَنِ الْمَجْنُونِ حَتَّى يَعْقِلَ.**[٤٠]

നബി ﷺ പറഞ്ഞു: മൂന്നു വിഭാഗം ആളുകളിൽ നിന്ന് പേന ഉയർത്തപ്പെട്ടിരിക്കുന്നു (അഥവാ ദീനീ നിയമങ്ങൾ അവർക്ക് ബാധകമല്ല) : ഉറങ്ങുന്നവൻ ഉറങ്ങിയെഴുന്നേൽക്കുന്നത് വരെയും, കുട്ടി പ്രായപൂർത്തിയാകുന്നത് വരെയും, ബുദ്ധിഭ്രമം സംഭവിച്ചവന് ബുദ്ധി തിരികെ കിട്ടുന്നത് വരെയും. (അബു ദാവൂദ് )

*ശ്രദ്ധിക്കുക ദീനീ നിയമങ്ങൾ കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് : ശരീരം കൊണ്ട് ചെയ്യുന്ന നിസ്കാരം, നോമ്പ് ,പോലെയുള്ളവയാണ് . എന്നാൽ അവരുടെ സ്വത്തുക്കൾക്കുള്ള സക്കാത്ത് അവരുടെ മേൽ നിർബന്ധമാണ് അവരുടെ വലിയ്യുകൾ അത് കൊടുത്തു വീട്ടണം എന്നതാണ് പ്രബലമായ അഭിപ്രായം.*

❖ അനുബന്ധ മസ്അലകൾ

**മദ്യംപോലെയുള്ള ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ച് താൽക്കാലികമായി ബുദ്ധി നഷ്ടപ്പെട്ടവർ( സ്വയം ബോധമില്ലാത്തവർ )**

വൻ പാപമാണ് അവർ ചെയ്തതെന്ന ഗൗരവം ഉണർത്തുന്നതോടൊപ്പം പണ്ഡിതന്മാർ അവരുടെ നോമ്പിന്റെ വിധികൾ പ്രതിപാദിക്കാറുണ്ട്. ഇവർ വ്യത്യസ്ത അവസ്ഥകളിലായിരിക്കും.

---

[٤٠] وأخرجه أبو داود (٤٣٩٩ - ٤٤٠١)، وابن خزيمة (١٠٠٣)، والحاكم (٢/ ٥٩)

1. സുബ്ഹിക്ക് മുൻപ് നിയ്യത്ത് വെക്കുകയും തുടർന്ന് ലഹരി ഉപയോഗിക്കുകയും അങ്ങനെ പകൽ മുഴുവനും ലഹരിയിലായിരിക്കുകയും ചെയ്താൽ(മറ്റ് ഭക്ഷണപാനീയങ്ങൾ ഒന്നും കഴിച്ചില്ലെങ്കിലും ശരി) അവന്റെ നോമ്പ് ശരിയാവുകയില്ല . അവൻ പിന്നീട് നോറ്റു വീട്ടേണ്ടതുണ്ട്.

2. എന്നാൽ പകലിൽ ചില സമയങ്ങളിൽ ബോധം തിരിച്ചുവരികയാണെങ്കിൽ അവന്റെ നോമ്പ് ശരിയാവുന്നതാണ്.

**ബോധക്ഷയം സംഭവിച്ചവർ**

1. സുബ്ഹിക്ക് മുൻപേ നിയ്യത്ത് വയ്ക്കുകയും പിന്നീട് ബോധക്ഷയം സംഭവിക്കുകയും പകൽ മുഴുവനും ആ അവസ്ഥയിൽ തുടരുകയും ചെയ്താൽ : അവന്റെ നോമ്പ് ശരിയാവുകയില്ല അവൻ പിന്നീട് നോറ്റു വീട്ടേണ്ടതുണ്ട് , കാരണം നോമ്പുകാരനുണ്ടാവേണ്ട ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക എന്നുള്ള പ്രക്രിയ അവനിൽ നിന്ന് ‘സ്വമേധയാ‘ ഉണ്ടായിട്ടില്ല.

2. എന്നാൽ പകലിൽ ചില സമയങ്ങളിൽ ബോധം തിരിച്ചുവരികയാണെങ്കിൽ അവന്റെ നോമ്പ് ശരിയാവുന്നതാണ്.

**പകൽ മുഴുവനും ഉറങ്ങിയവന്റെ നോമ്പ്**

ഇത് ഒരിക്കലും അനുവദനീയമല്ല എന്ന് മാത്രമല്ല അവൻ പാപിയായിത്തീരുകയും ചെയ്യും, കാരണം പകൽ മുഴുവനും ഉറങ്ങിയതിനാൽ നിർബന്ധ നിസ്കാരങ്ങൾ അവൻ മനപ്പൂർവ്വം പാഴാക്കിയിട്ടുണ്ട് .

എന്നാൽ അവന്റെ നോമ്പിനെ അത് ബാധിക്കുകയില്ല കാരണം ഉറങ്ങുമ്പോൾ ബുദ്ധി നഷ്ടപ്പെടുന്നില്ല.[41]

**റമദാൻ നോമ്പിന്റെ പകലിൽ : ബുദ്ധിഭ്രമം സംഭവിച്ചവന്ന് ബുദ്ധി തിരികെ കിട്ടുകയോ, ഒരാൾ പ്രായപൂർത്തിയാവുകയോ , ഒരാൾ ഇസ്‌ലാം മതം സ്വീകരിക്കുകയോ ചെയ്താൽ**

[41] من شرح دليل الطالب لشيخنا الشيخ سليمان الرحيلي

അവൻ ആ പകലിന്റെ ബാക്കിസമയം നോമ്പ് പിടിക്കേണ്ടതാണ് . എന്നാൽ പിന്നീട് നോമ്പ് നോറ്റ് വീട്ടേണ്ടതില്ല[42]

4. **നാല് : ആരോഗ്യമുണ്ടായിരിക്കുക**

നോമ്പ് ഒരാൾക്ക് നിർബന്ധമാകാനുള്ള നാലാമത്തെ നിബന്ധനയാണ് ആരോഗ്യമുണ്ടായിരിക്കുക എന്നത്.

പരിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹു പറഞ്ഞതായി കാണാം

{ فَٱتَّقُواْ ٱللَّهَ مَا ٱسۡتَطَعۡتُمۡ } التغابن : ١٦

"അതിനാൽ നിങ്ങൾക്ക് സാധ്യമാകും വിധം അല്ലാഹുവിനെ സൂക്ഷിക്കുക (തഖ്വ പാലിക്കുക) "

{لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ} البقرة : ٢٨٦

“അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല “

**ആരോഗ്യപരമായ കഴിവില്ലായ്മ (അവശത) രണ്ട് വിധത്തിലാണ്**

1) **ഒന്ന് :** സമയബന്ധിതമായ രോഗി (രോഗശമനം പ്രതീക്ഷയുള്ളവർ) അവന്റെ രോഗം ഭേദമാകുന്നത് വരെ നോമ്പ് ഒഴിവാക്കാം. രോഗം ഭേദമായാൽ ഖദാഅ് വീട്ടേണ്ടതാണ്.

- വളരെയധികം വിശ്രമം ആവശ്യമായ ഹൃദയ ശസ്ത്രക്രിയ പോലെയുള്ള ചികിത്സകൾക്ക് വിധേയനായരോഗിയോട് ഡോക്ടർ ഈ വർഷം നോമ്പെടുക്കാൻ പാടില്ല എന്ന് പറഞ്ഞാൽ : നോമ്പ് ഒഴിവാക്കാം. രോഗം ഭേദമായാൽ ഖദാഅ് വീട്ടേണ്ടതാണ്.

---

٤٢ مجموع فتاوى الشيخ ابن عثيمين " ( ١٩ / السؤال رقم ٦٠ ) - المجموع الفتاوى شيخ الاسلام ابن التيمية

2) **രണ്ട് :** രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവർ, (പക്ഷവാദം പോലെയുള്ള രോഗങ്ങൾ ബാധിച്ച നിത്യരോഗികൾ),വൃദ്ധന്മാർ (നോമ്പ് നോൽക്കുവാൻ സാധിക്കാത്ത വിധം വാർദ്ധക്യത്തിലായവർ ) :

- താൻ പറയുന്നതെന്താണെന്ന് പോലും തിരിച്ചറിയാൻ കഴിയാത്ത വിധം വയോധികരായവർക്ക് നോമ്പ് മാത്രമല്ല,ഒരു ഇബാദത്തും നിർബന്ധമല്ല.
- അങ്ങേയറ്റത്തെ വാർദ്ധക്യത്തിലല്ല, പക്ഷേ അനാരോഗ്യം കാരണത്താൽ നോമ്പെടുക്കാൻ സാധിക്കുന്നില്ല : അവർ നോമ്പ് ഖദാഅ് വീട്ടേണ്ടതില്ല, മറിച്ച് ഓരോ നോമ്പിനും പകരമായി ഒരു പാവപ്പെട്ടവന് ഭക്ഷണം കൊടുത്താൽ മതി. അതുമായി ബന്ധപ്പെട്ട നിയമങ്ങൾ പിന്നീട് വിശദീകരിക്കുന്നതാണ്.

**عَنْ عَطَاءٍ، سَمِعَ ابْنَ عَبَّاسٍ، يَقْرَأُ وَعَلَى الَّذِينَ يُطَوَّقُونَهُ فَلاَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ قَالَ ابْنُ عَبَّاسٍ: «لَيْسَتْ بِمَنْسُوخَةٍ هُوَ الشَّيْخُ الكَبِيرُ، وَالمَرْأَةُ الكَبِيرَةُ لاَ يَسْتَطِيعَانِ أَنْ يَصُومَا، فَيُطْعِمَانِ مَكَانَ كُلِّ يَوْمٍ مِسْكِينًا»** [٤٣]

അത്താഅ് –رحمه الله പറയുന്നു ഇബ്നു അബ്ബാസ് رضي الله عنهما ' ഞെരുക്കത്തോടെയല്ലാതെ നോമ്പ് പിടിക്കാൻ സാധിക്കാത്തവർ പകരമായി ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ് '

എന്ന ആയത്ത് ഓതി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: 'ഈ ആയത്തിന്റെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ല, അതായത് പ്രായമുള്ള സ്ത്രീകളും പുരുഷന്മാരും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ് '. (സ്വഹീഹിൽ ബുഖാരി)

ഖതാദ رحمه الله പറയുകയാണ് അനസുബ്നു മാലിക് رضي الله عنه പ്രായാധിക്യത്തിൽ ബലഹീനനാവുകയും തൻറെ മരണത്തിന് തൊട്ടു മുൻപുള്ള വർഷത്തിലുള്ള നോമ്പ് ഒഴിവാക്കുകയും ചെയ്തു. പിന്നീട് പ്രത്യേകം ഭക്ഷണം ഉണ്ടാക്കി മുപ്പത് പാവപ്പെട്ടവരെ ഭക്ഷിപ്പിക്കുകയും ചെയ്തു.[44]

---

[٤٣] صحيح البخاري – ٤٥٠٥
[٤٤] رواه الدارقطني - صححه الألباني في الإرواء

# شروط صحة الصيام

# നോമ്പ് സ്വീകാര്യയോഗ്യമാകാനുള്ള നിബന്ധന

നോമ്പ് ( സ്വഹീഹ് ) സ്വീകാര്യയോഗ്യമാകണമെങ്കിൽ താഴെപ്പറയുന്ന നിബന്ധനകൾ അനിവാര്യമാണ് . ഇതിൽ ഏതെങ്കിലും ഒരു നിബന്ധന ഒഴിവായാൽ അവന്റെ നോമ്പ് സ്വഹീഹാവുകയില്ല.

1. മുസ്‌ലിമാവുക.
2. ബുദ്ധി ഉണ്ടാവുക.
3. നിയ്യത്ത് ഉണ്ടാവുക.
4. വകതിരിവിന്റെ പ്രായം എത്തുക.
5. സ്ത്രീകൾ ഹയ്ദ്, നിഫാസ് എന്നിവയിൽ നിന്ന് ശുദ്ധിയായിരിക്കുക.

നോമ്പ് സ്വഹീഹ് ആവാനുള്ള ശർത്തുകൾ ( നിബന്ധനകൾ ) ഒന്ന് വിശദീകരിച്ച് മനസ്സിലാക്കാം.

1. **<u>ഒന്ന് :</u> മുസ്‌ലിമാവുക.** :

മുസ്‌ലിമല്ലാത്തവൻ നോമ്പെടുത്താൽ ആ നോമ്പ് സ്വഹീഹ് ആവുകയില്ല . അവനിൽ നിന്ന് സ്വീകരിക്കപ്പെടുകയില്ല .

2. **<u>രണ്ട് :</u> ബുദ്ധി ഉണ്ടാവുക:**

സ്വബോധമില്ലാത്തവന്റെ ( ഭ്രാന്തൻ, ബുദ്ധിപൂർണ്ണമായി നഷ്ടപ്പെട്ടവർ,....) നോമ്പ് സ്വഹീഹ് ആവുകയില്ല , സ്വീകരിക്കപ്പെടുകയുമില്ല.

3. **<u>മൂന്ന് :</u> നിയ്യത്ത് ഉണ്ടാവുക.**

**إِنَّمَا الْأَعْمَالُ بِالنِّيَّةِ، وَإِنَّمَا لِامْرِئٍ مَا نَوَى..... ( الحديث )**[٤٥]

---

[٤٥] البخاري (١)، ومسلم (١٩٠٧)

നബി ﷺ പറഞ്ഞു എല്ലാ അമലുകളും പരിഗണിക്കപ്പെടുന്നത് നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ്....ഏതൊരാൾക്കും അവൻ ഉദ്ദേശിച്ചതേ കരസ്ഥമാകുകയുള്ളൂ..(ബുഖാരി , മുസ്‌ലിം)

**4.നാല് : വകതിരിവിന്റെ പ്രായം എത്തുക**

നോമ്പ് സഹീഹ് ആവാൻ വകതിരിവിന്റെപ്രായം എത്തണം . എല്ലാ അമലകളും പരിഗണിക്കപ്പെടുന്നത് നിയ്യത്തിന് അടിസ്ഥാനത്തിലാണ് വകതിരിവിന്റെ പ്രായം എത്താത്തവന് നിയ്യത്ത് ഗ്രഹിക്കാനുള്ള മാനസികാവസ്ഥ ഉണ്ടാവില്ല എന്നതിലാണത്.

**5. <u>അഞ്ച് :</u> സ്ത്രീകൾ ഹയ്ദ്, നിഫാസ് എന്നിവയിൽ നിന്ന് ശുദ്ധിയായിരിക്കുക**

നോമ്പ് ( സ്വഹീഹ് ) ശരിയാകാനുള്ള നിബന്ധനയിൽ സ്ത്രീകൾക്ക് മാത്രമായ ശർത്താണ് –ഹൈദ ് നിഫാസിൽ നിന്ന് ശുദ്ധിയായിരിക്കുക എന്നത്, അത് ഫജറിന് മുൻപ് -രാത്രിയുടെ അവസാന നിമിഷത്തിൽ ഒരു സെക്കൻഡ് മുൻപ് - ആണെങ്കിലും ശരി. ശുദ്ധിയുടെ അടയാളം ഉറപ്പായാൽ മതി (ശുദ്ധിയുടെ കുളി കുളിച്ചില്ലെങ്കിലും ).

«........أَلَيْسَ إِذَا حَاضَتْ لَمْ تُصَلِّ وَلَمْ تَصُمْ). قُلْنَ: بلى، قال: (فذلك من نقصان دينها)»[٤٦]

അബൂ സഈദ് അൽ ഖുദ്‌രിﷺ നിവേദനം ചെയ്യുന്ന ഹദീസിന്റെ അവസാന ഭാഗത്ത് സ്ത്രീകളുടെ ദീനിനുള്ള കുറവ് എന്താണെന്ന് ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു "സ്ത്രീകൾ ആർത്തവ, പ്രസവ സമയങ്ങളിൽ നിസ്കാരവും നോവും പിടിക്കാൻ പാടില്ലല്ലോ, അതാണ് അവളുടെ മതത്തിലുള്ള കുറവ് " (ബുഖാരി)

മറ്റൊരു ഹദീസിൽ

**......قَالَتْ: كَانَ يُصِيبُنَا ذَلِكَ، فَنُؤْمَرُ بِقَضَاءِ الصَّوْمِ، وَلَا نُؤْمَرُ بِقَضَاءِ الصَّلَاةِ »[٤٧]**

---

[٤٦] «صحيح البخاري» (١/ ١١٦ البغا)

[٤٧] «صحيح مسلم» (٣٣٥)

നഷ്ടപ്പെട്ടുപോയ നോമ്പ് പിന്നീട് നോറ്റ് വീട്ടുന്നതിനെ കുറിച്ച് ആഇശ യോട് ﷺ ഒരു സ്ത്രീ ചോദിച്ചപ്പോൾ ആഇശﷺ പറഞ്ഞു" ഞങ്ങൾക്ക് ആർത്തവം ഉണ്ടാവാറുണ്ടായിരുന്നു , അപ്പോൾ ആർത്തവകാലത്തുള്ള നോമ്പ് നോറ്റ് വീട്ടുവാൻ ഞങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നു , എന്നാൽ നിസ്കാരം പിന്നീട് നിർവ്വഹിക്കാൻ ഞങ്ങളോട് കൽപ്പിക്കപ്പെട്ടിരുന്നില്ല " (ബുഖാര, മുസ്ലിം).

## مسائل تتعلق بالنية

# നിയ്യത്തുമായി ബന്ധപ്പെട്ട മസ്അലകൾ

**നോമ്പിന്റെ സമയം**

സുബ്ഹി( പ്രഭാതോദയം ) മുതൽ മഗരിബ് (സൂര്യാസ്തമയം) വരെ

അല്ലാഹു تعالى–പറഞ്ഞു

{وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الفجر} [البقرة: ١٨٧]

പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ നോമ്പ് പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക. ( അൽ ബഖറ : 187 )

**സുന്നത്തായാലും ഫർള് നോമ്പായാലും നിയ്യത്തില്ലാതെ നോമ്പ് സ്വഹീഹ് ആവുകയില്ല (ശരിയാവുകയില്ല).**

**إِنَّمَا الْأَعْمَالُ بِالنِّيَّةِ..... ( الحديث )**[٤٨]

നബി ﷺ പറഞ്ഞു അമലുകൾ പരിഗണിക്കപ്പെടുന്നത് നിയത്തിന്റെ അടിസ്ഥാനത്തിലാണ്.....(ബുഖാരി , മുസ്‌ലിം)

**നിയ്യത്തിൽ പ്രത്യേകമായി എന്തെങ്കിലും നിർണയിക്കേണ്ടതുണ്ടോ ?**

നിർബന്ധമായ നോമ്പാണെങ്കിൽ മനസ്സിൽ കരുതുമ്പോൾ റമദാനിന്റെതാണോ , ഖളാഅ് / അദാഅ് – ആണോ കഫാറത്ത് ആണോ, നേർച്ച ആണോ, എന്ന് പ്രത്യേകം നിർണയിക്കേണ്ടതുണ്ട് .

അതുപോലെയാണ് നിരുപാധികമല്ലാത്ത സുന്നത്ത് നോമ്പിനും : അറഫാ, ആശൂറാഅ് നോമ്പ് എന്നിങ്ങനെ പ്രത്യേകം നിർണയിക്കേണ്ടതുണ്ട്.

---

[٤٨] البخاري (١)، ومسلم (١٩٠٧)

**നിയ്യത്ത് ചൊല്ലി പറയാമോ ?**

നിയ്യത്ത് ചൊല്ലി പറയൽ ബിദ്അത്താണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

**നിയ്യത്തിന്റെ സ്ഥാനം ?**

നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണ് ( മനസ്സാണ് ).

'അമലുകൾ പരിഗണിക്കപ്പെടുന്നത് നിയ്യത്തിന്റെ അടിസ്ഥാനത്തിലാണ് 'എന്ന ഹദീസ് വിശദീകരിക്കുന്നതിനിടയിൽ മഹാനായ ശാഫിഈ പണ്ഡിതനും ഇബ്നു ഹജറുൽ അസ്ഖലാനി رحمه الله യുടെ ഉസ്താദുമായ 'ഇബ്നുൽ മുലഖിൻ' رحمه الله പറയുന്നു : "ഈ ഹദീസ് ദീനിന്റെ പ്രധാനപ്പെട്ട അടിസ്ഥാനമായ നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണെന്ന ഹുക്കുമ് അടങ്ങിയിട്ടുണ്ട് ; ദിക്റുകളുടെ സ്ഥാനം നാവാണെന്നതിന് വിഭിന്നമായി , ഇക്കാരണത്താൽ ആരെങ്കിലും ഹൃദയം കൊണ്ടല്ലാതെ നാവുകൊണ്ട് നിയ്യത്ത് ചെയ്താൽ നിസ്കാരം ശരിയാവില്ല.[49]

അദ്ദേഹം വീണ്ടും പറയുന്നു

" ഭൂരിഭാഗം പണ്ഡിതന്മാരുടെ അടുക്കൽ നിയ്യത്തിന്റെ സ്ഥാനം നാവല്ല മറിച്ച് ഹൃദയമാണ് ( മനസ്സാണ് ); മുൻപ് ഖണ്ഡിതമായി പറഞ്ഞതുപോലെ. കാരണം അല്ലാഹു പറഞ്ഞു

﴿وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ ۝٥﴾ [البينة: ٥]

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ഇബാദത്ത് ചെയ്യുവാനും, നിസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനുമല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല". (അൽ ബയ്യിന : 5 )

[٤٩] الإعلام بفوائد عمدة الأحكام (١/ ١٦٢)

മുകളിലുള്ള ആയത്ത് വിശദീകരിച്ചു അദ്ദേഹം പറയുന്നു "إخلاص തീർച്ചയായും ഹൃദയത്തിൽ( മനസ്സിൽ) നിന്നാണ് ഉണ്ടാവുക ."

﴿لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَـٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ﴾ [الحج: ٣٧]

"അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ്മനിഷ്ഠയാണ് അവങ്കൽ എത്തുന്നത്." (അൽ ഹജ്ജ് : 37 )

**عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ....«التَّقْوَى هَاهُنَا وَيُشِيرُ إِلَى صَدْرِهِ ثَلَاثَ مَرَّاتٍ»** [٥٠]

നബി ﷺ ഹൃദയത്തിലേക്ക് ചൂണ്ടിക്കൊണ്ട് മൂന്ന് പ്രാവശ്യം പറഞ്ഞു : "ഇവിടെയാണ് തഖ്‌വ". ( മുസ്‌ലിം, )[51]

**നിർബന്ധ നോമ്പിന്റെ നിയ്യത്ത് എപ്പോഴാണ് കരുതേണ്ടത്**

ഫജറിന് മുൻപേ രാത്രി തന്നെ കരുതണം, ഫജറിന് ശേഷം കരുതിയാൽ നോമ്പ് ശരിയാവുകയില്ല.

**عَن حَفْصَةَ رَضِيَ اللَّهُ عَنْهَا قَالَتْ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: «مَنْ لَمْ يَجْمَعِ الصِّيَامَ قَبْلَ الْفَجْرِ فَلَا صِيَامَ لَهُ»** [٥٢]

അഫ്സയിൽ رضي الله عنها നിന്ന് നിവേദനം നബി ﷺ പറഞ്ഞു ഫജറിന (പ്രഭാതത്തിന്) മുൻപ് നിയ്യത്ത് ചെയ്യാത്തവന് നോമ്പില്ല. (അബുദാവൂദ്)

എന്നാൽ സുന്നത്ത് നോമ്പാണെങ്കിൽ രാത്രി കരുതിയില്ലെങ്കിലും (ഫജറിന് ശേഷം കരുതിയാൽ ) നോമ്പ് ശരിയാകും.

---

[٥٠] صحيح مسلم ٢٥٦٤ ، سنن الترمذي ١٩٢٧

[٥١] الإعلام بفوائد عمدة الأحكام (١/ ١٧٨)

[٥٢] أبو داود ٢٤٥٤،سنن الترمذي٧٣٠

പകൽ ഉറങ്ങി എഴുന്നേറ്റപ്പോൾ തനിക്ക് സുന്നത്ത് നോമ്പെടുക്കണം എന്ന് തോന്നുകയാണെങ്കിൽ അതിനു (മുൻപേ ഭക്ഷണപാനീയം )ഒന്നും കഴിച്ചില്ലെങ്കിൽ നോമ്പ് ശരിയാകും. നിയ്യത്ത് ചെയ്ത് ആ സമയം മുതൽ നോമ്പ് നോൽക്കാവുന്നതാണ്.

**റമളാൻ മാസത്തിലെ നോമ്പിൽ എല്ലാ ഓരോ രാത്രിയിലും നിയ്യത്ത് ചെയ്യേണ്ടതുണ്ടോ ? അതല്ല റമദാൻ മാസത്തിൽ ആദ്യത്തിൽ മാത്രം ചെയ്താൽ മതിയോ ?**

പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള കാര്യമാണിത്.

1. ഒന്നാമത്തെ അഭിപ്രായം : ഓരോ രാത്രിയിലും നിയ്യത്ത് ചെയ്യണം.

ഇമാം ശാഫിഈ, അബു ഹനീഫ, അഹ്മ്മദ്, رحمهم الله എന്നിവരുടെ അഭിപ്രായത്തിൽ ഓരോ രാത്രിയിലും നിയ്യത്ത് ചെയ്യണമെന്നാണ് . അതിന്ന് കാരണമായിപറഞ്ഞത് ഓരോ ദിവസത്തെ നോമ്പും പ്രത്യേകം പ്രത്യേകം ഇബാദത്താണ്.

2. രണ്ടാമത്തെ അഭിപ്രായം : റമളാൻ മാസത്തിലെ ആദ്യത്തെ രാത്രിയിൽ നിയ്യത്ത് ചെയ്താൽ മതി.

എന്നാൽ ഇമാം മാലിക് , ആധുനിക പണ്ഡിതന്മാരിൽ ചിലരും رحمهم الله ഏറ്റവും ശരിയായ അഭിപ്രായമായി പറഞ്ഞത് റമളാൻ മാസത്തിലെ ആദ്യത്തെ രാത്രിയിൽ നിയ്യത്ത് ചെയ്താൽ മതി എന്നാണ്.

റമദാൻ മാസത്തിൽ ആദ്യത്തിൽ മാത്രം നിയ്യത്ത് ചെയ്താൽ മതി എന്ന് പറയുന്നവർ അതിനിടയിൽ ( ഹയ്ദ്, യാത്ര പോലെയുള്ള കാരണത്താൽ ) നോമ്പ് ഒഴിവാക്കുന്ന ദിവസങ്ങൾ ഉണ്ടായാൽ ആ ഇടവേളക്ക് ശേഷം നോമ്പ് തുടരുമ്പോൾ നിയ്യത്ത് വീണ്ടും പുതുക്കേണ്ടതാണ് എന്നതാണ് അഭിപ്രായം.

*സുലൈമാൻ അറുഹൈലി حفظه الله ഈ വിഷയത്തിൽ പറയുകയാണ് : എല്ലാ ഓരോ ദിവസവും നിയ്യത്ത് ചെയ്യുക എന്നുള്ളതാണ് പൂർണരൂപം എന്നാൽ റമളാൻ മാസത്തിലെ ആദ്യത്തിൽ മാത്രം നിയ്യത്ത് ചെയ്താൽ അത് മതിയാവുന്നതുമാണ്.*[53]

[٥٣] من شرح دليل الطالب لشيخنا الشيخ سليمان الرحيلي

- നിയ്യത്ത് ഒരിക്കലും ചൊല്ലി പറയാൻ പാടില്ല അതിന്റെ സ്ഥാനം ഹൃദയമാണ് (മനസ്സാണ്).
  - രാത്രിയിലെ ഏതെങ്കിലും ഒരു നിമിഷത്തിൽ ഞാൻ നാളെ നോമ്പുകാരനാണ് എന്ന് മനസ്സിൽ കരുതിയാൽ മതിയാവുന്നതാണ്.
  - ഈ നിയ്യത്ത് നോമ്പ് അവസാനിക്കുന്നത് വരെ തന്നിൽ സഹഗമിക്കണം
  - ഇടക്ക് വെച്ച് ഞാൻ നോമ്പ് മുറിക്കുന്നു എന്ന് കരുതാൻ പാടില്ല. അങ്ങനെ ചെയ്താൽ അവന്റെ നോമ്പ് മുറിയുന്നതാണ്.
  - എന്നാൽ നോമ്പ് മുറിക്കണോ,വേണ്ടേ എന്ന സംശയം മാത്രമാണെങ്കിൽ അക്കാരണത്താൽ അവന്റെ നോമ്പ് മുറിയുകയില്ല.

**ആർത്തവക്കാരി രക്തം നിൽക്കുന്നത് മുൻപേ നാളെ 'ഞാൻ നോമ്പുകാരിയാണെന്ന് ' ഫജറിന് മുൻപേ കരുതിയാലുള്ള വിധി ?**

ഫജറിന് മുന്നേ രക്തം നിൽക്കാറുണ്ട് എന്ന് പതിവുള്ള സ്ത്രീയാണെങ്കിൽ അവളുടെ നോമ്പ് ശരിയാകും .കാരണം അവൾ ഉറപ്പോടുകൂടി ദൃഢതയോടെ കൂടിയാണ് കരുതിയത്.

എന്നാൽ അത് പതിവില്ലാത്ത സ്ത്രീയാണെങ്കിൽ അവളുടെ നോമ്പ് ശരിയാവുകയില്ല . കാരണം നിയ്യത്തെന്നുള്ളത് ഉറപ്പോടുകൂടിയായിരിക്കണം അവളുടെ മനസ്സിൽ 'രക്തം നിന്നാൽ നോമ്പ് എടുക്കാം ഇല്ലെങ്കിൽ നോമ്പ് വിടാം' എന്നുള്ള ഉദ്ദേശമായിരിക്കും.[54]

**ഒരാൾ രാത്രി നോമ്പിനു വേണ്ടി നിയ്യത്ത് ചെയ്യുകയും ശേഷം സൂര്യനുദിക്കുന്നതിനു മുൻപേ ഭക്ഷണപാനീയങ്ങൾ കഴിക്കുകയോ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ ചെയ്താലുള്ള വിധി?**

അവന്റെ നിയ്യത്തിനോ നോമ്പിനോ ഭംഗം വരുകയില്ല. നിയ്യത്ത് സാധു ആവുന്നതാണ്.

---

٥٤ من شرح دليل الطالب لشيخنا الشيخ سليمان الرحيلي

**നിയ്യത്തിന്റെ കൂടെ അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പറയുന്നതിന്റെ വിധി**

إن شاء الله എന്നു പറയുന്നത് അവന്റെ ഉദ്ദേശം പൂർത്തീകരിക്കാൻ അല്ലാഹുവിൽനിന്നുള്ള സഹായം ലഭിക്കണം എന്ന് മാത്രമാണെങ്കിൽ കുഴപ്പമില്ല.

എന്നാൽ 'നാളെ നോമ്പുകാരൻ ആയിരിക്കുമോ ഇല്ലയോ എന്ന് സംശയമാണ് 'എങ്കിൽ ആ നിയ്യത്ത് ശരിയാവുകയില്ല. കാരണം നിയ്യത്ത് എന്നുള്ളത് ദൃഢതയോടെ കൂടിയായിരിക്കണം.

**ശഅ്ബാൻ 29 പൂർത്തിയായ രാത്രിയിൽ റമദാൻ മാസപ്പിറവി സ്ഥിരീകരിച്ചോ ഇല്ലയോ എന്ന് അറിയുന്നതിന് മുൻപേ ഒരാൾ ഉറങ്ങി. ആ രാത്രിയിൽ 'നാളെ റമദാൻ ഒന്നാണെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് അയാൾ നിയ്യത്ത് ചെയ്യുകയും ചെയ്തു' . പിറ്റേന്ന് റമദാൻ ഒന്നാണെന്ന സ്ഥിതീകരണം അയാൾ അറിഞ്ഞത് ഫജറിന് ശേഷം ഉറങ്ങി എഴുന്നേറ്റപ്പോഴാണ്. ഇയാളുടെ വിധി എന്താണ്?**

രണ്ട് അഭിപ്രായമാണ് പണ്ഡിത ലോകത്തുള്ളത്

ഒന്ന് : അദ്ദേഹത്തിന് നിയ്യത്ത് സംശയത്തോടു കൂടി ദൃഢതയില്ലാത്തതിനാൽ നോമ്പ് ശരിയാവുകയില്ല എന്നുള്ളത്

രണ്ട് :അവന്റെ നോമ്പ് ശരിയാകും .കാരണം നിയ്യത്ത് "മാസപ്പിറവിയുടെ സ്ഥിരീകരണത്തെ" തുടർന്നുണ്ടാകേണ്ടതാണ്. * ഇമാം അഹ്മദ് ഇബ്നു തൈമിയ , ഇബിനു ഉസൈമീൻ رحمهم الله എന്നിവർ അഭിപ്രായപ്പെട്ടത് ( ഏറ്റവും ശരിയായതും) ഇതാണ് .

ഒരാൾ അത്താഴം കഴിക്കുകയും പിന്നീട് പകലിൽ 'താൻ ഫജറിന് മുൻപേ നിയ്യത്ത് ചെയ്തോ' എന്ന് സംശയത്തിലായാൽ?

അവൻ വസ്വാസിൽ ആവേണ്ടതില്ല. അത്താഴം എന്ന പ്രത്യേക പ്രവർത്തനം നിയ്യത്ത് ഉണ്ടാക്കിയതിനെ അറിയിക്കുന്നുണ്ട് . നോമ്പ് സാധു ആവുന്നതാണ്. [55]

---

٥٥ من شرح دليل الطالب لشيخنا الشيخ سليمان الرحيلي–

## مسائل تتعلق بصيام أهل الأعذار

## റമദാനിൽ നോമ്പ് ഒഴിവാക്കാൻ ഇളവ് നൽകപ്പെട്ടവർ

ഇസ്‌ലാം എളുപ്പത്തിന്റെയും വിട്ടുവീഴ്ചയുടെയും മതമാണ്. മനുഷ്യന്ന് താങ്ങാൻ കഴിയാത്ത പ്രവർത്തികൾ അവന്റെ മേൽ നിർബന്ധമാക്കുന്നില്ല എന്നുള്ളത് അല്ലാഹുവിന്റെ കാരുണ്യത്തിൽപെട്ടതാണ്.

നിർബന്ധമായ പലകർമ്മങ്ങളും ഒരുവന്ന് താങ്ങാൻ പറ്റുന്നതിലപ്പുറം പ്രയാസങ്ങൾ അനുഭവിക്കുന്ന സന്ദർഭങ്ങളിൽ ഇസ്‌ലാം അതിൽ ഇളവ് നൽകുന്നു.

യാത്രക്കാരന് നാല് റക്അത്തുള്ള നിസ്കാരം രണ്ട് റക്അത്തായി നിർവ്വഹിക്കാൻ ഇളവ് നൽകുന്നതും, ആർത്തവകാലത്ത് നഷ്ടപ്പെട്ടുപോയ നിസ്കാരം സ്ത്രീകൾക്ക് പിന്നീട് വീട്ടേണ്ടതില്ല എന്നതും , മറ്റും അതിനുള്ള ഉദാഹരണങ്ങളാണ്.

പ്രയാസങ്ങൾ അനുഭവിക്കുന്ന സന്ദർഭങ്ങളിൽ നോമ്പ് പിടിക്കുന്നതും ചിലർക്ക് ഇളവ് നൽകപ്പെട്ടിട്ടുണ്ട്. അത് ആർക്കൊക്കെയാണെന്നും അതിൻറെ കർമ്മശാസ്ത്ര വിധികൾ എന്താണെന്നും إن شاء الله നമുക്ക് മനസ്സിലാക്കാം.

ഇത്തരം പ്രയാസഘട്ടങ്ങളിലും ഇളവു നൽകപ്പെട്ടു കൊണ്ട് ആശ്വാസം അനുഭവിക്കുമ്പോൾ ഒരു മുഅ്മിനിൻ എങ്ങനെയാണ് തനിക്ക് നൽകിയ അനുഗ്രഹങ്ങളെ ഓർത്തുകൊണ്ട് അല്ലാഹുവിനെ എല്ലാറ്റിനേക്കാളും കൂടുതൽ സ്നേഹിക്കാതിരിക്കുക ! നന്ദി കാണിക്കാതിരിക്കുക!..

അവനോട് നന്ദി കാണിക്കുന്ന യഥാർത്ഥ അടിമകളുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ.... ആമീൻ

**റമദാനിൽ നോമ്പ് ഒഴിവാക്കാൻ ഇളവ് നൽകപ്പെട്ടവർ**

1. **<u>ഒന്ന് :രോഗികൾ</u>**

'നോമ്പ് ആർക്കൊക്കെയാണ് നിർബന്ധം' എന്ന അധ്യായത്തിൽ ആരോഗ്യപരമായ കഴിവുണ്ടായിരിക്കുക എന്നത് നോമ്പ് നിർബന്ധമകാ ാനുള്ള നിബന്ധനയാണെന്ന് വിവരിച്ച സമയത്ത് രോഗികളുടെ വിഷയം

നാം ചർച്ച ചെയ്തതാണ്. അനുബന്ധമായ വിഷയങ്ങൾ കൂടി ഇവിടെ പ്രതിപാദിക്കാം.

ചുരുക്കത്തിൽ രോഗികൾ രണ്ട് വിധത്തിലാണ് –

1. രോഗശമനം പ്രതീക്ഷയില്ലാത്ത രോഗികൾ : ഇവർ നോമ്പ് പിന്നീട് നോറ്റ് വീട്ടേണ്ടതില്ല, മറിച്ച് പ്രായശ്ചിത്തമായി ഓരോ നോമ്പിനും പകരമായി ഒരു പാവപ്പെട്ടവന് فدية (ഭക്ഷണം ) നൽകി നോമ്പ് ഒഴിവാക്കാവുന്നതാണ്.

2. രോഗശമനം പ്രതീക്ഷയുള്ളവർ : അവർ قضاء വീട്ടേണ്ടതാണ്.

**ശമനം പ്രതീക്ഷയില്ലാത്ത രോഗി فدية കൊടുക്കുകയും പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗം ഭേദമാവുകയും ചെയ്താൽ അവൻ കഴിഞ്ഞുപോയ നോമ്പ് قضاء വീട്ടേണ്ടതുണ്ടോ ?**

രണ്ട് പ്രബലമായഅഭിപ്രായമാണ് തദ് വിഷയത്തിൽ ഉള്ളത്

1) قضاء വീട്ടണം

2) قضاء വീട്ടേണ്ടതില്ല. അവൻ കൊടുത്ത ഫിദിയ അതിനുപകരമാവുന്നതാണ്. കാരണം : നോമ്പിന് പകരമായി ഫിദിയ കൊടുക്കുക വഴി അവന്റെ മേൽ നിർബന്ധമായ ബാധ്യത അവൻ നിർവഹിച്ചു കഴിഞ്ഞു. ഇബ്നു ഉസൈമീൻ رحمه الله ഇതാണ് അഭിപ്രായപ്പെട്ടത്.[56] ഈ അഭിപ്രായമാണ് കൂടുതൽ ശരി الله أعلم

**എപ്പോഴാണ് രോഗശമനം പ്രതീക്ഷയുള്ളവർക്ക് നോമ്പ് ഒഴിവാക്കാൻ അനുവാദം( രോഗം കൊണ്ട് ഉദ്ദേശിക്കുന്നത്)**

1. അവന് താങ്ങാൻ പറ്റുന്നതിലപ്പുറം പ്രയാസമുണ്ടാവുക. പ്രയാസങ്ങളില്ലാത്ത ചെറിയ രോഗങ്ങളുടെ പേരിൽ നോമ്പ് ഒഴിവാക്കൽ അവന് അനുവദനീയമല്ല .

2. നോമ്പ് എടുത്താൽ രോഗശമനം വൈകുമെന്ന് ഭയപ്പെട്ടാൽ .

---

[٥٦] مجموع فتاوى ورسائل العثيمين ١٩ /١٢٧

3. നോമ്പ് എടുത്താൽ രോഗം വർദ്ധിക്കും എന്ന് ഭയപ്പെട്ടാൽ.

ഇമാം നവവി رحمه الله പറയുന്നു ഞങ്ങളുടെ അടുക്കൽ നോമ്പ് ഒഴിവാക്കാൻ അനുവാദമുള്ള രോഗികളുടെ രോഗത്തിന്റെ മാനദണ്ഡം : താങ്ങാൻ പറ്റുന്നതിലപ്പുറം പ്രയാസം ഉണ്ടാവുക എന്നതാണ് , എന്നാൽ പ്രയാസങ്ങളില്ലാത്ത ചെറിയ രോഗങ്ങളുടെ പേരിൽ നോമ്പ് ഒഴിവാക്കൽ അവന് അനുവദനീയമല്ല എന്നതിൽ ഞങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ല . [57]

### فدية طعام مسكين (പാവപ്പെട്ടവന് ഭക്ഷണം കൊടുക്കൽ.)

**നൽകേണ്ട ഭക്ഷണത്തിന്റെ തോത്**

ഓരോ നോമ്പിനും പകരം ഒരു ദരിദ്രന് കഴിക്കാനുള്ള ഭക്ഷണം നൽകണം. . പാകം ചെയ്ത ഭക്ഷണമോ ധാന്യങ്ങളോ കൊടുക്കാവുന്നതാണ്.

- ✓ പാകം ചെയ്ത ഭക്ഷണമാണെങ്കിൽ ഒരാൾക്ക് വയറു നിറയെ കഴിക്കാനുള്ള ഭക്ഷണം കൊടുക്കണം.
- ✓ കൊടുക്കുന്നത് ധാന്യങ്ങളാണെങ്കിൽ(അരി , ഗോതമ്പു പോലെയുള്ളത്) പകുതി സ്വാഅ് ഏകദേശം ഒന്നര കിലോ ധാന്യ കൊടുക്കണം.

2. <u>രണ്ട് :അമിതമായ വിശപ്പും ദാഹവും കാരണത്താൽ മരണം ഭയപ്പെടുന്നവർ </u>( യാത്രക്കാരല്ലാത്ത ആരോഗ്യവാന്മാരാണെങ്കിലും)

യാത്രാ, രോഗം പോലെയുള്ള കാരണങ്ങളില്ലെങ്കിൽ പോലും കഠിനമായ വിശപ്പും ദാഹവും കാരണത്താൽ മരണപ്പെടുമെന്ന് ഭയപ്പെട്ടാൽ അവന് നോമ്പ് ഒഴിവാക്കൽ നിർബന്ധമാണ്. ഇത് പിന്നീട് നോറ്റു വീട്ടേണ്ടതാണ്.

എന്നാൽ പ്രത്യേകിച്ച് ഇളവുകളൊന്നുമില്ലെങ്കിൽ നോമ്പ് ഒഴിവാക്കൽ ഹറാമാണ്. ഇതിലേക്ക് സൂചന നൽകുന്ന ഒരു ഹദീസ്

---

٥٧ المجموع للنووي

**حدثني أبو أمامة قال سمعت رسول الله صلى الله عليه وسلم يقول بينما أنا نائم إذا أتاني رجلان ......ثم انطلقا بي فإذا قوم معلقون بعراقيبهم مشققة أشداقهم دما. قلت: من هؤلاء قال: هؤلاء الذين يفطرون قبل تحلة صومهم** [٥٨]

നബി ﷺ ഒരു സ്വപ്നം കണ്ടു അതിൽ ഒരാളെ തല കീഴ്മേലായി കെട്ടിയിടുകയും അവന്റെ വായിൽ നിന്ന് രക്തം ഒഴുകുകയും ചെയ്യുന്നു. നബി ﷺ മലക്കുകളോട് ചോദിച്ചു ആരാണ് ഇവർ? മലക്കുകൾ പറഞ്ഞു : നോമ്പ് മുറിക്കാൻ നിശ്ചയിക്കപ്പെട്ട സമയത്തിന് മുൻപേ നോമ്പ് മുറിച്ചവവരാണ് ഇവർ. ( നസാഇ , ഹാക്കിം - സഹീഹ് (അൽബാനി )

ഈ ഹദീസ് ഉദ്ധരിച്ചുകൊണ്ട് സുലൈമാൻ(حفظه الله) പറയുകയാണ് : ' നോമ്പുകാരനായിരിക്കെ നിശ്ചയിക്കപ്പെട്ട സമയത്തിന് മുൻപേ നോമ്പ് മുറിച്ചവന്റെ അവസ്ഥ ഇതാണെങ്കിൽ എന്തായിരിക്കും മനപ്പൂർവ്വം നോമ്പ് തന്നെ ഒഴിവാക്കിയവന്റെ അവസ്ഥ!' [59]

**മനപ്പൂർവ്വം നോമ്പ് ഒഴിവാക്കിയവന്റെ മേൽ നിർബന്ധമായിട്ടുള്ളത്** :

1) ആത്മാർത്ഥമായി തൗബ ചെയ്യുക.
2) ബാക്കിയുള്ള റമദാൻ നോമ്പുകൾ ഒഴിവാക്കാതിരിക്കുക.
3) ഒഴിവായ നോമ്പുകൾ قضاء വീട്ടുക.

### 3. <u>മൂന്ന് :യാത്രക്കാർ</u>

യാത്രക്കാർക്ക് നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ് . ഇത് ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും ഇജ്മാഅ കൊണ്ടും സ്ഥിരപ്പെട്ടതാണ്.

{وَمَنْ كَانَ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ} البقرة (١٨٤)

---

[٥٨] أخرجه النسائي في "السنن الكبرى" (٣٢٨٦/٢٤٦/٢/٤) – مختصراً–، وابن خزيمة في "صحيحه " (١٩٨٦/٢٣٧/٣) والحاكم (٤٣٠/١و٢٠٩/٢)

[٥٩] من شرح دليل الطالب لشيخنا الشيخ سليمان الرحيلي

“ആരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയും ചെയ്താൽ പകരം മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം നോമ്പ് എടുക്കേണ്ടതാണ്.”

ഹദീസിൽ നിന്ന് :

**عَنْ أَنَسِ بْنِ مَالِكٍ قَالَ: «كُنَّا نُسَافِرُ مَعَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَلَمْ يَعِبِ الصَّائِمُ عَلَى الْمُفْطِرِ، وَلاَ الْمُفْطِرُ عَلَى الصَّائِمِ»**[٦٠]

അനസ് ﷺ നിവേദനം “ഞങ്ങൾ നബി ﷺ യോടൊപ്പം യാത്ര ചെയ്യാറുണ്ടായിരുന്നു .അപ്പോൾ ഞങ്ങളിൽ നോമ്പുള്ളവരും നോമ്പില്ലാത്തവരും ഉണ്ടായിരുന്നു .നോമ്പ് പിടിച്ചവരും നോമ്പു പിടിക്കാത്തവരും പരസ്പരം ആക്ഷേപിക്കുകയുണ്ടായിട്ടില്ല...

ഈ വിഷയത്തിൽ ഇജ്മാഅ് ഉണ്ട് എന്ന് ഇബ്നു ഖുദാമ ഇമാം നവവി رحمهما الله എന്നിവർ ഉദ്ധരിക്കുന്നു

<u>നോമ്പുകാരായ യാത്രക്കാരുമായി ബന്ധപ്പെട്ട മസ്അലകൾ</u>

**ഏത് സമയത്തുള്ള യാത്രയാണെങ്കിലും നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ് . ഉദാഹരണത്തിന്:**

റമദാനിൽ ഫജറിനെ മുൻപോ ശേഷമോ യാത്ര തുടങ്ങിയാലും നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ്.

ഒരാൾ റമദാനിനു മുൻപേ യാത്ര ആരംഭിക്കുകയും ,യാത്രക്കാരനായിരിക്കെ റമളാൻ പിറക്കുകയും ചെയ്താൽ യാത്രക്കാരനായി പരിഗണിക്കുന്ന ദിവസത്തോളം അവന്ന് നോമ്പ് ഒഴിവാക്കൽ അനുവദനീയമാണ്.

**നോമ്പ് ഒഴിവാക്കൽ അനുവദനീയമായ യാത്രക്കാരുടെ യാത്രാ ദൂരത്തിന്റെ പരിധി എത്രയാണ്. ?**

നോമ്പ് ഒഴിവാക്കൽ അനുവദനീയമായ യാത്ര ദൂരത്തിന്റെ പരിധി നിസ്കാരം ചുരുക്കി നിസ്കരിക്കൽ അനുവദനീയമായ അളവാണെന്ന് (80 കിലോമീറ്ററാണെന്ന് ) ഒരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു ;ഇമാം മാലിക്, ശാഫിഈ, അഹ്മദ് رحمهم الله പോലെയുള്ള പൗരാ

[٦٠] البخاري (١٩٤٧)، ومسلم (١١١٨)

ണിക പണ്ഡിതരുടെയും ഇബ്നു ഉസൈമീന്, ഇബ്നു ബാസ് رحمه الله, തുടങ്ങിയ ആധുനിക പണ്ഡിതരുടെയും അഭിപ്രായം ഇപ്രകാരമാണ്.

**യാത്രക്കാരന് നോമ്പ് എടുക്കാമോ ?**

യാത്രക്കാരനോ രോഗിയോ നോമ്പെടുത്താൽ അവർ പിന്നീട് വീട്ടേണ്ട തില്ല കാരണം : അവർ നോമ്പ് അനുഷ്ഠിക്കേണ്ടതില്ല എന്ന നിയമം رخصة 'ഇളവ് ' മാത്രമാണ് ആ ഇളവ് ഉപേക്ഷിച്ചുകൊണ്ട് അവർക്ക് നോമ്പ് നോൽക്കാവുന്നതാണ്.

**യാത്രക്കാരന് നോമ്പ് എടുക്കുന്നതോ ഉപേക്ഷിക്കുന്നതോ കൂടുതൽ ഉത്തമം ?**

യാത്രമൂലം പ്രയാസമൊന്നും അനുഭവപ്പെടുന്നില്ലെങ്കിൽ നോമ്പ് നോൽ ക്കുന്നതും , പ്രയാസം തോന്നുന്നുവെങ്കിൽ ഒഴിവാക്കുന്നതുമാണ് ഉ ത്തമം.

**عَنْ أَبِي سَعِيدٍ قَالَ: «كُنَّا نُسَافِرُ مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَمِنَّا الصَّائِمُ، وَمِنَّا الْمُفْطِرُ، فَلَا يَجِدُ الْمُفْطِرُ عَلَى الصَّائِمِ، وَلَا الصَّائِمُ عَلَى الْمُفْطِرِ، فَكَانُوا يَرَوْنَ أَنَّهُ مَنْ وَجَدَ قُوَّةً فَصَامَ فَحَسَنٌ، وَمَنْ وَجَدَ ضَعْفًا فَأَفْطَرَ فَحَسَنٌ»**[٦١]

അബൂ സഈദിൽ ഖുദ്രി ﷺ نهعيضر നിവേദനം : ഞങ്ങൾ നബിﷺ യുടെ കൂടെ റമദാൻ മാസത്തിൽ യുദ്ധത്തിനു പുറപ്പെട്ടു ഞങ്ങളുടെ കൂട്ടത്തിൽ നോമ്പുകാരും നോമ്പ് ഇല്ലാത്തവരും ഉണ്ടായിരുന്നു. നോമ്പുകാർ നോമ്പില്ലാത്ത വരെയോ നോമ്പ് നോൽക്കാത്തവർ നോമ്പെടുത്തവരെ ആക്ഷേപിക്കുകയുണ്ടായിട്ടില്ല . നോമ്പ് എടുക്കാൻ കഴിയുമെങ്കിൽ നോമ്പ് എടുക്കുന്നതും ശേഷി കുറവാണെങ്കിൽ നോമ്പ് ഒഴിവാക്കുന്ന തുമാണ് ഉത്തമം എന്നായിരുന്നു ഞങ്ങൾ മനസ്സിലാക്കിയിരുന്നത്. (തിർമിദി).

---

[٦١] سنن الترمذي

**നോമ്പുകാരനായിരിക്കെ ഒരു യാത്രക്കാരന് മൂന്ന് അവസ്ഥകളാണുണ്ടാവുക**

1) യാത്രക്കാരനായിരിക്കെ നോമ്പ് അവന്ന് വളരെ പ്രയാസമുണ്ടാക്കും : ഇവിടെ നോമ്പ് ഒഴിവാക്കലാണ് അവന്ന് ഉത്തമം.

**عن جابر – رضي الله عنه – قال النبي «ليس من البر الصيام في السفر»**[٦٢]

നബി ﷺ പറഞ്ഞു യാത്രയിൽ നോമ്പ് എടുക്കുൽ നന്മയിൽപെട്ടതല്ല.

2) പ്രത്യേകിച്ച് പ്രയാസങ്ങളൊന്നുമില്ല മറ്റുള്ളവരോടൊപ്പം റമദാനിൽ നോമ്പ് നോൽക്കുന്നതാണ് എളുപ്പമെങ്കിൽ : നോമ്പു നോൽക്കുന്നതാണ് ഉത്തമം.

**عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا، أَنَّهَا قَالَتْ: «مَا خُيِّرَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ بَيْنَ أَمْرَيْنِ إِلَّا أَخَذَ أَيْسَرَهُمَا......**[٦٣]

ആഇശയിൽ رضي الله عنها നിന്ന് നിവേദനം ( പാപമല്ലാത്ത ) രണ്ട് കാര്യങ്ങളിൽ ഏറ്റവും എളുപ്പമുള്ളതായിരുന്നു നബി ﷺ തെരഞ്ഞെടുത്തിരുന്നത്.

3) പ്രത്യേകിച്ച് പ്രയാസമോ എളുപ്പമോ ഇല്ല , രണ്ടും സമമാണെങ്കിൽ : അവന്ന് ഏറ്റവും ഉത്തമം നോമ്പ് പിടിക്കലാണ്.

**حمزة بن عمرو الأسلمي – رضي الله عنه أن رسول الله – صلى الله عليه وسلم – قال: «هي رخصة من الله، فمن أخذها فحسن ومن أحب أن يصوم فلا جناح عليه»**[٦٤]

നബി ﷺ പറഞ്ഞു : അത് അല്ലാഹുവിൽനിന്നുള്ള ഇളവാണ് . ആരെങ്കിലും ആ ഇളവ് സ്വീകരിച്ചാൽ അതാണ് ഉത്തമം. ആര് നോമ്പ് നോൽക്കാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ അവന്റെ മേൽ കുറ്റമില്ല.

---

[٦٢] أخرجه البخاري (١٩٤٦)، ومسلم (١١١٥)
[٦٣] أخرجه البخاري (٦١٢٦)، ومسلم (٦١١٥)
[٦٤] صحيح مسلم (١١٢١)

വ്യത്യസ്ത കാരണത്താൽ നോമ്പ് പിടിക്കലാണ് അവന്ന് ഉത്തമം : [65]

1. ബാധ്യതയിൽ നിന്ന് അവൻ മുക്തനാകും.
2. ഏറ്റവും ശ്രേഷ്ഠമായ സമയമാണ് റമദാൻ മാസം. അവൻ പിന്നീട് നോൽക്കുകയാണെങ്കിൽ റമദാൻ അല്ലാത്ത മാസത്തിലാണല്ലോ വീട്ടേണ്ടത്.
3. യാത്രക്കാരനായിരിക്കെ നോമ്പ് പിടിക്കലായിരുന്നു പ്രവാചകചര്യ.

**യാത്രക്കാരനായിരിക്കെ പകലിൽ ഒരാൾ നോമ്പുകാരനായി പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ അവന് നോമ്പ് മുറിക്കാമോ?**

ഭൂരിഭാഗം പണ്ഡിതരും മുറിക്കാം എന്ന അഭിപ്രായമാണ്.

നോമ്പ് മുറിക്കാം എന്നതിന് ഇവർ തെളിവു പിടിച്ചത് താഴെ കൊടുത്ത ഹദീസാണ്

**ابن عباس – رضي الله عنهما –، في "الصحيحين"، أن رسول الله – صلى الله عليه وسلم – خرج إلى مكة في رمضان فصام حتى بلغ الكَدْيد أفطر، فأفطر الناس...**[٦٦]

ഇബ്നു അബ്ബാസ് رضي الله عنهما നിവേദനം ഒരു റമദാനിൽ നബി ﷺ മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ എത്തുന്നതിനു മുൻപേ 'കദ്യദ് ' എന്ന പ്രദേശത്ത് വെച്ച് അദ്ദേഹം നോമ്പു മുറിച്ചു. അപ്പോൾ ജനങ്ങളും അദ്ദേഹത്തിന്റെ ﷺ കൂടെ നോമ്പ് മുറിച്ചു . (ബുഖാരി മുസ്‌ലിം).

**യാത്രക്കാരനായതിനാൽ നോമ്പില്ലാത്ത അവസ്ഥയിൽ സ്വന്തം നാട്ടിൽ പകലിൽ തിരിച്ചെത്തി. ബാക്കിയുള്ള സമയം ഭക്ഷണം കഴിക്കാതെ പിടിച്ചുവയ്ക്കൽ അവന് നിർബന്ധമാണോ.?**

അവന്റെ മേൽ നിർബന്ധമല്ല. എന്നതാണ് പ്രബലമായ അഭിപ്രായം. എന്നാൽ നോമ്പിന്റെ പവിത്രതയെ മാനിച്ചില്ല എന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കാതിരിക്കാൻ രഹസ്യമായി ഭക്ഷണം കഴിക്കലാണ് ഉത്തമം.

---

[٦٥] من شرح دليل الطالب لشيخنا الشيخ سليمان الرحيلي و "الشرح الممتع

[٦٦] (١) أخرجه البخاري (١٩٤٤)، ومسلم (١١١٣)

**യാത്രക്കാരനായതിനാൽ നോമ്പില്ലാത്ത അവസ്ഥയിൽ നാട്ടിൽ പകലിൽ തിരിച്ചെത്തിയപ്പോൾ ഭാര്യ ആർത്തവകാലം കഴിഞ്ഞ് ആ പകലിന്റെ പകുതിയിൽ ശുദ്ധിയായിരിക്കുന്നു. എങ്കിൽ അവർ തമ്മിൽ ബന്ധപ്പെടാമോ?**

അവർക്ക് ഭക്ഷണം കഴിക്കുകയും ബന്ധപ്പെടുകയും ചെയ്യാം എന്നതാണ് പ്രബലമായ അഭിപ്രായം.

ഇമാം ശാഫിഈ رحمه الله അഭിപ്രായപ്പെട്ടത്: 'നോമ്പിന്റെ പവിത്രതയെ മാനിച്ചില്ല എന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കാതിരിക്കാൻ

അവർ രണ്ടുപേരും രഹസ്യമായി ഭക്ഷണം കഴിക്കുകയും ബന്ധപ്പെട്ടത് ആരും അറിയാതിരിക്കുകയും ചെയ്യലാണ് ഉത്തമം.'

### 4. <u>നാല്:</u> രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവരും വൃദ്ധന്മാരും:

രോഗശമനത്തിൽ പ്രതീക്ഷയില്ലാത്തവരും (പക്ഷവാദം പോലെയുള്ള നിത്യരോഗികൾ) , നോമ്പ് എടുക്കാൻ സാധിക്കാത്ത വിധം വാർദ്ധക്യത്തിലായ വൃദ്ധന്മാരും

1. താൻ പറയുന്നത് എന്താണെന്ന് പോലും മനസ്സിലാക്കാൻ പറ്റാത്തത്രയും വാർദ്ധക്യത്തിലായവർക്ക് നോമ്പ് മാത്രമല്ല ഒരു ഇബാദത്തും നിർബന്ധമല്ല.

2. അങ്ങേയറ്റത്തെ വാർദ്ധക്യത്തിലല്ല പക്ഷേ അനാരോഗ്യം കാരണത്താൽ നോമ്പ് എടുക്കാൻ സാധിക്കുന്നില്ല : അവർ നോമ്പ് ഖദാഅ് വീട്ടേണ്ടതില്ല , മറിച്ച് ഓരോ നോമ്പിനും ഒരു പാവപ്പെട്ടവന് ഭക്ഷണം കൊടുത്താൽ മതി.

**عَنْ عَطَاءٍ، سَمِعَ ابْنَ عَبَّاسٍ، يَقْرَأُ وَعَلَى الَّذِينَ يُطَوَّقُونَهُ فَلاَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ قَالَ ابْنُ عَبَّاسٍ: «لَيْسَتْ بِمَنْسُوخَةٍ هُوَ الشَّيْخُ الكَبِيرُ، وَالمَرْأَةُ الكَبِيرَةُ لاَ يَسْتَطِيعَانِ أَنْ يَصُومَا، فَيُطْعِمَانِ مَكَانَ كُلِّ يَوْمٍ مِسْكِينًا»** صحيح البخاري – ٤٥٠٥

അത്താഅ് –رحمه الله പറയുന്നു ഇബ്നു അബ്ബാസ് رضي الله عنهما ‘ ഞെരുക്കത്തോടെ അല്ലാതെ നോമ്പ് എടുക്കാൻ സാധിക്കാത്തവർ പകരമായി ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ് ‘

**وَعَلَى الَّذِينَ يُطَوَّقُونَهُ فَلاَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ**

എന്ന ആയത്ത് ഓതി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: ഈ ആയത്തിന്റെ വിധി ദുർബലപ്പെടുത്തപ്പെട്ടിട്ടില്ല അതായത് പ്രായമുള്ള സ്ത്രീകളും പുരുഷന്മാരും നോമ്പ് എടുക്കാൻ കഴിയില്ലെന്ന് കണ്ടാൽ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽകിയാൽ മതിയാകുന്നതാണ് (സ്വഹീഹിൽ ബുഖാരി)

ഖതാദ رحمه الله പറയുകയാണ് അനസുബ്നു മാലിക് رضي الله عنه പ്രായാധിക്യത്തിൽ ബലഹീനനാവുകയും തങ്ങളുടെ മരണത്തിന് തൊട്ടു മുൻപേയുള്ള വർഷത്തിലുള്ള നോമ്പ് ഒഴിവാക്കുകയും ചെയ്തു. പിന്നീട് പ്രത്യേകം ഭക്ഷണം ഉണ്ടാക്കി മുപ്പത് പാവപ്പെട്ടവരെ ഭക്ഷിപ്പിക്കുകയും ചെയ്തു. [67]

### 5. അഞ്ച് : ഗർഭിണികളും മുലയൂട്ടുന്നവരും

ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പ് മുഖേന തങ്ങൾക്കോ കുട്ടികൾക്കോ പ്രയാസം വരും എന്ന് ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കാവുന്നതാണ്. പിന്നീട് നോമ്പ് ഖദാഅ് വീട്ടേണ്ടതാണ്.

ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പ് മുഖേന തങ്ങൾക്കോ കുട്ടികൾക്കോ പ്രയാസം വരുമെന്ന്

ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കാവുന്നതാണ്. അവർക്കുള്ള വിധി താഴെ വിവരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഭയമില്ലാത്ത ആരോഗ്യവതികളായ സ്ത്രീകളാണെങ്കിൽ അവർക്ക് നോമ്പ് നിർബന്ധമാണ്.

നഷ്ടപ്പെട്ട നോമ്പുകളുടെ വിഷയത്തിൽ സ്ത്രീകൾ പലപ്പോഴും ആശയക്കുഴപ്പത്തിലാവാറുള്ളതിനാൽ ഇതല്പം വിശദമായി നമുക്ക് മനസ്സിലാക്കാം .

---

[٦٧] رواه الدارقطني – صححه الألباني في الإرواء

**ഗർഭിണികളുടെയും മുലയൂട്ടുന്ന സ്ത്രീകളുടെയും നോമ്പിൻറെ വ്യ ത്യസ്ത അവസ്ഥകൾ**

1. നോമ്പ് തങ്ങളുടെയോ കുട്ടികളുടെയോ ആരോഗ്യത്തെ പ്രതികൂ ലമായി ബാധിക്കുമെന്ന് ഭയപ്പെട്ടാൽ :
   - ഇവർക്ക് നോമ്പ് ഒഴിവാക്കാം.
   - പിന്നീട് നോമ്പ് ഖദാഅ് വീട്ടേണ്ടതാണ് .
   - പ്രായശ്ചിത്തമായി ഭക്ഷണം നൽകേണ്ടതില്ല.

ഇവർക്ക് രോഗികൾക്കുള്ള വിധിയാണ് . അസുഖം മാറിയാൽ രോഗിക ൾ ഖദാഅ് വീട്ടണമെന്നത് പോലെ ഇവർ പിന്നീട് നോമ്പ് നോറ്റ് വീട്ടേണ്ട താണ്.

ഇബ്നു ഖുദാമ رحمه الله പറഞ്ഞു : ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീക ളും ആരോഗ്യം ക്ഷയിക്കുമെന്ന് ഭയപ്പെട്ടാൽ അവർക്ക് നോമ്പ് ഒഴിവാ ക്കാവുന്നതാണ് ഖദാഅ് വീട്ടിയാൽ മാത്രം മതി . ഈ വിഷയത്തിൽ പ ണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ളതായി നാം അറിയില്ല .[68]

ഇമാം നവവി رحمه الله അദ്ദേഹത്തിന്റെ മജ്മൂഇൽ പറയുന്നു 'നമ്മുടെ (ശാഫിഈ ) മദ്ഹബുകാർ പറയുന്നു: ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും തങ്ങളുടെ അനാരോഗ്യം ഭയപ്പെടുകയാണെങ്കിൽ അവർ നോമ്പ് ഒഴിവാക്കുകയും അത് പിന്നീട് ഖദാഅ് വീട്ടുകയും ചെയ്താൽ മതി, (فدية )ഭക്ഷണം കൊടുക്കേണ്ടതില്ല, ഇത് അഭിപ്രായ വ്യത്യാസമി ല്ലാത്ത കാര്യമാണ് . അപ്രകാരം തന്നെയാണ് സ്വന്തത്തോടൊപ്പം തങ്ങ ളുടെ കുട്ടികളുടെ വിഷയത്തിലും പ്രയാസങ്ങൾ ഭയപ്പെടുന്നവരും ചെ യ്യേണ്ടത്. ' [69]

2. ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും സ്വന്തം അനാരോഗ്യം ഭയ മില്ലാതെ കുട്ടികളുടെ വിഷയത്തിൽ മാത്രം ഭയപ്പെട്ടാൽ : ഇതിൽ രണ്ട് അവസ്ഥകളാണുള്ളത് :

---

٦٨ المغني لابن قدامة (٤/ ٣٩٤ ت التركي)

٦٩ المجموع شرح المهذب (٦/ ٢٦٧ ط المنيرية)

**1. നോമ്പ് ഒഴിവാക്കൽ നിർബന്ധം :**

ഗർഭസ്ഥ ശിശുവിന്റെ വളർച്ചക്കോ, ജീവനോ പ്രയാസമുണ്ടാകുമെന്ന് വിശ്വാസയോഗ്യരായ ഡോക്ടർമാർ അറിയിക്കുകയാണെങ്കിൽ അവൾ നോമ്പ് ഒഴിവാക്കൽ നിർബന്ധമാണ്.

**2. നോമ്പ് ഒഴിവാക്കൽ അനുവദനീയം**

ഗർഭിണികൾക്കുണ്ടാകുന്ന സാധാരണ പ്രയാസങ്ങൾക്കപ്പുറം പ്രയാസങ്ങൾ വർദ്ധിക്കുകയാണെങ്കിലും. , നോമ്പ് നോറ്റാൽ അവൾ ബലഹീനയാവുകയാണെങ്കിലും. അവർക്ക് നോമ്പ് ഒഴിവാക്കാവുന്നതാണ്,

മുലയൂട്ടുന്ന സ്ത്രീകൾക്കും നോമ്പ് കാരണത്താൽ പാല് കുറയുകയാണെങ്കിൽ നോമ്പ് ഒഴിവാക്കാവുന്നതാണ്.

ഇവരുടെ നഷ്ടപ്പെട്ടുപോയ നോമ്പുകൾക്കുള്ള വിധി എന്താണെന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്

പ്രധാനമായും മൂന്ന് അഭിപ്രായങ്ങളാണുള്ളത് :

1) നഷ്ടപ്പെട്ടുപോയ നോമ്പ് പിന്നീട് ഖദാഅ് വീട്ടുകയും, (فِديَة ): പാവപ്പെട്ടവന് ഭക്ഷണം കൊടുക്കുകയും വേണം ( ശാഫിഇ ,ഹമ്പലി മദ്ഹബുകളുടെ അഭിപ്രായം ഇതാണ്. )
2) ഖദാഅ് വീട്ടിയാൽ മാത്രം മതി .
3) (فِديَة ) പാവപ്പെട്ടവന് ഭക്ഷണം കൊടുത്താൽ മാത്രം മതി .

ഇതിൽ ഏറ്റവും ശരിയായി മനസ്സിലാകുന്നത് ഒന്നാമത്തെ അഭിപ്രായമാണ് – الله أعلم [70]

**6. ആറ് : ആർത്തവകാരികളും പ്രസവരക്തം ഒഴുകുന്നതുമായ സ്ത്രീകൾ**

- സ്ത്രീകൾക്ക് ആർത്തവ കാലത്തും പ്രസവരക്തം ഒഴുകുന്ന സമയത്തും നോമ്പ് നിർബന്ധമില്ല.
- ഇത്തരം സമയങ്ങളിൽ നോമ്പ് പിടിക്കൽ ഹറാമാണ് .

---

٧٠ من شرح دليل الطالب لشيخنا الشيخ سليمان الرحيلي

- ✘ നോമ്പ് പിടിച്ചാൽ സഹീഹ് ആവുകയുമില്ല.
- ✘ പിന്നീട് നോമ്പ് ഖദാഅ് വീട്ടേണ്ടതാണ്.

അതിൽ ഇജ്മാഅ് ഉണ്ട് എന്ന് പണ്ഡിതന്മാർ ഉദ്ധരിക്കുന്നു.

**ആർത്തവകാലം കഴിഞ്ഞ് ആ പകലിന്റെ പകുതിയിൽ ശുദ്ധിയായയാൽ ബാക്കിയുള്ള സമയം ഭക്ഷണം കഴിക്കാതെ പിടിച്ചുവയ്ക്കൽ നിർബന്ധമാണോ.?**

നിർബന്ധമല്ല എന്നതാണ് പ്രബലമായ അഭിപ്രായം. നോമ്പിന്റെ പവിത്രതയെ മാനിച്ചില്ല എന്ന് മറ്റുള്ളവർ തെറ്റിദ്ധരിക്കാതിരിക്കാൻ പരസ്യമായി കഴിക്കാതിരിക്കലാണ് ഉചിതം.

### 7. ഏഴ് : ഭ്രാന്തൻ

ഭ്രാന്തന് ആ അവസ്ഥയിൽ നോമ്പ് നിർബന്ധമില്ല എന്നതിന് ഇജ്മാഅ് ഉണ്ട്. സ്വബോധാവസ്ഥ തിരിച്ചു കിട്ടിയാൽ ഭ്രാന്തായ സമയത്ത് നഷ്ടപ്പെട്ടുപോയ നോമ്പുകൾ ഖദാഅ് വീട്ടേണ്ടതില്ല.

### 8. എട്ട് : പ്രായപൂർത്തിയാകാത്ത കുട്ടികൾ

പ്രായപൂർത്തിയാകാത്ത കുട്ടികളുടെ മേൽ നോമ്പ് നിർബന്ധമില്ല . പ്രായപൂർത്തിയാവുക എന്നുള്ളത് നോമ്പ് സഹീഹ് ആകാനുള്ള ശർത്തല്ല. ആ അവസ്ഥയിൽ നോമ്പ് എടുത്താൽ അവന്റെ നോമ്പ് സഹീഹ് ആണ്.

عَنْ عَلِيٍّ عليه السلام، عَنِ النَّبِيِّ صَلى الله عَلَيهِ وَسَلمَ قَالَ: رُفِعَ الْقَلَمُ عَنْ ثَلاَثَةٍ: عَنِ النَّائِمِ حَتَّى يَسْتَيْقِظَ، وَعَنِ الصَّبِيِّ حَتَّى يَحْتَلِمَ، وَعَنِ الْمَجْنُونِ حَتَّى يَعْقِلَ.

നബി ﷺ പറഞ്ഞു : മൂന്നു വിഭാഗം ആളുകൾ നിന്ന് പേന ഉയർത്തപ്പെട്ടിരിക്കുന്നു ( അഥവാ ദീനീ നിയമങ്ങൾ അവർക്ക് ബാധകമല്ല ) ഉറങ്ങുന്നവർ ഉറങ്ങി എഴുന്നേൽക്കുന്നത് വരെയും കുട്ടി പ്രായപൂർത്തി ആകുന്നത് വരെയും ബുദ്ധിഭ്രമം സംഭവിച്ചവന് ബുദ്ധിശക്തി തിരികെ കിട്ടുന്നത് വരെയും.

# مفطرات الصوم

# നോമ്പ് മുറിയുന്ന കാര്യങ്ങൾ

നോമ്പുകാരൻ താഴെപ്പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് മനപ്പൂർവ്വം ചെയ്താൽ(ഫർദ് നോമ്പാണെങ്കിൽ) കുറ്റക്കാരനാകുന്നതും നോമ്പ് ബാത്തിലാകുന്നതുമാണ്.

നോമ്പ് മുറിയുന്നകാര്യങ്ങൾ ചുരുക്കത്തിൽ താഴെപ്പറയുന്നവയാണ്.

1) അന്ന പാനീയങ്ങൾ കഴിക്കൽ.
2) ലൈംഗികബന്ധത്തിലേർപ്പെട്ടാൽ ( ഇണ ചേർന്നാൽ) .
3) ശാരീരികബന്ധം(വികാരത്തോടെയുള്ള സ്പർശനത്താലോ ചുംബനത്താലോ മറ്റോ) കാരണത്താൽ ഇന്ദ്രിയം പുറപ്പെട്ടാൽ.
4) സ്ത്രീകൾക്ക് മാസമുറയോ(ആർത്തവരക്തമോ)പ്രസവാനന്തര രക്തസ്രാവമോ ഉണ്ടായാൽ.
5) മനപ്പൂർവ്വം ചർദിച്ചാൽ.

ഇതിൽ ഓരോന്നും ചുവടെ വിശദീകരിക്കുന്നതാണ്

1. <u>ഒന്ന് : ഭക്ഷിക്കലും കുടിക്കലും.</u>

﴿وَكُلُواْ وَٱشۡرَبُواْ حَتَّىٰ يَتَبَيَّنَ لَكُمُ ٱلۡخَيۡطُ ٱلۡأَبۡيَضُ مِنَ ٱلۡخَيۡطِ ٱلۡأَسۡوَدِ مِنَ ٱلۡفَجۡرِۖ ثُمَّ أَتِمُّواْ ٱلصِّيَامَ إِلَى ٱلَّيۡلِۚ﴾ [البقرة: ١٨٧]

“പ്രഭാതമാകുന്ന വെളുത്ത ഇഴയിൽ നിന്ന് കറുത്ത ഇഴ വേർതിരിച്ചു മനസ്സിലാക്കാൻ സാധിക്കുന്നത് (സുബ്ഹി) വരെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നിട്ട് രാത്രിയാകും (മഗരിബ്) വരെ നിങ്ങൾ നോമ്പ് പൂർണമായി അനുഷ്ഠിക്കുകയും ചെയ്യുക."

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: "كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ، الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعمِائَة ضِعْفٍ، قَالَ اللهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ وَطَعَامَهُ مِنْ أَجْلِي "

അബൂഹുറൈറ ﷺ നിവേദനം: നബി ﷺ പറഞ്ഞു: 'പ്രതാപവാനും ഉന്നതനുമായ അല്ലാഹു പറഞ്ഞു: മനുഷ്യന്റെ കർമങ്ങളെല്ലാം അവന്നു ള്ളതാണ്; നോമ്പൊഴികെ, നിശ്ചയമായും അത് എനിക്കുള്ളതാണ്. ഞാനാണ് അതിനു പ്രതിഫലം നൽകുക. (മുസ്‌ലിം)

ഭക്ഷണം കഴിക്കുകയും കുടിക്കുകയും വഴി നോമ്പ് ബാത്തിലാകും (അസാധുവാകും) എന്നതിൽ ഇജ്മാഅ്‌ ഉണ്ട് എന്ന് ഇബ്നു ഹസം, ഇബ്നു മുന്തിർ, ഇബ്നു ഖുദാമ رحمهم الله തുടങ്ങിയവർ പറഞ്ഞിട്ടുണ്ട് .[71]

**ഭക്ഷണപാനീയങ്ങൾ വായിൽ കൂടി പ്രവേശിച്ചാൽ മാത്രമാണോ നോമ്പു മുറിയുക ?**

ഭക്ഷണപാനീയങ്ങളായി ഗണിക്കുന്ന ഏതു വസ്തുവും വായിൽ കൂടിയോ, മൂക്കിൽ കൂടിയോ, രോഗികൾക്ക് മറ്റ് അവയവങ്ങളിൽ കൂടി ദ്വാരം ഉണ്ടാക്കിയോ ആമാശയത്തിലേക്ക് പ്രവേശിപ്പിച്ചാൽ നോമ്പ് മുറി യുന്നതാണ്.

വായയിൽ കൂടിയാണ് സാധാരണ നിലയിൽ ഭക്ഷണം കഴിക്കാറെങ്കിലും രോഗികൾക്കും മറ്റും മൂക്കിൽ കൂടി ഭക്ഷണം കൊടുക്കാറുണ്ട്. കാരണം മൂക്കും ആമാശയത്തിലേക്കുള്ള പ്രവേശനദ്വാരമാണ്.

ഇക്കാരണത്താലാണ് നോമ്പുകാരൻ മൂക്കിൽ വെള്ളം വലിച്ചുകേറ്റുന്ന തിനേ നബി ﷺ വിലക്കിയത്.

ചുരുക്കത്തിൽ ഏത് സംവിധാനം വഴിയും ആമാശയത്തിലേക്ക് ഭക്ഷണ മായി വല്ലതും പ്രവേശിപ്പിച്ചാൽ അവന്റെ നോമ്പ് മുറിയുന്നതാണ്.

[71] "المغني" (٣/ ١٤)، "المجموع" (٦/ ٣١٣)، "المحلى" (٧٣٣)

**മറന്നുകൊണ്ട് തിന്നുകയും കുടുിക്കുകയും ചെയ്താലുള്ള വിധി?**

നോമ്പ് മുറിയുകയില്ല. ബാക്കിയുള്ള സമയം നോമ്പുകാരനായി തുടരേണ്ടതാണ്.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ نَسِيَ وَهُوَ صَائِمٌ فَأَكَلَ أَوْ شَرِبَ ، فَلْيُتِمَّ صَوْمَهُ ، فَإِنَّمَا أَطْعَمَهُ اللَّهُ وَسَقَاهُ.[٧٢]

അബൂഹുറൈറ ﷺ നിവേദനം നബി ﷺ പറഞ്ഞു ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കി കൊള്ളട്ടെ അവനെ ഭക്ഷിപ്പിച്ചതും കുടിപ്പിച്ചതും അല്ലാഹുവാണ് (ബുഖാരി,മുസ്‌ലിം)

**മൂക്കിൽ മരുന്നിറ്റിച്ചാൽ നോമ്പ് മുറിയുമോ ?**

നോമ്പ് മുറിയും. കാരണം അത് തൊണ്ടയിലൂടെ ആമാശയത്തിൽ പ്രവേശിക്കും.

**ഇഞ്ചക്ഷൻ , ട്രിപ്പ് പോലെയുള്ളവ ഉപയോഗിച്ച് നാഡിഞരമ്പുകൾ, പേശികൾ എന്നിവയിലൂടെ ശരീരത്തിൽ മരുന്ന് പ്രവേശിപ്പിച്ചാൽ നോമ്പ് മുറിയുമോ?**

ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. പ്രധാനമായും രണ്ട് വീക്ഷണങ്ങളാണുള്ളത്.

1. ഭക്ഷണയോഗ്യമായ പോഷകാഹാരങ്ങളായാലും അതല്ലാത്ത മറ്റെന്തു വസ്തുക്കളയാലും ശരീരത്തിനുള്ളിൽ പ്രവേശിപ്പിച്ചാൽ നോമ്പു മുറിയും.
2. പോഷകാഹാരങ്ങളുടെ ഫലം ചെയ്യുന്ന കുത്തിവെപ്പുകൾ (ഗ്ലൂക്കോസ് പോലെയുള്ളത്) പ്രവേശിപ്പിച്ചാൽ നോമ്പ് മുറിയും. അതല്ലാത്ത ചികിത്സാർത്ഥമുള്ള വേദനസംഹാരികളോ രോഗശമനത്തിനുള്ള മരുന്നുകളോ ആണെങ്കിൽ നോമ്പ് മുറിയില്ല. ഇബ്നു ബാസ് ,ഇബ്നു ഉസൈമീൻ رحمهم الله പോലെയുള്ള പണ്ഡിതന്മാർ ഈ അഭിപ്രായക്കാരാണ്.

[٧٢] متفق عليه

ഇത്തരം വിഷയങ്ങളിൽ ഖണ്ഡിതമായ തെളിവുകൾ വരാത്തതിനാൽ രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ ശരിയായതെങ്കിലും, പകൽ സമയങ്ങളിൽ ഇവ ഒഴിവാക്കാൻ പറ്റുമെങ്കിൽ അതാണ് നോമ്പുകാരന് ഉത്തമം .

**കണ്ണിൽ സുറുമയിട്ടാലോ മരുന്നിറ്റിച്ചാലോ നോമ്പ് മുറിയുമോ?**

നോമ്പ് മുറിയില്ല. കാരണം കണ്ണ് ആമാശയത്തിലേക്കുള്ള പ്രവേശന ദ്വാരമല്ല.

**നോമ്പുകാർക്ക് പാകം ചെയ്യുമ്പോൾ ഭക്ഷണത്തിന്റെ രുചി നോക്കാമോ? ഇപ്രകാരം ചെയ്താൽ നോമ്പ് മുറിയുമോ ?**

ആവശ്യമാണെങ്കിൽ നാവുകൊണ്ട് രുചിക്കാവുന്നതാണ്, ശേഷം ഇവ വിഴുങ്ങാതെ തുപ്പിക്കളയണം.ഇപ്രകാരം ചെയ്താൽ നോമ്പ് മുറിയില്ല.

**ഉമിനീര് ഇറക്കിയാൽ നോമ്പ് മുറിയുമോ?**

നോമ്പ് മുറിയില്ല[73].

**കഫം ഇറക്കിയാൽ നോമ്പ് മുറിയുമോ?**

മ്ലേച്ഛമായ കാര്യമായതിനാൽ ആരും മനപ്പൂർവ്വം കഫം ഇറക്കി കളയുകയില്ലല്ലോ. എങ്കിലും അനിവാര്യഘട്ടങ്ങളിൽ അവ ഇറക്കി പോയാലും നോമ്പ് മുറിയില്ല എന്നതാണ് പ്രബലമായ അഭിപ്രായം.

കാരണം ഇവ നോമ്പ് മുറിയുന്ന കാര്യമായിരുന്നെങ്കിൽ സർവ്വസാധാരണയായി മനുഷ്യരിൽ കണ്ടുവരുന്ന ഇക്കാര്യം പ്രവാചകൻ പഠിപ്പിക്കുമായിരുന്നു. ഇവ നോമ്പു മുറിയുന്ന കാര്യമാണെന്ന് അറിയിക്കുന്ന വ്യക്തമായ ഖണ്ഡിതമായ ഒരു തെളിവും വന്നിട്ടില്ല.

**നോമ്പുകാരന്റെ പല്ലിൽ നിന്നും മൂക്കിൽ നിന്നും രക്തം ഒഴുകിയാൽ നോമ്പിനെ പ്രതികൂലമായി ബാധിക്കുമോ?**

കേവലം രക്തം പുറപ്പെട്ടത് കൊണ്ട് നോമ്പ് മുറിയില്ല. എന്നാൽ ഈ

٧٣ "الشرح الممتع" (٦/ ٤٢٧)، "المغني" (٣/ ١٦ – ١٧)، "المجموع" (٦/ ٣١٧ – ٣١٨)

രക്തം തൊണ്ടയിൽ കൂടി ആമാശയത്തിലേക്ക് പ്രവേശിക്കാതിരിക്കാൻ അവൻ പരമാവധി ശ്രദ്ധിക്കണം.

ഇബ്നു ബാസ്, ഇബ്നു ഉസൈമീൻ رحمهم الله തുടങ്ങിയ പണ്ഡിതർ ഇപ്ര കാരം ഫത്‌വ നൽകിയതായി കാണാം.[74]

**പല്ലിൽ നിന്നും മോണയിൽ നിന്നും വരുന്ന രക്തം ഇറക്കിയാൽ നോമ്പ് മുറിയുമോ?**

മനപ്പൂർവ്വം ഇറക്കിയാൽ നോമ്പ് മുറിയുന്നതാണ്.

**നോമ്പുകാരന്റെ ശരീരത്തിൽ നിന്നും പരിശോധനയ്ക്ക് വേണ്ടി രക്തം എടുക്കാമോ?**

അനുവദനീയമാണ്.. ഇത്തരം പ്രവർത്തനം കൊണ്ട് നോമ്പ് മുറിയുക യില്ല . (ഇബ്നു ബാസ് رحمه الله)[75]

**പല്ലിനിടയിൽ കുടുങ്ങിയ ഭക്ഷണപദാർത്ഥത്തിന്റെ അവശിഷ്ടങ്ങൾ ഇറക്കിയാൽ നോമ്പ് മുറിയുമോ?**

പരമാവധി നീക്കി കളയണം. ഇത്തരം ഭക്ഷണാവശിഷ്ടങ്ങൾ നീക്കി കള യാൻ സാധിക്കുന്നതാണ്. പരമാവധി ശ്രമിച്ചിട്ടും നീങ്ങാത്ത ഇത്തരം അവശിഷ്ടങ്ങൾ ഉമിനീരിനോടൊപ്പമോ മറ്റോ ബോധപൂർവ്വമല്ലാതെ ഇറ ക്കി പോയാൽ കുഴപ്പമില്ല. നേരിയ തോതിലുള്ള മനുഷ്യർക്ക് പൂർണ്ണമാ യും മുക്തമാക്കാൻ സാധ്യമല്ലാത്ത കാര്യങ്ങൾക്ക് ഇസ്‌ലാമിൽ ഇളവുണ്ട്. അതുകൊണ്ടുതന്നെ നോമ്പ് മുറിയുകയില്ല.[76]

ഇബ്നു ഉസൈമീൻ رحمه الله പറയുന്നു : "ഇത്തരം ഭക്ഷണാവശിഷ്ടങ്ങൾ മനപ്പൂർവമല്ലാതെ ഇറക്കി പോയാൽ നോമ്പ് മുറിയുകയില്ല. എന്നാൽ മനപ്പൂർവം ചെയ്താൽ ഫർള് നോമ്പാണെങ്കിൽ അവൻ കുറ്റക്കാരനാ കും. നോമ്പ് മുറിയുകയും ചെയ്യും. സുന്നത്ത് നോമ്പാണെങ്കിൽ നോമ്പ്

---

٧٤ فتاوى اللجنة الدائمة (١٢٠٧٧)، "فتاوى رمضان" (٢/ ٤٦٠)

٧٥ فتاوى نور على الدرب لابن باز (١٦/ ٢٤٤)

٧٦ "المجموع" (٦/ ٣٢٠)

മുറിയുമെങ്കിലും ആ പ്രവർത്തി കൊണ്ട് അവൻ കുറ്റക്കാരനാവുക യില്ല."[77]

**പുകവലിച്ചാൽ നോമ്പ് മുറിയുമോ?**

പുകവലിച്ചാൽ നോമ്പ് മുറിയും. കാരണം അതിന്റെ കറകൾ വായിൽ കൂടി ആമാശയത്തിലേക്ക് പ്രവേശിക്കുന്നുണ്ട്.ഇബ്നു ഉസൈമീൻ رحمه الله നോമ്പു മുറിയുമെന്ന് ഫത്‌വ നൽകിയിട്ടുണ്ട്.[78]

**ശ്രദ്ധിക്കുക**

പുകവലി സ്വദേഹത്തിനും മറ്റുള്ളവർക്കും ഉപദ്രവം ഉണ്ടാക്കുന്ന ഹാനി കരമായ വസ്തുവായതിനാൽ കഠിനമായ ഹറാമാണ്. അത് ജീവിത ത്തിലെ ഒരു സന്ദർഭത്തിലും ഒരു വേളയിലും ഉപയോഗിക്കാൻ പാടുള്ള തല്ല.

**(ആസ്മ പോലെയുള്ള രോഗങ്ങൾക്ക് ഉപയോഗിക്കുന്ന) നെബുലൈസർ , സ്പ്രേ എന്നിവ നോമ്പുകാരൻ ഉപയോഗിച്ചാൽ നോമ്പ് മുറിയുമോ?**

തദ് വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഒരു വിഭാഗം പണ്ഡിതർ നോമ്പു മുറിയില്ല എന്ന അഭിപ്രായക്കാരാണ് . ഇതാണ് ഇബ്നു ഉസൈമീൻ ,ഇബ്നു ബാസ് رحمهما الله പോലെയുള്ള പണ്ഡിതരുടെ അഭി പ്രായം .[79]

എന്നാൽ ചില പണ്ഡിതർ ( സുലൈമാൻ അറുഹൈലി حفظه الله പോലെയുള്ളവർ) നോമ്പ് മുറിയും എന്ന അഭിപ്രായക്കാരാണ്.

ഭക്ഷണപദാർത്ഥമായോ ഔഷധമായോ വായിൽ കൂടിയും മൂക്കിൽ കൂ ടിയും എന്ത് പ്രവേശിപ്പിച്ചാലും നോമ്പ് മുറിയുന്നതാണ്. മേൽ സൂചിപ്പി ച്ച നെബുലൈസർ പോലെയുള്ള വസ്തുക്കളിൽ വെള്ളത്തിന്റെയും ഔ ഷധത്തിന്റെയും അംശങ്ങൾ ഉൾക്കൊള്ളുന്നതിനാൽ നോമ്പ് മുറിയും. കാരണം അത്തരം ഉപകരണങ്ങൾ വഴി ശരീരത്തിലേക്ക് പ്രവേശിപ്പി

---

[٧٧] «فتاوى نور على الدرب للعثيمين» (١١/ ٢)

[٧٨] مجموع فتاوى ورسائل العثيمين (١٩/ ٢٠٢)

[٧٩] "فتاوى رمضان" (٢/ ٥٣١ - ٥٣٢)

ക്കുന്നത് ഉപ്പു കലർന്ന വെള്ളവും ഔഷധവുമാണ്. ഇവ ഉപയോഗിക്കുമ്പോൾ ഇതിന്റെ ഭൂരിഭാഗവും അന്നനാളത്തിലാണ് പ്രവേശിക്കുകയെങ്കിലും ചെറിയതോതെങ്കിലും ആമാശയത്തിലേക്ക് പ്രവേശിക്കുന്നതാണ്. ഇത് കാരണത്താൽ നോമ്പ് മുറിയും.[80]

സൂക്ഷ്മതക്ക് നല്ലത് പകലിൽ ഉപയോഗിക്കാതിരിക്കലാണ് .

**കാതിൽ മരുന്നു തുള്ളികൾ ഉറ്റിച്ചാൽ നോമ്പ് മുറിയുമോ ?**

നോമ്പ് മുറിയില്ല. കാരണം. അത് ശരീരത്തിലേക്ക് പ്രവേശിക്കുകയില്ല.

**കുപ്ലിച്ച വെള്ളത്തിൻറെ അംശം ഉമിനീരിനോടൊപ്പം ഇറക്കി പോയാൽ നോമ്പ് മുറിയുമോ?**

കുപ്ലിച്ച വെള്ളം വായിൽ നിന്ന് തുപ്പി കളഞ്ഞതിനുശേഷവും വെള്ളത്തിന്റെ അംശം ഉമിനീരോടൊപ്പം ചേർന്ന് ഉള്ളിലേക്ക് പ്രവേശിക്കുക സ്വാഭാവികമാണ്. ഇത്തരം നേരിയ തോതിലുള്ള മനുഷ്യർക്ക് പൂർണ്ണമായും മുക്തമാക്കാൻ സാധ്യമല്ലാത്ത കാര്യങ്ങൾക്ക് ഇസ്‌ലാമിൽ ഇളവുണ്ട്. അതുകൊണ്ടുതന്നെ നോമ്പ് മുറിയുകയില്ല.

എന്നാൽ ബോധപൂർവ്വം കുടിക്കണം എന്ന് ഉദ്ദേശത്തോടുകൂടി അത് ഇറക്കി കളയുകയാണെങ്കിൽ. അത് അന്ന പാനീയങ്ങൾ ഉപയോഗിച്ചതിന്റെ പരിധിയിൽ പെടും ,നോമ്പ് മുറിയുകയും ചെയ്യും.

**മൺതരികളോ ചെറു പ്രാണികളോ തൊണ്ടയിലേക്ക് അറിയാതെ പ്രവേശിച്ചാൽ നോമ്പ് മുറിയുമോ?**

ബോധപൂർവ്വമല്ലാത്തതിനാൽ നോമ്പ് മുറിയില്ല.

ഈ വിഷയത്തിൽ യോജിച്ച അഭിപ്രായമുണ്ടെന്ന് ഇബ്നു മുന്ദിർ رحمه الله പറഞ്ഞതായി ഇബ്നു ഹജർ رحمه الله അദ്ദേഹത്തിന്റെ ഫത്ഹുൽ ബാരിയിൽ ഉദ്ധരിക്കുന്നു.[81]

---

٨٠ من شرح دليل الطالب لشيخنا الشيخ سليمان الرحيلي

٨١ "الفتح ( ٤ /١٨٤ )

2. **രണ്ട് : ലൈംഗികബന്ധത്തിലേർപ്പെട്ടാൽ ( ഇണ ചേർന്നാൽ.)**

നോമ്പ് മുറിയുന്ന കാര്യങ്ങളിൽ രണ്ടാമതായി പണ്ഡിതന്മാർ എണ്ണിയത് ജിമാഅ് – جماع ( ഇണചേരൽ ) നെയാണ്.

ഇണ ചേർന്നാൽ ( ഇന്ദ്രിയം പുറപ്പെട്ടാലും ഇല്ലെങ്കിലും) നോമ്പ് മുറിയുന്നതാണ്.

ഇണ ചേർന്നാൽ നോമ്പ് മുറിയുമെന്ന് ഖുർആൻ കൊണ്ടും സുന്നത്തുകൊണ്ടും ഇജ്മാഅ് കൊണ്ടും സ്ഥിരപ്പെട്ടതാണ്.[82].

റമദാൻ മാസത്തിലെ നോമ്പിലായിരിക്കെ പകലിൽ ഇപ്രകാരം ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ. നോമ്പു മുറിയുകയും പിന്നീട് നോറ്റ് വീട്ടുകയും ചെയ്യണം. അവർ കുറ്റക്കാരായി തീരുകയും ചെയ്യും.

- ✓ **റമദാനിലെ രാത്രിയിൽ ഇത് അനുവദനീയമാണ്.**

**റമദാൻ മാസത്തിലെ ഫർളായ നോമ്പിലായിരിക്കെ പകലിൽ ഇണ ചേർന്നാൽ കഠിനമായ പ്രായശ്ചിത്തം ( കഫ്ഫാറത്ത്) ഉണ്ട്.**

### ❖ കഫ്ഫാറത്ത്

റമദാനിലെ പകലിൽ ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടാൽ അതിനുള്ള കഫ്ഫാറത്ത് എന്താണ്?

**1)** മുഅ്മിനായ ഒരു അടിമയെ മോചിപ്പിക്കൽ.

**2)** അതിനു സാധിച്ചില്ലെങ്കിൽ രണ്ടുമാസം തുടർച്ചയായി നോമ്പെടുക്കൽ

**3)**അതിനും സാധിച്ചില്ലെങ്കിൽ അറുപത് പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കൽ.

---

٨٢ "المغني" (٣/ ١٤)، "المجموع" (٦/ ٣١٣)، "المحلى" "٧٣٣"

**ശ്രദ്ധിക്കുക** : ഇതിലേതാണ് എളുപ്പം എന്ന് നോക്കിയല്ല ചെയ്യേണ്ടത് മ റിച്ച് ക്രമപ്രകാരമായിരിക്കണം.( ആദ്യത്തേത് സാധിച്ചില്ലെങ്കിൽ രണ്ടാ മത്തേത് അതിനും സാധിച്ചില്ലെങ്കിൽ മൂന്നാമത്തെത് എന്ന ക്രമത്തിൽ).

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ، قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، فَقَالَ: هَلَكْتُ، يَا رَسُولَ اللهِ، قَالَ: «وَمَا أَهْلَكَكَ؟» قَالَ: وَقَعْتُ عَلَى امْرَأَتِي فِي رَمَضَانَ، قَالَ: «هَلْ تَجِدُ مَا تُعْتِقُ رَقَبَةً؟» قَالَ: لَا، قَالَ: «فَهَلْ تَسْتَطِيعُ أَنْ تَصُومَ شَهْرَيْنِ مُتَتَابِعَيْنِ؟» قَالَ: لَا، قَالَ: «فَهَلْ تَجِدُ مَا تُطْعِمُ سِتِّينَ مِسْكِينًا؟» قَالَ: لَا، قَالَ: ثُمَّ جَلَسَ، فَأُتِيَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ بِعَرَقٍ فِيهِ تَمْرٌ، فَقَالَ: «تَصَدَّقْ بِهَذَا» قَالَ: أَفْقَرَ مِنَّا؟ فَمَا بَيْنَ لَابَتَيْهَا أَهْلُ بَيْتٍ أَحْوَجُ إِلَيْهِ مِنَّا، فَضَحِكَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ حَتَّى بَدَتْ أَنْيَابُهُ، ثُمَّ قَالَ: «اذْهَبْ فَأَطْعِمْهُ أَهْلَكَ» [٨٣]

അബൂ ഹുറൈറ (﵁) നിവേദനം: ഞങ്ങൾ നബി (ﷺ) യുടെ അടുത്താ യിരിക്കെ ഒരു വ്യക്തി കടന്നുവന്ന് പറഞ്ഞു, പ്രവാചകരേ ഞാൻ നശിച്ചി രിക്കുന്നു. നബി ﷺ ചോദിച്ചു: എന്തുപറ്റി? അയാൾ പറഞ്ഞു, ഞാൻ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ലൈംഗികബന്ധം പുലർത്തി. അപ്പോൾ നബി (ﷺ) ചോദിച്ചു:"നിനക്ക് ഒരു അടിമയെ മോചിപ്പിക്കുവാ ൻ കഴിയുമോ?" അയാൾ പറഞ്ഞു. "ഇല്ല",അപ്പോൾ നബി (ﷺ) ചോദിച്ചു, "നിനക്ക് രണ്ടു മാസം തുടർച്ചയായി നോമ്പെടുക്കാൻ കഴിയുമോ?" "ക ഴിയില്ല. അയാൾ മറുപടി പറഞ്ഞു, നബി (ﷺ) വീണ്ടുംചോദിച്ചു: "നിനക്ക് അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകാൻ കഴിയുമോ? അയാൾ പറഞ്ഞു. "ഇല്ല" അങ്ങിനെ നബി (ﷺ) യും അനുയായികളും പള്ളിയിൽ തന്നെയി രിക്കെ ഒരു കുട്ടനിറയെ ഈന്തപ്പഴം നബി (ﷺ) യുടെ മുന്നിൽ കൊണ്ടു വരപ്പെട്ടു. നബി (ﷺ) ചോദിച്ചു: എവിടെ ആ ചോദ്യകർത്താവ് ? അദ്ദേഹം പറഞ്ഞു. അതേ പ്രവാചകരേ, നബി (ﷺ) പറഞ്ഞു: ഈ കുട്ടയിലുള്ള ഈ ന്തപ്പഴം എടുത്തു നീ ദരിദ്രർക്ക് വിതരണം ചെയ്യുക. അയാൾ ചോദിച്ചു; എന്നെക്കാളും ദരിദ്രനോ പ്രവാചകരെ? ഈ രണ്ടു കുന്നുകൾക്കിടയിൽ എന്നെക്കാൾ ദരിദ്രനായി വേറെ ആരുമില്ല. അപ്പോൾ നബി (ﷺ) തന്റെ

[٨٣] (المسلم ١١١١)

അണപ്പല്ലുകൾ കാണുന്നതുവരെ ചിരിച്ചു. എന്നിട്ടു പറഞ്ഞു: എങ്കിൽ നീയും നിന്റെ കുടുംബവും ഭക്ഷിച്ചു കൊള്ളുക.( മുസ്ലിം )

**സംയോഗം കാരണത്താലുള്ള കഫ്ഫാറത്ത് പുരുഷന്മാർക്ക് മാത്രമാണോ ബാധകം? സ്ത്രീകൾക്കും ബാധകമാണോ?**

പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, സ്ത്രീകൾ ഇക്റാഹിന്റെ ( നിർബന്ധിക്കപ്പെട്ട ) അവസ്ഥയിലല്ലാത്തനിലക്ക് സംയോഗം ചെയ്തതാണെങ്കിൽ അവൾക്കും കഫ്ഫാറത്ത് ബാധകമാണ് എന്നതാണ് ശരിയായ അഭിപ്രായം .ഇബ്നു ഉസൈമീൻ ഇബ്നു ബാസ് رحمهما الله പോലെയുള്ള പണ്ഡിതരുടെ അഭിപ്രായം .[84] .

**റമദാൻ മാസത്തിലെ പകലിൽ നോമ്പിലായിരിക്കെ ഒന്നിൽ കൂടുതൽ സംയോഗം ചെയ്താൽ എത്ര കഫ്ഫാറത്താണ് കൊടുക്കേണ്ടത്?**

എല്ലാറ്റിനും കൂടി ഒരു കഫ്ഫാറത്ത് മതിയാവും.

**റമദാനിലെ നോമ്പല്ലാത്ത മറ്റ് നിർബന്ധ നോമ്പുകളിലോ, (നേർച്ച പോലെയുള്ള ), സുന്നത്ത് നോമ്പുകളിലോ പകലിൽ സംയോഗം ചെയ്താൽ കഫ്ഫാറത്ത് ഉണ്ടോ?**

ഇല്ല . ഇത്തരം കഫ്ഫാറത്ത് റമദാനിലെ പകലിൽ സംയോഗം ചെയ്താൽ മാത്രമാണ്.

**ഭാര്യ ഭർത്താക്കന്മാർ റമദാനിലെ പകലാണെന്നുള്ള കാര്യം മറന്നുകൊണ്ട് സംയോഗം ചെയ്താൽ കഫ്ഫാറത്ത് ഉണ്ടോ?**

ഇല്ല. കഫാറത്തില്ല.അവരുടെ നോമ്പ് മുറിയുകയുമില്ല.

3. **<u>മൂന്ന് :</u> ശാരീരികബന്ധം(വികാരത്തോടെയുള്ള സ്പർശനത്താലോ ചുംബനത്താലോ മറ്റോ) കാരണത്താൽ ഇന്ദ്രിയം പുറപ്പെട്ടാൽ.**

നോമ്പ് മുറിയുന്ന കാര്യങ്ങളിൽ മൂന്നാമതായി പണ്ഡിതന്മാർ എണ്ണിയത് ശാരീരികബന്ധം കാരണത്താൽ ഇന്ദ്രിയം പുറപ്പെടുന്നതിനെയാണ് .

---

[84] الشرح الممتع على زاد المستقنع «٦ /٤٠٤

ബാഹ്യപ്രവർത്തനത്താൽ: ഭാര്യയെ വികാരത്തോടെ ചുംബിക്കുകയോ സ്പർശിക്കുകയോ ചെയ്തതിനാലോ, സ്വയംഭോഗം ചെയ്തതിനാലോ- ഇന്ദ്രിയം പുറപ്പെട്ടാലാണ് - നോമ്പ് മുറിയുക.

**സ്വപ്ന സ്ഖലനം സംഭവിച്ചാൽ നോമ്പ് മുറിയുമോ. ?**

ഇത് ബോധപൂർവ്വമെല്ലാത്തത്തിനാൽ നോമ്പ് മുറിയില്ല.

- ചിലപ്പോൾ അമിതമായ തണുപ്പ് കാരണത്താലോ, കഠിനമായ രോഗം കാരണത്താലോ ഇന്ദ്രിയം പുറപ്പെടാറുണ്ട് . ഇപ്രകാരം സംഭവിച്ചാൽ നോമ്പ് മുറിയുകയില്ല.

4. **നാല് : സ്ത്രീകൾക്ക് മാസമുറയോ (ആർത്തവരക്തമോ ) പ്ര സവാനന്തര രക്തസ്രാവമോ ഉണ്ടായാൽ.**

നോമ്പ് മുറിയുന്ന കാര്യങ്ങളിൽ നാലാമതായി പണ്ഡിതന്മാർ എണ്ണിയത് സ്ത്രീകൾക്ക് ആർത്തവ  രക്തമോ പ്രസവാനന്തര രക്തമോ പുറപ്പെടുന്ന തിനെയാണ് .

സ്ത്രീകൾക്ക് ആർത്തവ  രക്തമോ പ്രസവാനന്തര രക്തമോ  ഉണ്ടായാൽ നോമ്പ് മുറിയുന്നതാണ്. അത് മഗ്രിബിന് തൊട്ടു മുൻപായാലും ശരി പിന്നീട് ആ നോമ്പ് ഖദാഅ് വീട്ടേണ്ടതാണ്.

**ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത്** : നോമ്പ് മുറിയുക ആർത്തവം തുടങ്ങി രക്തം പുറപ്പെട്ടാൽ മാത്രമാണ്. ആർത്തവസമയത്തുള്ള വേദനയോ അടയാളങ്ങളോ വരുന്നതുകൊണ്ട് മാത്രം നോമ്പ് മുറിയുകയില്ല. രക്തം പുറപ്പെടുന്നത് വരെ അവൾക്ക് നോമ്പ് തുടരാവുന്നതാണ്. രക്തം പുറപ്പെട്ടത് മഗ്രിബിന് ശേഷം ആണെങ്കിൽ അവളുടെ നോമ്പ് മുറിയുകയില്ല. [85]

**നോമ്പുകാരിയായിരിക്കെ ആർത്തവരക്തം പുറപ്പെട്ടോ എന്ന് സംശയത്തിലായി എന്നാൽ അങ്ങാടിയിലോ മറ്റോ ആയതിനാൽ ഉറപ്പിക്കാനുള്ള സാഹചര്യം ഉണ്ടായില്ല. നോമ്പ് തുറന്നതിനുശേഷമാണ് ആർത്തവ രക്തമായിരുന്നു എന്ന് ഉറപ്പുവന്നത്. എന്താണ് അവളുടെ നോമ്പിന്റെ വിധി?**

[85] من شرح دليل الطالب لشيخنا الشيخ سليمان الرحيلي

നോമ്പ് സഹീയാണ്. ഖദാഅ് വീട്ടേണ്ടതില്ല. രക്തം പുറപ്പെട്ടത് മഗരിബിന് മുൻപാണ് എന്ന് ഉറപ്പുവരാത്തടത്തോളം നോമ്പ് മുറിയുകയില്ല .[86]

5. **<u>അഞ്ച് : മനപ്പൂർവ്വം ചർദിച്ചാൽ</u>**

നോമ്പ് മുറിയുന്ന കാര്യങ്ങളിൽ അഞ്ചാമതായി പണ്ഡിതന്മാർ എണ്ണിയത് മനപ്പൂർവ്വം ചർദ്ദിക്കലാണ് .

മനപ്പൂർവം ഉണ്ടാക്കി ചർദ്ദിച്ചാൽ നോമ്പ് മുറിയും .

**عَنْ أَبِي هُرَيْرَةَ، أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: «مَنْ ذَرَعَهُ القَيْءُ، فَلَيْسَ عَلَيْهِ قَضَاءٌ، وَمَنْ اسْتَقَاءَ عَمْدًا فَلْيَقْضِ»** [87]

അബൂ ഹുറൈറ(رضي الله عنه) നിവേദനം നബി ﷺ പറഞ്ഞു മനപ്പൂർവമല്ലാതെ ചർദ്ദിക്കുന്നവൻ നോമ്പ് ഖദാഅ് വീട്ടേണ്ടതില്ല. മനപ്പൂർവ്വം ഉണ്ടാക്കി ചർദ്ദിക്കുന്നവൻ നോമ്പ് ഖദാഅ് വീട്ടട്ടെ. (സുനനു തിർമിദി 720 )

6. **<u>ആറ് :'നോമ്പ്മുറിക്കുന്നു' എന്നൊരാൾ ഉറപ്പോടുകൂടി കരുതിയാൽ.</u>**

നോമ്പ് മുറിയും . കാരണം എല്ലാ ഇബാദത്തുകളും അവന്റെ നിയ്യത്തിനനുസരിച്ചാണ് , അവൻ എന്താണ് ഉദ്ദേശിച്ചത് അത് അവനുണ്ട്. ഇവിടെ അവൻ നോമ്പ് മുറിക്കുന്നു എന്ന് ദൃഢതയോടെ കൂടി കരുതിയതിനാൽ അവന്റെ നോമ്പ് മുറിയും.

7. **<u>ഏഴ് : ഹിജാമ ( കൊമ്പ് വെക്കൽ)</u>**

അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഏറ്റവും ശരിയായ അഭിപ്രായം നോമ്പ് മുറിയും എന്നതാണ്.

ശാഫിഈ , മാലിക്കി , ഹനഫി മദ്ഹബുകളിൽ നോമ്പ് മുറിയില്ല എന്നതാണ് അഭിപ്രായം.

---

[٨٦] من شرح دليل الطالب لشيخنا الشيخ سليمان الرحيلي

[٨٧] سنن الترمذي ٧٢٠

നോമ്പ് മുറിയും എന്നതാണ് ഹൻബലീ മദ്ഹബിലുള്ള അഭിപ്രായം. ഇബ്നു തൈമിയ ,ഇബ്നു ഉസൈമീൻ, ഇബ്നു ബാസ് رحمهم الله പോലെയുള്ള പണ്ഡിതരുടെയും അഭിപ്രായം നോമ്പ് മുറിയും എന്നതാണ്.

# الأمور التي يدعها الصائم

## നോമ്പുകാരൻ വർജിക്കേണ്ട കാര്യങ്ങൾ

നോമ്പുകാരന്റെ അവയവങ്ങൾ, പ്രത്യേകിച്ച് നാവ് പാപകർമങ്ങളിൽനിന്നും മോശം വാക്കുകൾ( തെറി,), കളവ്, ,കള്ളസാക്ഷ്യം തുടങ്ങിയവയിൽ നിന്നും, ആമാശയം അന്നപാനീയങ്ങളിൽ നിന്നും, ഗുഹ്യാവയവങ്ങൾ അശ്ലീല പ്രവൃത്തികളിൽനിന്നും വിട്ടു നിൽക്കുമ്പോൾ മാത്രമെ അവൻ യഥാർഥ നോമ്പുകാരനാവുകയുള്ളൂ. നോമ്പുകാരൻ സംസാരിച്ചാൽ നോമ്പിന് ക്ഷതം വരുത്തുന്ന വാക്കോ, പ്രവർത്തിച്ചാൽ നോമ്പിന്നെ ദുർബലമാക്കുന്ന പ്രവർത്തനങ്ങളോ അവനിൽ നിന്നുണ്ടാകാൻ പാടില്ല.ഇപ്രകാരമാണ് അല്ലാഹു നിർദേശിച്ച യഥാർഥ നോമ്പ്.

തീറ്റയും കുടിയും നോമ്പിനെ ദുർബലപ്പെടുത്തുന്നതുപോലെ പാപകർമങ്ങൾ നോമ്പിന്റെ പ്രതിഫലത്തെ ബാധിക്കുകയും ചെയ്യും.

ദുർഗുണങ്ങളിൽനിന്ന് അകന്നുനിൽക്കാനും ഒരു മുഅ്മിനായ നോമ്പുകാരനോട് നബി ﷺ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ഇത്തരം നീചവൃത്തികളിൽനിന്ന്അകന്നു നിൽക്കാൻ വിശ്വാസി' എല്ലായ്പ്പോഴും കൽപിക്കപ്പെട്ടവനാണെങ്കിലും നോമ്പിന്റെ വേളയിൽ ഈ നിരോധനങ്ങൾക്ക് ഗൗരവം വർധിക്കുന്നു.തന്റെ നോമ്പിന് ക്ഷതം വരുത്തുന്ന ദുർവൃത്തികളിൽനിന്ന് അകന്നനിന്നാൽ മാത്രമെ നോമ്പുകാരന് നോമ്പിന്റെ പ്രതിഫലവും നോമ്പുകൊണ്ട് അല്ലാഹു വാഗ്ദാനം ചെയ്ത ' തഖ്‌വയും നേടിയെടുക്കാൻ സാധിക്കുകയുള്ളൂ.

അല്ലാഹു പറയുന്നു:

{يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لعلكم تتقون} [البقرة: ١٨٣].

“ഈമാനുള്ളവരേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വ പാലിക്കാൻ വേണ്ടിയത്രെ അത്.” (2:183)

**നോമ്പുകാരൻ നിർബന്ധമായും ഒഴിവാക്കേണ്ട ചില ദുഷ്പ്രവൃത്തികൾ**

**1) കള്ളസാക്ഷ്യം**

«عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قال رسول الله صلى الله عليه وسلم: (مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ، فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وشرابه)» [٨٨]

അബൂഹുറൈറ ﷺ നിവേദനം നബി ﷺ പറഞ്ഞു:"വ്യാജം പറയുന്നതും പ്രവർത്തിക്കുന്നതും ഒരാൾ ഒഴിവാക്കുന്നില്ലെങ്കിൽ അയാൾ അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു താൽപര്യവുമില്ല."

**2) അനാവശ്യവും അശ്ലീലവും**

وعن أبي هريرة رضي الله عنه قال: قال رسول الله – صَلَّى اللهُ عَلَيْهِ وَسَلَّمَ –:"ليس الصيامُ من الأكلِ والشربِ، إنما الصيامُ من اللغو والرفث، فإنْ سابَّك أحدٌ أو جهل عليك، فقل: إِنِّي صائم، إِنِّي صائم". [٨٩]

അബൂഹുറൈറ ﷺ നവേദനം. നബി ﷺ പറഞ്ഞു:"ആഹാര പാനീയങ്ങൾ വർജിക്കൽ മാത്രമല്ല നോമ്പ്. വ്യർഥവും മ്ലേച്ഛവുമായ വാക്കുകൾ വർജിക്കലാണ് (യഥാർഥ) നോമ്പ്. നിന്നെ ആരെങ്കിലും ചീത്ത പറയുകയോ നിന്നോട് അവിവേകം കാണിക്കുകയോ ചെയ്താൽ 'ഞാൻ നോമ്പുകാരനാണ്, ഞാൻ നോമ്പുകാരനാണ്' എന്ന് (അവരോട്) പറയുക.

ഇതിനാൽ തന്നെ ഇത്തരം കുറ്റങ്ങളിൽ ഏർപ്പെടുന്നവരെ നബി ﷺ ശക്തമായ ഭാഷയിൽ താക്കീതു ചെയ്യുന്നതായി കാണാം. ഇച്ഛാനുസരണം ഒന്നും പറയാത്ത നബി ﷺ ഒരിക്കൽ പറഞ്ഞു[90]

" إِذَا أَصْبَحَ أَحَدُكُمْ يَوْمًا صَائِمًا، فَلَا يَرْفُثْ وَلَا يَجْهَلْ، فَإِنِ امْرُؤٌ شَاتَمَهُ أَوْ قَاتَلَهُ، فَلْيَقُلْ: إِنِّي صَائِمٌ، إِنِّي صَائِمٌ "

[٨٨] صحيح البخاري» (٢/ ٦٧٣ ت البغا)

[٨٩] صَحِيحُ التَّرْغِيب وَالتَّرْهِيب ( ١٠٨٢ )

[٩٠] ابن خزيمة (1996)

നബിﷺ പറഞ്ഞു:“നോമ്പ് ഒരു പരിചയാകുന്നു. നിങ്ങളിലാരെങ്കിലും നോമ്പ് പിടിക്കുന്ന ദിവസത്തിലായാൽ തെറ്റായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും, സംസ്കാരമില്ലാത്തവാക്കുകൾ ഉപേക്ഷിക്കുകയും ചെയ്യട്ടെ. വല്ലവനും അവനെ ചീത്തപറയുകയോ അവനോട് ശണ്ഠ കൂടുകയോ ചെയ്താൽ നിശ്ചയമായും ഞാൻ നോമ്പുകാരനാണെന്ന് അവൻ പറഞ്ഞുകൊള്ളട്ടെ . (മുസ്ലിം)

**عَن أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رُبَّ صَائِمٍ حَظُّهُ مِنْ صِيَامِهِ الْجُوعُ وَالْعَطَشُ** ....[٩١]

അബൂഹുറൈറ ﷺ നിവേദനം. നബിﷺ പറഞ്ഞു:“ധാരാളം നോമ്പുകാരുണ്ട്; നോമ്പുകൊണ്ട് അവർക്കു ലഭിക്കുന്ന മിച്ചം ദാഹവും വിശപ്പും മാത്രമാകുന്നു. (ദാരിമി , അഹ്മദ് )[٩٢]

---

[٩١] صَحِيحُ التَّرْغِيب وَالتَّرْهِيب ( ١٠٨٤ )

[٩٢] دارمي ( ٢١١/٢ ) احمد ( ٤٤١/٢و٣٧٣) بيهقي ( ٢٧٠/٤ )

# مسائل تتعلق بمستحبات الصوم

# നോമ്പുമായി ബന്ധപ്പെട്ട സുന്നത്തുകൾ

**അത്താഴം കഴിക്കൽ**

അത്താഴം കഴിക്കൽ സുന്നത്താണ്.ഇമാം നവവി ഇബ്നു മുന്ദിർ رحمهما الله നിന്ന് ഉദ്ധരിക്കുന്നു അത്താഴം കഴിക്കൽ സുന്നത്താണെന്ന് ഉമ്മത്ത് ഏകാഭിപ്രായപ്പെട്ടിരിക്കുന്നു. അത് ഒഴിവാക്കിയത് കൊണ്ട് കുറ്റമില്ല.[93]

**അത്താഴത്തിന്റേ ശ്രേഷ്ഠത**

عَنْ أَنَسٍ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: « تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً »[٩٤]

അനസ് (ﷺ) നിവേദനം നബി ﷺ പറഞ്ഞു നിങ്ങൾ അത്താഴം കഴിക്കുക നിശ്ചയമായും അതിൽ ബറകത്തുണ്ട്. (ബുഖാരി , മുസ്‌ലിം)

عَنْ عَبْدِ اللهِ بْنِ عَمْرٍو، قَالَ: قَالَ رَسُولُ اللهِ صَلى الله عَلَيه وسَلم: "تَسَحَّرُوا وَلَوْ بِجَرْعَةٍ مِنْ مَاءٍ"[٩٥]

ഇബ്നു ഉമർ(رضي الله عنهما) നിവേദനം നബി ﷺ പറഞ്ഞു നിങ്ങൾഅല്പം വെള്ളം കുടിച്ചു കൊണ്ടെങ്കിലും അത്താഴം കഴിക്കുക.(സ്വഹീഹ് ഇബ്നു ഹിബാൻ)

[٩٣] المجموع شرح المهذب» (٦/ ٣٦٠ ط المنيرية)

[٩٤] أخرجه البخاري (١٩٢٣)، ومسلم) ١٠٩٥

[٩٥] صحيح ابن حبان (1071) صَحِيحُ التَّرْغِيب وَالتَّرْهِيب

**عَنْ عَمْرِو بْنِ الْعَاصِ أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: « فَصْلُ مَا بَيْنَ صِيَامِنَا وَصِيَامِ أَهْلِ الْكِتَابِ أَكْلَةُ السَّحَرِ .»[٩٦]**

അമ്രു ബ്നുൽ ആസ് (ﷺ) നിവേദനം നബി ﷺ പറഞ്ഞു അത്താഴം കഴിക്കലാണ് ഞങ്ങളുടെ നോമ്പിന്റെയും അഹ്‌ലുൽ കിതാബന്റെ നോമ്പിന്റെയും ഇടയിലുള്ള വ്യത്യാസം( മുസ്‌ലിം 1096 )

**: قَالَ رَسُولُ اللهِ صَلى الله عَلَيه وسَلم:«إنها بركة أعطاكم الله إياها؛ فلا تدعوه»[٩٧]**

നബി ﷺ പറഞ്ഞു : അത്താഴം ﷲ നിങ്ങൾക്ക് നൽകിയ അനുഗ്രഹീത ഭക്ഷണമാകുന്നു അതിനാൽ നിങ്ങൾ അത് ഒരിക്കലും ഒഴിവാക്കരുത്. (നസാഈ 2162 )

**قَالَ رَسُولُ اللهِ صَلى الله عَلَيه وسَلم «نِعْمَ السُّحُورُ التَّمْرُ» [٩٨]**

നബി ﷺ പറഞ്ഞു : കാരക്ക ഒരു മുഅ്മിനിന്റെ എത്ര നല്ല അത്താഴ ഭക്ഷണമാണ്. (അബു ദാവൂദ് 2/303 )

**عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «إِنَّ اللَّهَ وَمَلَائِكَتُهُ يُصَلُّونَ عَلَى الْمُتَسَحِّرِينَ»[٩٩]**

ഇബ്നു ഉമർ നിവേദനം. നബി ﷺ പറഞ്ഞു : "അത്താഴം കഴിക്കുന്നവർക്ക് അല്ലാഹുവിൻറെ കാരുണ്യവും മലക്കുകളുടെ പ്രാർത്ഥനയും ലഭിക്കുന്നതാണ്." (സ്വഹീഹ് ഇബ്നു ഹിബാൻ/ ത്വബ്റാനി)

---

[٩٦] مسلم ١٠٩٦

[٩٧] سنن النسائي»(/«2162 صحيح الترغيب والترهيب) «١ /٦٢٠)

[٩٨] صحيح الترغيب ١٠٦٤

[٩٩] رواه الطبراني في "الأوسط : ٦٤٣٤"، وابن حبان: ١٥٣ في "صحيحه". حسنه الألباني في صَحِيحُ التَّرْغِيب وَالتَّرْهِيب

**അത്താഴം വൈകിപ്പിക്കലാണ് സുന്നത്ത്.**

**عَنْ أَنَسٍ ، عَنْ زَيْدِ بْنِ ثَابِتٍ رَضِيَ اللهُ عَنْهُ قَالَ: «تَسَحَّرْنَا مَعَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، ثُمَّ قَامَ إِلَى الصَّلَاةِ، قُلْتُ كَمْ كَانَ بَيْنَ الْأَذَانِ وَالسَّحُورِ؟ قَالَ: قَدْرُ خَمْسِينَ آيَةً.» ١٠٠**

സൈദ് ബ്നു സാബിത്തിൽ(ﷺ) നിന്ന് നിവേദനം ഞങ്ങൾ നബിയോടൊപ്പം ﷺ അത്താഴം കഴിക്കുകയും സുബഹി നിസ്കരിക്കുകയും ചെയ്തു അപ്പോൾ അനസുബ്നു മാലിക് ﷺ ചോദിച്ചു: അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു? സൈദ് ﷺ പറഞ്ഞു : അമ്പത് ആയത്തുകൾ പാരായണം ചെയ്യുവാനുള്ളത്ര സമയം. (ബുഖാരി മുസ്ലിം).

ചിലരിവായത്തിൽ "അത്താഴത്തിനും നിസ്കാരത്തിനും ഇടയിൽ എത്ര സമയം ഉണ്ടായിരുന്നു ?" എന്നാണുള്ളത്.

**അത്താഴം കഴിച്ചുകൊണ്ടിരിക്കെ ബാങ്കുവിളിച്ചാൽ കയ്യിലെടുത്ത ഭക്ഷണസാധനങ്ങൾ മുഴുവനാക്കാവുന്നതാണ്.**

അത്താഴം കഴിച്ചുകൊണ്ടിരിക്കെ ബാങ്ക് വിളിച്ചാൽ കയ്യിലുള്ള (കൈപ്പിടിയിലുള്ള) ഭക്ഷണപാനീയം മാത്രം പൂർത്തിയാക്കാം എന്ന് ചില പണ്ഡിതന്മാർ താഴെക്കൊടുത്ത ഹദീസിന്റെ അടിസ്ഥാനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.[101]

**عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «إِذَا سَمِعَ أَحَدُكُمُ النِّدَاءَ وَالْإِنَاءُ عَلَى يَدِهِ فَلَا يَضَعْهُ حَتَّى يَقْضِيَ حَاجَتَهُ مِنْهُ.»١٠٢**

---

١٠٠ «صحيح مسلم ١٠٩٧/ صحيح البخاري ١٩٢١ )

١٠١ ممن ذكر هذا: الألباني ، و ابن عثيمين في «.»«جلسات رمضانية للعثيمين» (٤/ ١٤) و شيخنا سليمان الرحيلي و غيرهم

١٠٢ «سنن أبي داود» (٢٣٥٠) حسنه الألباني

അബൂഹുറൈറ (ﷺ) നിവേദനം, നബി ( ﷺ ) പറയുന്നു: നിങ്ങളിലാരെങ്കിലും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ബാങ്കു വിളിക്കുന്നതു കേട്ടാൽ കൈപ്പിടിയിലുള്ളതിൽ നിന്ന് ആവശ്യമുള്ളത് കഴിക്കുന്നതിനു മുമ്പ് നിർത്തേണ്ടതില്ല. (അബു ദാവൂദ്, 2350 ).3

**നന്മകൾ അധികരിപ്പിക്കുക**

മറ്റു മാസങ്ങളിൽ നിന്ന് റമളാൻ മാസത്തിൽ ചെയ്യുന്ന പുണ്യകർമ്മങ്ങൾക്കുള്ള പ്രതിഫലം ഇരട്ടി ആയിരിക്കും എന്ന് സ്ഥിരപ്പെട്ട കാര്യമാണല്ലോ. അതിനാൽ ചെറുതും വലുതുമായ എല്ലാ നന്മകളും ഒരു മുസ്ലിം അധികരിപ്പിക്കാൻ പരി ശ്രമിക്കേണ്ടതാണ്.

**ദാനധർമ്മങ്ങൾ വർദ്ധിപ്പിക്കുകയും ഖുർആൻ പഠിക്കുകയും ചെയ്യൽ**

**عَنِ ابْنِ عَبَّاسٍ قَالَ: « كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَجْوَدَ النَّاسِ بِالْخَيْرِ، وَكَانَ أَجْوَدَ مَا يَكُونُ فِي شَهْرِ رَمَضَانَ، إِنَّ جِبْرِيلَ عَلَيْهِ السَّلَامُ كَانَ يَلْقَاهُ فِي كُلِّ سَنَةٍ فِي رَمَضَانَ حَتَّى يَنْسَلِخَ، فَيَعْرِضُ عَلَيْهِ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْقُرْآنَ، فَإِذَا لَقِيَهُ جِبْرِيلُ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَجْوَدَ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ .»[١٠٣]**

ഇബ്നു അബ്ബാസ് (رضي الله عنهما) നിവേദനം. നബി ( ﷺ ) അങ്ങേയറ്റം ഔദാര്യശീലനായിരുന്നു. റമദാൻ സമാഗതമാവുകയും ജിബ്രീൽ വന്നു ഖുർആൻ പഠിപ്പിക്കുകയും ചെയ്യാൻ ആരംഭിച്ചാൽ അവിടുന്ന് കൂടുതൽ ഔദാര്യം കാണിക്കുമായിരുന്നു. ജിബ്രീലിനെ കാണുന്ന വേളകളിൽ നബി (ﷺ) കാറ്റുപോലെ നിലക്കാതെ ധർമ്മം ചെയ്യുമായിരുന്നു. (ബുഖാരി , മുസ്ലിം)

**നോമ്പിന്റെ അന്തസത്തയോട് നിരക്കാത്ത വിനോദങ്ങൾ അശ്ലീല സംസാരങ്ങൾ എന്നിവ ഒഴിവാക്കൽ.**

**عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إِذَا كَانَ يَوْمُ صَوْمِ أحدكم فلا يرفث ولا يجهل فَإِنْ جَهِلَ عَلَيْهِ أَحَدٌ فَلْيَقُلْ إِنِّي امْرُؤٌ صائم [١٠٤]**

---

[١٠٣] أخرجه البخاري)٦ ومسلم (٢٣٠٨)

[١٠٤] صحيح أبي داود ٢٠٤٦

നബി ﷺ പറഞ്ഞു : നോമ്പ് ദിവസത്തിൽ ആരും മ്ലേച്ഛമായി സംസാരിക്കുകയോ ബഹളമുണ്ടാക്കുകയോ കലഹിക്കുകയോ ചെയ്യരുത്, വല്ലവനയും കലഹവും ചീത്തയുമായി ആരെങ്കിലും നേരിട്ടാൽ 'ഞാൻ നോമ്പുകാരനാണെന്നു' പറഞ്ഞു ഒഴിഞ്ഞുമാറട്ടെ.(ഹാകിം,അബു ദാവൂദ്)

**'ഞാൻ നോമ്പുകാരനാണ് ' എന്ന് മറ്റുള്ളവർ കേൾക്കുന്ന രൂപത്തിൽ തന്നെ ഉച്ചത്തിൽ പറയുന്നതാണ് സുന്നത്ത്**

ഇത് ഒരിക്കലും ജനങ്ങളെ അറിയിക്കാൻ വേണ്ടിയിട്ടുള്ള പ്രവർത്തനമായ' رياء' ( രിയായിൽ) പെട്ടതല്ല . മറിച്ച് മറ്റുള്ളവർ തനിക്കെതിരെ മോശമായ വാക്കുകൾ ഉപയോഗിച്ചതിന് പകരമായി തന്നിൽ നിന്ന് മോശം വാക്കുകൾ വരാതിരിക്കാനുള്ള സ്വന്തത്തോടുള്ള ഒരു ഉണർത്തലാണത്.

«عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قال رسول الله صلى الله عليه وسلم: (مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ، فَلَيْسَ لِلَّهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وشرابه)» [١٠٥]

അബൂഹുറൈറ رضي الله عنه നിവേദനം നബി ﷺ പറഞ്ഞു:"വ്യാജം പറയുന്നതും പ്രവർത്തിക്കുന്നതും ഒരാൾ ഒഴിവാക്കുന്നില്ലെങ്കിൽ അയാൾ അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല. ."

**നോമ്പ് തുറക്കുവാൻ തിടുക്കം കാണിക്കൽ**

**عن سهل بن سعد ، أن رسول الله قال: "لا يزال الناس بخير ما عجلوا الفطر.'**

സഹ്ൽ ബിനു സഅദ് (رضي الله عنه) നിവേദനം. നബി ( ﷺ ) പറഞ്ഞു: "നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും."

സമയമായാൽ ഉടൻ നോമ്പു തുറക്കുക എന്നുള്ളത് പ്രവാചകചര്യയിൽ പെട്ടതാണ് . മാത്രമല്ല ജൂത ക്രിസ്ത്യാനികൾക്ക് എതിരാവുക എന്നുള്ളത് ഇസ്ലാമിൽ വളരെ ഗൗരവമേറിയ കാര്യമാണ്.

---

[١٠٥] صحيح البخاري» (٢/ ٦٧٣ ت البغا)

നോമ്പുതുറയിൽ പോലും പ്രവാചകൻ ﷺ ഇത് നിഷ്കർഷിക്കുന്നതായി കാണാം.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «لَا يَزَالُ الدِّينُ ظَاهِرًا مَا عَجَّلَ النَّاسُ الْفِطْرَ، إِنَّ الْيَهُودَ وَالنَّصَارَى يُؤَخِّرُونَ»[١٠٦]

അബൂഹുറൈറ ﷺ നിവേദനം നബി ﷺ പറഞ്ഞു : നോമ്പ് തുറക്കുന്ന വിഷയത്തിൽ ധൃതി കാണിക്കുന്നിടത്തോളം ഇസ്‌ലാം അജയ്യമായി നിലകൊള്ളുന്നതാണ് കാരണം ജൂത ക്രിസ്ത്യാനികൾ നോമ്പുതുറ പിന്തിക്കുന്നവരാണ് . (അബു ദാവൂദ് , ഇബ്നു ഹിബാൻ)

അതുകൊണ്ട് സഹോദരങ്ങളെ (ബാങ്ക് കൊടുത്താൽ) തൊട്ടടുത്ത പള്ളിയിൽ നിന്ന് ബാങ്ക് വിളിക്കട്ടെ എന്ന് കാത്തുനിൽക്കരുത് , സമയമായാൽ ഉടനെ നോമ്പ് തുറക്കുക .അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ...ആമീൻ

**നോമ്പ് തുറക്ക് മുന്തിപ്പികേണ്ട ഭക്ഷണം.**

عَنْ أَنَسِ بْنِ مَالِكٍ قَالَ: "كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُفْطِرُ عَلَى رُطَبَاتٍ قَبْلَ أَنْ يُصَلِّيَ، فَإِنْ لَمْ يَكُنْ رُطَبَاتٌ، فَتَمَرَاتٌ، فَإِنْ لَمْ يَكُنْ تَمَرَاتٌ حَسَا حَسَوَاتٍ مِنْ مَاءٍ " [١٠٧]

അനസുബ്നു മാലിക്കി (رضي الله عنه) നിവേദനം നബി ( ﷺ ) നിസ്കരിക്കുന്നതിന് മുമ്പുതന്നെ ഏതാനും ഈന്തപ്പഴങ്ങൾ കൊണ്ട് നോമ്പ് തുറക്കുമായിരുന്നു. അതില്ലെങ്കിൽ കാരക്ക കൊണ്ടും, അതുമില്ലെങ്കിൽ അൽപം വെള്ളം കുടിച്ചു കൊണ്ടുമായിരുന്നു നോമ്പു തുറക്കാറുണ്ടായിരുന്നത് ( അഹ്മദ് , അബു ദാവൂദ്)

**നോമ്പ് തുറക്കുന്ന സമയത്തുള്ള പ്രാർത്ഥന**

وَعَنِ ابْنِ عُمَرَ قَالَ: كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا أَفْطَرَ قَالَ: «ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللهُ» [١٠٨]

---

[١٠٦] صحيح ابن حبان ٣٥٠٩ / سنن أبي داود ٢٣٥٥

[١٠٧] أحمد ٣/١٦٤، أبو داود "٢٣٥٦"،

[١٠٨]. رَوَاهُ أَبُو دَاوُد ١٩٩٣

മർവാൻ (رضي الله عنه) നിവേദനം: നബി ( ﷺ ) നോമ്പു തുറക്കുമ്പോൾ "ധമനികളിലെല്ലാം വെള്ളമെത്തി. ദാഹം മാറുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ (ഈനോമ്പിന്റെ ) പ്രതിഫലം സ്ഥിരപ്പെട്ടു കഴിഞ്ഞു എന്നു പ്രാർത്ഥിക്കാറുണ്ടായിരുന്നു. ( അബു ദാവൂദ്)

**നോമ്പുകാരൻ പ്രാർത്ഥന അധികരിപ്പിക്കേണ്ടതിന്റെ പ്രാധാന്യം**

**عَنْ أَبِي هُرَيْرَةَ، رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: " ثَلَاثُ دَعَوَاتٍ مُسْتَجَابَاتٌ: دَعْوَةُ الصَّائِمِ، وَدَعْوَةُ الْمَظْلُومِ، وَدَعْوَةُ الْمُسَافِرِ "** [١٠٩]

അബൂഹുറൈറ ﵁ നിവേദനം നബിﷺ പറഞ്ഞു : "ഉറപ്പായും ഉത്തരം നൽകപ്പെടുന്ന മൂന്നു പ്രാർത്ഥനകൾ ഉണ്ട് :നോമ്പുകാരന്റെ പ്രാർത്ഥന, മർദ്ദിതന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന എന്നിവയാണത് ".

[١٠٩] صحيح الجامع الصغير وزياداته للالباني

## مسائل تتعلق بما يباح للصائم

# നോമ്പുകാരന് അനുവദനീയമായ കാര്യങ്ങൾ

ഒരു മുഅ്മിനിന് അനുവദനീയമായ എല്ലാ കാര്യങ്ങളും (പ്രത്യേക വിലക്ക് വരാത്തെടുത്തോളം) നോമ്പുകാരനും അനുവദനീയമാണ്.

**ശരീരം തണുപ്പിക്കാൻ കുളിക്കൽ**

**عن أبي بكرِ بنِ عبدِ الرحمن عن بعضِ أصحابِ النبيِّ –صلَّى الله عليه وسلم– قال لقد رأيتُ رسولَ الله –صلَّى الله عليه وسلم– بالعَرْجِ يصُبُّ على رأسِه الماءَ وهو صَائِمٌ مِن العطش، أو مِن الحَرِّ** [110]

അബ്ദുറഹ്മാനുബ്നു അബീബക്കർ رضي الله عنهما ചില സ്വഹാബിമാരിൽ നിന്നും നിവേദനം: നബി ﷺ "അർജ്" എന്ന സ്ഥലത്തുവെച്ച് ദാഹമോ ഉഷ്ണമോ കാരണമായി തന്റെ ശരീരത്തിൽ വെള്ളം കോരി ഒഴിക്കുന്നത് ഞാൻ കാണുകയുണ്ടായി.

**അമിതമാക്കാതെ മൂക്കിൽ വെള്ളം കയറ്റി ചീറ്റൽ .**

**عن عاصِم بنِ لقيط بن صَبِرَةَ عن أبيه لقيط بن صَبِرَةَ، قال: قال رسولُ اللهِ –صلَّى الله عليه وسلم–: "بالِغْ في الاسْتِنْشَاق، إلا أن تكون صَائِماً"** [111]

നബിﷺ പറഞ്ഞു : "നോമ്പുകാരനല്ലെങ്കിൽ നന്നായി മൂക്കിൽ വെള്ളം കയറ്റി ചീറ്റുക".

---

[110] سنن أبي داود ٢٣٦٥

[111] سنن أبي داود ٢٣٦٦

**വികാരം ഒതുക്കി നിർത്താൻ കഴിയുന്നവർ പത്നിമാരെ ചുംബിക്കൽ**

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ « كَانَ يُقَبِّلُ وَهُوَ صَائِمٌ »[١١٢]

ആഇശ رضي الله عنها നിവേദനം : നബിﷺ നോമ്പുകാരനായിരിക്കെ തന്റെ പത്നിമാരെ ചുംബിക്കാറുണ്ടായിരുന്നു. പക്ഷേ, അവിടുന്ന് നിങ്ങളിൽ വെച്ച് മറ്റാരെക്കാളും തന്റെ വികാരം നിയന്ത്രിക്കുവാൻ കഴിവുള്ളയാളായിരുന്നു.

**ജനാബത്തുകാരനായി തന്നെ പ്രഭാതം വരെ കഴിച്ചു കൂട്ടൽ**

**أَنَّ عَائِشَةَ زَوْجَ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَتْ: قَدْ « كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُدْرِكُهُ الْفَجْرُ فِي رَمَضَانَ وَهُوَ جُنُبٌ مِنْ غَيْرِ حُلُمٍ، فَيَغْتَسِلُ وَيَصُومُ »[١١٣]**

ഉമ്മുസലമ رضي الله عنها യിൽ നിന്നും ആഇശ رضي الله عنها യിൽ നിന്നും നിവേദനം : നബിﷺ നോമ്പു കാലങ്ങളിൽ രാത്രി തന്റെ ഭാര്യമാരുമായി ബന്ധം പുലർത്തിയ കാരണത്താൽ വലിയ അശുദ്ധിയോടുകൂടിത്തന്നെ ഫജ്ർ വരെ കഴിച്ചുകൂട്ടാറുണ്ടായിരുന്നു. പിന്നീട് കുളിച്ച് നോമ്പ് എടുക്കുകയും ചെയ്യും.

**പല്ല് തേക്കൽ.**

**عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ « لَوْلَا أَنْ أَشُقَّ عَلَى أُمَّتِي – لَأَمَرْتُهُمْ بِالسِّوَاكِ عِنْدَ كُلِّ صَلَاةٍ »[١١٤]**

അബൂഹുറൈറ رضي الله عنه നിവേദനം നബി ﷺ പറഞ്ഞു: "എന്റെ സമുദായത്തിന് പ്രയാസകരമാവുമായിരുന്നില്ലെങ്കിൽ എല്ലാ നിസ്കാരത്തിന്റെ (ചില രിവായത്തിൽ –എല്ലാ وضوء ന്റെ) കൂടെയും പല്ലു തേക്കുവാൻ ഞാൻ കല്പിക്കുമായിരുന്നു".

---

[١١٢] صحيح مسلم ١١٠٦

[١١٣] صحيح مسلم ١١٠٩

[١١٤] صحيح مسلم ٤٢ ».

നോമ്പ് കാലത്ത് പ്രത്യേക വിലക്കുണ്ടായിരുന്നെങ്കിൽ നബി അത് കല്പിക്കുമായിരുന്നു. നോമ്പുകാരന് പല്ല് തേക്കൽ വിലക്കിയതായി സ്ഥിരപ്പെട്ട ഹദീസുകൾ ഒന്നും വന്നിട്ടില്ല.

ഇമാം ബുഖാരി رحمه الله അദ്ദേഹത്തിന്റെ സഹീഹിൽ 'ഉണങ്ങിയതും നനവുള്ളതുമായതിനെ കൊണ്ട് നോമ്പുകാരൻ പല്ലു തേക്കൽ' എന്ന ഒരു അധ്യായം തന്നെ കൊടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഹദീസ് കൊടുത്തതിനുശേഷം അദ്ദേഹം പറഞ്ഞു: "ഇതിൽ നോമ്പുകാരനെയും അല്ലാത്തവനെയും വേർതിരിച്ചിട്ടില്ല."[115]

**സുഗന്ധം പൂശൽ , സുറുമയിടൽ , കണ്ണിൽ മരുന്ന് ഉറ്റിക്കൽ.**

ഒരു മുസ്‌ലിമിന് അനുവദനീയമായ എല്ലാ കാര്യങ്ങളും (പ്രത്യേക വിലക്ക് വരാത്തെടുത്തോളം) നോമ്പുകാരനും അനുവദനീയമാണ്. അതിനാൽ മേൽപ്പറഞ്ഞവയെല്ലാം നോമ്പുകാരൻ ഉപയോഗിക്കൽ അനുവദനീയമാണ്.നോമ്പ് മുറിയുകയില്ല.

**ഭക്ഷണം രുചിച്ചു നോക്കൽ**

തൊണ്ടയിലേക്ക് എത്തരുതെന്ന നിബന്ധനയോടെ ഭക്ഷണത്തിന് രുചി നോക്കൽ നോമ്പുകാരന് അനുവദനീയമാണ്.

[115] «صحيح البخاري» ٢٧ - باب: السواك الرَّطْبِ وَالْيَابِسِ لِلصَّائِمِ (٢/ ٦٨٢ ت البغا)

مسائل تتعلق بقضاء رمضان

# ഖദാഅ് വീട്ടൽ

റമദാനിൽ നഷ്ടപ്പെട്ട നോമ്പുകൾ ശവ്വാൽ ഒന്ന് കഴിഞ്ഞ ഉടനെ ഖ ദാഅ് വീട്ടലാണ് സുന്നത്ത്. എന്നാൽ ഒരാൾക്ക് പ്രത്യേകിച്ച് എന്തെങ്കി ലും കാരണം ഉണ്ടെങ്കിൽ അടുത്ത റമദാനിനു മുൻപേ അത് നോറ്റു വീ ട്ടാവുന്നതാണ്. എത്രയും പെട്ടെന്ന് നിറവേറ്റലാണ് ഉത്തമം. കാരണം ;

**ഒന്ന്** : അവന്റെ ബാധ്യതയിൽ നിന്നവൻ മുക്തനാകും.

**രണ്ട്** : ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം നോമ്പ് എത്രയും പെ ട്ടെന്ന് ഖദാഅ് വീട്ടലാണ് സൂക്ഷ്മവും സുരക്ഷിതവും .കാരണം ; ഭാവി യിൽ ആരോഗ്യപരമായ അവന്റെ അവസ്ഥയെക്കുറിച്ച് അവൻ അറിയി ല്ല.അനാരോഗ്യം അവന്ന് പിടിപെട്ടാൽ അല്ലാഹുവിനുള്ള ഒരു കടമായി അത് ബാക്കിയാവുകയും ചെയ്യും.

**നിർബന്ധ നോമ്പുകൾ ഖദാഅ് വീട്ടുന്നതിനെ നാലായി തരം തിരിക്കാം**

1. **ഒന്ന് : ഖദാഅ് വീട്ടലോ, ഭക്ഷിപ്പിക്കലോ നിർബന്ധമില്ല.**

ഒരാൾ ഇസ്‌ലാം മതം സ്വീകരിച്ചാൽ കാഫിർ ആയിരുന്നകാലത്തുള്ള നോമ്പുകൾ ഖദാഅ് വീട്ടുകയോ, പാവങ്ങളെ ഭക്ഷിപ്പിക്കുകയോ ചെയ്യേണ്ടതില്ല.

2. **രണ്ട് : ഖദാഅ് വീട്ടേണ്ടതില്ല. മറിച്ച് പാവങ്ങൾക്ക് ഭക്ഷണം ന ൽകിയാൽ മാത്രം മതി .**

1) വയോവൃദ്ധർ

2) രോഗശമനം പ്രതീക്ഷയില്ലാത്ത മാറാരോഗികൾ

ഇവർ ഓരോ നോമ്പിനും പകരമായി ഓരോ ദരിദ്രർക്കുള്ള ഭക്ഷണം നൽ കിയാൽ മതിയാകുന്നതാണ് .

3. **മൂന്ന് : പാവപ്പെട്ടവർക്ക് ഭക്ഷണം നൽകേണ്ടതില്ല എന്നാൽ ഖദാഅ് വീട്ടൽ നിർബന്ധമാണ് .**

റമദാനിൽ നോമ്പ് ഒഴിവാക്കുന്നതിന് ഇളവ് നൽകപ്പെട്ടവരായ

1) യാത്രക്കാർ

2)രോഗശമനം പ്രതീക്ഷയുള്ള രോഗികൾ

3) ഗർഭിണികൾ

4)മുലയൂട്ടുന്നവർ

ഇവർ നോമ്പ് പിന്നീട് ഖദാഅ് വീട്ടിയാൽ മതി (فدية )ഭക്ഷണം കൊടുക്കേണ്ടതില്ല.

4. **നാല്: ഖദാഅ് വീട്ടുകയും. പാവങ്ങൾക്ക് ഭക്ഷണം നൽകേണ്ടതുമാണ്**

റമദാനിലെ നോമ്പ് നഷ്ടപ്പെട്ടവർ പ്രത്യേകിച്ച് കാരണമില്ലാതെ,അലംഭാവം കാരണത്താൽ അടുത്ത റമദാൻ വരെയും നോറ്റ് വീട്ടിയിട്ടില്ലെങ്കിൽ : ഖദാഅ് വീട്ടുന്നതോടൊപ്പം പാവങ്ങൾക്ക് ഭക്ഷണവും നൽകേണ്ടതാണ്

**ഒരാൾ റമദാനിലെ നോമ്പ് അടുത്ത റമദാൻ വരെയും ഖദാഅ് വീട്ടിയിട്ടില്ലെങ്കിലുള്ള വിധി?**

1. പ്രത്യേകിച്ച് കാരണമില്ലാതെ അലംഭാവം കാരണത്താലാണെങ്കിൽ:

അടുത്ത റമദാൻ എത്തിയിട്ടും നോമ്പ് ഖദാഅ് വീട്ടിയില്ലെങ്കിൽ : ഖദാഅ് വീട്ടുന്നതോടൊപ്പം നഷ്ടപ്പെട്ട ഓരോ നോമ്പിനും പകരമായി ഓരോ പാവപ്പെട്ടവനെ ഭക്ഷിപ്പിക്കേണ്ടതാണ്.

ഇബ്നു അബ്ബാസ്, അബൂഹുറൈറ رضي الله عنهما എന്നീ സ്വഹാബാക്കൾ ഇപ്രകാരം ഫത്‌വ നൽകിയതായി. ഇമാം ദാറു ഖുത്തനി, ബൈഹഖി

رحمهما الله എന്നീ പണ്ഡിതന്മാർ സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചിട്ടുണ്ട്.[116]

ഇബ്നു ബാസ് رحمه الله,സുലൈമാൻ റുഹൈലീ, അബ്ദുൽ അസീസ് അറയീസ്... حفظهما الله തുടങ്ങിയ പണ്ഡിതരും ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

- എപ്പോഴായാലും ഖദാഅ് വീട്ടിയാൽ മാത്രം മതി ഭക്ഷിപ്പിക്കേണ്ടതില്ല എന്നതാണ് ഇബ്നു ഹസം, ശൗകാനി, ഇബ്നു ഉസൈമീൻ رحمهم الله തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായം.

2. എന്നാൽ പ്രത്യേകിച്ച് എന്തെങ്കിലും കാരണത്താലാണെങ്കിൽ അവർ ഖദാഅ് വീട്ടിയാൽ മാത്രം. മതി ഭക്ഷിപ്പിക്കേണ്ടതില്ല.

ഉദാഹരണത്തിന് യാത്ര കാരണം റമദാനിലെ നോമ്പ് ഒഴിവാക്കുകയും പിന്നീട് രോഗമോ മറ്റോ കാരണത്താൽ അടുത്ത റമദാനിനു മുന്നേയായി നോറ്റു വീട്ടാൻ സാധിച്ചില്ലെങ്കിൽ അവൻ ഖദാഅ് വീട്ടിയാൽ മാത്രം മതി .ഭക്ഷിപ്പിക്കേണ്ടതില്ല.

**റമദാൻ നോമ്പ് ഖദാഅ് വീട്ടുന്നതിന് മുൻപേ സുന്നത്ത് നോമ്പ് നോൽക്കാമോ?**

ഫർളായ ; നേർച്ചയുടെയും, കഫാറത്തിന്റെയും നോമ്പുകൾ നോൽക്കാം എന്നതിൽ അഭിപ്രായ വ്യത്യാസമില്ല.

എന്നാൽ സുന്നത്തായ നോമ്പുകൾ നോൽക്കുന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഏറ്റവും ശരിയായ അഭിപ്രായം റമദാൻ നോമ്പ് ഖദാഅ് വീട്ടുന്നതിന് മുൻപേ സുന്നത്ത് നോമ്പ് നോൽക്കാം, അതിൽ കുറ്റം ഇല്ല എന്നതാണ്.[117]

---

[١١٦] السنن الكبرى للبيهقي ٨٢١١

[١١٧] الشرح الممتع" (٦/ ٤٤٧ - ٤٤٨)

عَنْ أَبِي سَلَمَةَ، قَالَ: سَمِعْتُ عَائِشَةَ رَضِيَ اللَّهُ عَنْهَا، تَقُولُ: «كَانَ يَكُونُ عَلَيَّ الصَّوْمُ مِنْ رَمَضَانَ، فَمَا أَسْتَطِيعُ أَنْ أَقْضِيَ إِلَّا فِي شَعْبَانَ»،[١١٨]

അബൂ സലമഃ ﷺ നിവേദനം : ആഇശ رضي الله عنها പറയുന്നതായി ഞാൻ കേട്ടു: " എനിക്ക് റമദാനിൽ നിന്നുള്ള നോമ്പ് നോറ്റു വീട്ടാൻ ഉണ്ടാകുമായിരുന്നു പക്ഷേ ശഅ്ബാനിൽ അല്ലാതെ എനിക്കത് നോറ്റ് വീട്ടാൻ സാധിക്കുമായിരുന്നില്ല.

**ഖദാഅ് വീട്ടാനുള്ള ഫർളായ നോമ്പും സുന്നത്തായ നോമ്പും ഒരുമിച്ചു നോക്കാമോ?**

ശവ്വാലിലെ ആറു നോമ്പ് ഒഴികെ ബാക്കി എല്ലാ സുന്നത്ത് നോമ്പുകളും ഖദാഅ് ആയ ഫർള് നോമ്പിനോടൊപ്പം നോറ്റുവീട്ടാവുന്നതാണ്.

(ശവ്വാലിലെ ആറു നോമ്പുമായി ബന്ധപ്പെട്ട വിശദീകരണം 'സുന്നത്ത് നോമ്പുകൾ' എന്ന അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. )

**നോമ്പ് ഖദാഅ് വീട്ടാൻ ഉണ്ടായിരിക്കെ ഒരാൾ മരണപ്പെട്ടാൽ , ഉറ്റബന്ധുക്കൾ മരണപ്പെട്ടവരുടെ നോമ്പ് നോറ്റു വീട്ടേണ്ടതുണ്ടോ?**

പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്

1. റമദാൻ മാസത്തിലെ നോമ്പാണെങ്കിലും ഫർളായ നേർച്ച പോലെയുള്ള നോമ്പാണെങ്കിലും ശരി മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് ഖദാഅ് വീട്ടൽ ( വാജിബല്ല )സുന്നത്താണെന്ന് അഭിപ്രായം.

ഇമാം ശാഫിഈ(രണ്ട് അഭിപ്രായത്തിൽ ഒന്ന്),ഇബ്നു ഹസം, ഇബ്നു ഹജർ, സന്ആനി, رحمهم الله തുടങ്ങിയ പൗരാണികപണ്ഡിതരും ഇബ്നു ഉസൈമീൻ , സുലൈമാൻ തുടങ്ങിയ ആധുനിക പണ്ഡിതരും എന്നിവരുടെ അഭിപ്രായം ഇപ്രകാരമാണ്.

2. റമദാൻ മാസത്തിലെ ഖദാഅ് ആയ നോമ്പാണെങ്കിൽ വാജിബോ, സുന്നത്തോ അല്ല, എന്നാൽ നേർച്ചയുടെ നോമ്പാണെങ്കിൽ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നോറ്റുവീട്ടൽ സുന്നത്താണ്.

[١١٨] صحيح مسلم ١١٤٦/ صحيح البخاري ١٨٤٩

ഇമാം അഹ്മദ്, ഇമാം ലെയ്സ് ,ഇസ്ഹാക്ക് رحمهم الله,തുടങ്ങിയ പൗരാണികപണ്ഡിതരും, ചിലആധുനിക പണ്ഡിതരും അഭിപ്രായപ്പെട്ടത് ഇപ്രകാരമാണ്.

മേൽപ്പറന്ന അഭിപ്രായവ്യത്യാസം ഖദാഅ് വീട്ടാൻ സൗകര്യമുണ്ടായിട്ടും നിറവേറ്റാതെ മരണപ്പെട്ടവരുടെ വിഷയത്തിലാണ്. എന്നാൽ ഖദാഅ് വീട്ടാൻ സാധിക്കാതെ വന്നത് രോഗമോ മറ്റോ കാരണത്താലാണെങ്കിൽ. മരണപ്പെട്ടവരുടെ നോമ്പ് നോറ്റ് വീട്ടേണ്ടതില്ല .

രോഗശമനം പ്രതീക്ഷയില്ലാത്ത രോഗികൾ മരണപ്പെട്ടാൽ അവരുടെ ജീവിതകാലത്ത് പാവങ്ങളെ ഭക്ഷിപ്പിച്ചില്ലെങ്കിൽ മരണശേഷം ഉറ്റ ബന്ധുക്കൾ നോമ്പിന്റെ എണ്ണത്തിനനുസരിച്ച് പാവങ്ങൾക്കുള്ള ഭക്ഷണം നൽകേണ്ടതാണ് .( വാജിബല്ല )സുന്നത്താണ്.

മരണപ്പെട്ടവർ സ്വത്തുക്കൾ വിട്ടേച്ചു പോയിട്ടുണ്ടെങ്കിൽ മരണാനന്തര സ്വത്ത് ഓഹരി വെക്കുന്നതിനു മുൻപേ അതിൽ നിന്ന് നൽകേണ്ടതാണ്

മാതാപിതാക്കൾ സ്വത്തൊന്നും വിട്ടേച്ച് പോയിട്ടില്ലെങ്കിൽ അവരോടുള്ള നന്മ ചെയ്യുന്നതിന്റെ ഭാഗമായി മക്കൾ നൽകുകയാണ് വേണ്ടത്.

*******************************************************************

تم. بحمد الله الجزء الأول منه.

اللهم اجعل هذا العمل في ميزان حسناتنا.اللهم اجعل عملي كله صالحا ، واجعله لوجهك خالصا ، ولا تجعل لأحد فيه شيئا . ربنا تقبل منا إنك أنت السميع العليم و تب علينا إنك أنت التواب الرحيم...آمين.

الله تعالى أعلم. وصلى الله على نبينا محمد و على آله و صحبه أجمعين.